# സർഗാത്മക സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ ചുവടുവെയ്പ്

# എവിജിസി-എക്സ്ആർ നയം 2024



ആരൊരാളെൻ കുതിരയെ കെട്ടുവാൻ
ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ?

ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ-
മിക്കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ!

***വയലാർ***

# ഉള്ളടക്കം


ആമുഖം 5

പശ്ചാത്തലം 6

കേരളം: എവിജിസി-എക്സ്ആർ ഇന്നൊവേഷന്റെ സാംസ്കാരിക കേന്ദ്രം 7

കേരളത്തിന്റെ വിനോദ വ്യവസായം 15

കേരളത്തിന്റെ വ്യവസായ അന്തരീക്ഷം 16

നയത്തിന്റെ ഉദ്ദേശ്യത്തിനായുള്ള നിർവചനങ്ങൾ 18

ആഗോള എവിജിസി-എക്സ്ആർ വ്യവസായം 20

ആഗോള എവിജിസി-എക്സ്ആർ വിപണി 20

ഇന്ത്യയിലെ എവിജിസി-എക്സ്ആർ വ്യവസായം 22

കേരളത്തിലെ എവിജിസി-എക്സ്ആർ മേഖല 26

കേരള എവിജിസി-എക്സ്ആർ സ്ട്രാറ്റജി 29

കേരള എവിജിസി-എക്സ്ആർ നയത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും കാഴ്ചപ്പാടും 29

സംസ്ഥാനത്ത് എവിജിസിQ-എക്സ്ആർ ആവാസവ്യവസ്ഥ വികസിപ്പിക്കൽ 31

അടിസ്ഥാന സൗകര്യം 31

കഴിവും നൈപുണ്യ വികസനവും 36

ഇന്നൊവേഷനും ഗവേഷണ വികസനങ്ങളും 41

ഉള്ളടക്ക സൃഷ്ടിയും ഐപി വികസനവും 45

സ്റ്റാർട്ടപ്പുകളും സംരംഭകത്വവും 50

മറ്റ് ഫെസിലിറ്റേഷൻ സംരംഭങ്ങൾ 51

വൈവിധ്യവും ഉൾപ്പെടുത്തലും 52

സുസ്ഥിരത 53

പങ്കാളിത്ത ചട്ടക്കൂട് 54

നിർവ്വഹണ ചട്ടക്കൂട് 56


# ആമുഖം

ഉയർന്ന സാക്ഷരതാ നിരക്ക്, എല്ലാവർക്കുംതന്നെ സ്കൂൾ വിദ്യാഭ്യാസം, വിജ്ഞാനാധിഷ്ഠിത സമൂഹത്തെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത എന്നിവയിൽ അഭിമാനിച്ചുകൊണ്ട് വിദ്യാഭ്യാസരംഗത്തെ മികവിന്റെ പ്രകാശഗോപുരമായി കേരളം നിലകൊള്ളുകയാണ്. കുറഞ്ഞ ജനന-ശിശുമരണ നിരക്കുകൾ, ആയുർദൈർഘ്യം, മാതൃ ആരോഗ്യ സംരക്ഷണം എന്നിവയിൽ പ്രശംസനീയമായ നേട്ടങ്ങളോടെ ആരോഗ്യപരിപാലനത്തിലും മുന്നിൽനിന്നുകൊണ്ട് സമഗ്രമായ മനുഷ്യവികസനത്തിന്റെ മാതൃകയായി കേരളം മാറിയിട്ടുണ്ട്. പല വികസിത രാജ്യങ്ങളുമായും താരതമ്യം ചെയ്യാവുന്നതാണ് കേരളത്തിന്റെ ഈ പുരോഗതി.

ഇന്ത്യയിലെ ആദ്യത്തെ ടെക്നോളജി പാർക്കായ ടെക്നോപാർക്ക് 1999-ൽ തിരുവനന്തപുരത്ത് സ്ഥാപിതമായ തിനുശേഷം, ഇൻഫർമേഷൻ ടെക്നോളജി (ഐടി) മേഖലയുടെ വളർച്ചയിലും കേരളം തന്ത്രപരമായി മുന്നിലാണ്. തുടർന്ന്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവയിലൂടെ ദേശീയ, ആഗോള ഐടി കമ്പനികളുടെ കേന്ദ്രമായി കേരളം ഉയർത്തപ്പെടുകയും ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കായി ടെക്നോപാർക്ക് വേറിട്ടുനിൽക്കുകയും ചെയ്യുന്നു. ഇന്റർനെറ്റ് ലഭ്യത അടിസ്ഥാന അവകാശമായി പ്രഖ്യാപിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം മാറുകയും 2023-ൽ ഇന്റർനെറ്റ് സേവനശൃംഖലയായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) ആരംഭിക്കുകയും ചെയ്തു. 2019ലെ കണക്കനുസരിച്ച് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഇന്റർനെറ്റ് ലഭ്യതാനിരക്കിൽ രണ്ടാംസ്ഥാനത്തുള്ള കേരളം ഡിജിറ്റൽ കണക്ടിവിറ്റിയിൽ മുന്നിൽതന്നെ തുടരുന്നു.

രാജ്യത്തെ ഏറ്റവും ഊർജ്ജസ്വലമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ ആസ്ഥാനം കൂടിയായ കേരളം, ഒരു സ്റ്റാർട്ടപ്പ് നയം രൂപീകരിച്ച ആദ്യത്തെ സംസ്ഥാനമാണ്. കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) രാജ്യത്തെ ഏറ്റവും മികച്ചതെന്ന ദേശീയ അംഗീകാരം നേടുകയും ലോകത്തെ ഏറ്റവും മികച്ച പബ്ലിക് ബിസിനസ് ഇൻകുബേറ്ററായി അംഗീകരിക്കപ്പെടുകയും ചെയ്തു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, സംരംഭങ്ങൾ എന്നിവയിൽ ഇന്നൊവേഷൻ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും ഇന്നൊവേഷൻ, ഡിസൈൻ തിങ്കിംഗ്, സർഗാത്മക പ്രശ്നപരിഹാരം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും പ്രതിബദ്ധമായ ഒരു സർക്കാർ സംരംഭമാണ് കേരള ഡവലപ്മെന്റ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിൽ (കെ-ഡിസ്ക്). കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം) വഴി വിദ്യാസമ്പന്നരായ യുവാക്കൾക്ക് തൊഴിൽ നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഒരു വിജ്ഞാന സമൂഹത്തെ സൃഷ്ടിക്കാനുള്ള ശ്രമത്തിലാണ് കേരളം. വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനുള്ള കേരളത്തിന്റെ പ്രതിബദ്ധതയെ അരക്കിട്ടുറപ്പിച്ചും വിവിധ മേഖലകളിൽ നൈപുണ്യ വിദ്യാഭ്യാസം നൽകിയും അഞ്ച് വർഷത്തിനുള്ളിൽ 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് മിഷൻ ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തിന്റെ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളും വിവിധ ആഗോള ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള നേരിട്ടുള്ള കണക്റ്റിവിറ്റിയും സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾക്കും കോസ്മോപൊളിറ്റൻ സംസ്കാരത്തിനും മികച്ച സംഭാവന നൽകുന്നതിനൊപ്പം ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ്-എക്സ്റ്റെൻഡഡ് റിയാലിറ്റി (എവിജിസി-എക്സ്ആർ) മേഖലയിലെ ബിസിനസ്സിന് അനുയോജ്യമായ സ്ഥലമാക്കി കേരളത്തെ മാറ്റുകയും ചെയ്യുന്നു.

# പശ്ചാത്തലം

രാജ്യത്ത് അതിവേഗം പരിണാമത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന എവിജിസി-എക്സ്ആർ മേഖല വിനോദം, വിദ്യാഭ്യാസം, വിനോദസഞ്ചാരം തുടങ്ങിയ വിവിധ വ്യവസായങ്ങളിൽ സുപ്രധാന ഘടകമായി ഉയർന്നുവരികയാണ്. എവിജിസി-എക്സ്ആറിൽ അന്തർലീനമായ സാധ്യതകളെ കേരളം നേരത്തെതന്നെ അംഗീകരിച്ചത് സംസ്ഥാനത്തിന്റെ വളർച്ചയെ മുന്നോട്ട് നയിക്കാൻ സഹായകമായിട്ടുണ്ട്. കേരളത്തിലെ എവിജിസി-എക്സ്ആർ മേഖലയുടെ നിലവിലെ അവസ്ഥയുടെ സമഗ്രമായ ഒരു അവലോകനം അവതരിപ്പിക്കാൻ ശ്രമിക്കുകയാണ് ഈ നയത്തിലൂടെ. അതിന്റെ സാധ്യതകൾ, വെല്ലുവിളികൾ, സംസ്ഥാനത്തിനുള്ളിൽ അതിന്റെ വികസനം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള ശുപാർശകൾ എന്നിവ ഇതിൽ വിവരിക്കുന്നു.

ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ് - എക്സ്റ്റെൻഡഡ് റിയാലിറ്റി (എവിജിസി-എക്സ്ആർ) എന്നിവയ്ക്കായുള്ള കരട് നയങ്ങൾക്കൊപ്പം എവിജിസി-എക്സ്ആർ മേഖലയെക്കുറിച്ചുള്ള ദൗത്യസംഘത്തിന്റെ റിപ്പോർട്ടും ഇന്ത്യാ ഗവൺമെന്റ് 2022 ഡിസംബർ 26-ന് അനാവരണം ചെയ്തു. ഈ മേഖലയിൽ ഇന്ത്യയുടെ ആഭ്യന്തരശേഷി വർദ്ധിപ്പിക്കുന്നതിനും അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ശ്രമിക്കുന്ന പ്രവർത്തനമായിരുന്നു അത്. തദ്ദേശീയമായ ഉള്ളടക്കത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് 'ക്രിയേറ്റ് ഇൻ ഇൻഡ്യ' പ്രചരണം തുടങ്ങാനാണ് ദേശീയ, സംസ്ഥാന തലങ്ങളിൽ ബാധകമായ ഈ നിർദ്ദിഷ്ട കരടിൽ നിർദ്ദേശിക്കുന്നത്. ഈ മേഖലയുടെ തന്ത്രപ്രധാനമായ റോഡ്മാപ്പ് ഉണ്ടാക്കുന്നതിനായി ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയം കഴിഞ്ഞ വർഷം ഒരു ദൗത്യസംഘത്തിന് രൂപംനൽകി.

സർഗ്ഗാത്മകതയുടെയും സാങ്കേതികവിദ്യയുടെയും സംയോജനത്തിന്റെ തെളിവായി, എവിജിസി-എക്സ്ആർ മേഖല വേറിട്ടുനിൽക്കുന്നു. ദേശീയ-സംസ്ഥാന തലങ്ങളിൽ എവിജിസി-എക്സ്ആർന്റെ വളർച്ചയ്ക്കായി തയ്യാറാക്കിയ കരട് നയങ്ങൾ, എവിജിസി-എക്സ്ആർ ഹബ്ബ് എന്ന നിലയിലേക്കുള്ള ഇന്ത്യയുടെ സ്ഥാനത്തിന് സംഭാവന ചെയ്യുംവിധം, മീഡിയ ആൻഡ് എന്റർടൈൻമെന്റ് (എം ആൻഡ് ഇ) വ്യവസായത്തിന്റെ വിപുലീകരണത്തിന് ഉത്തേജനം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യയെ ഒരു ആഗോള കണ്ടന്റ് ഹബ്ബ് ആക്കി മാറ്റുന്നതിനും എവിജിസി-എക്സ്ആർ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഒരു നാഷണൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനാണ് ടാസ്ക് ഫോഴ്സ് ഊന്നൽ നൽകുന്നത്. പ്രാദേശിക വ്യവസായ പ്രവേശനം സുഗമമാക്കുന്നതിനും പ്രാദേശിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും തദ്ദേശീയമായ ഉള്ളടക്കം വളർത്തുന്നതിനുമായി സംസ്ഥാന സർക്കാരുകളുമായി സഹകരിച്ച് റീജ്യണൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കും.



*കഥകളി*

എവിജിസി-എക്സ്ആർ മുന്നോട്ടുവയ്ക്കുന്ന തൊഴിൽ സാധ്യതകളെപ്പറ്റി ബോധവൽക്കരിക്കാനും കുട്ടികളിലെ അടിസ്ഥാന നൈപുണ്യത്തെ പരിപോഷിപ്പിക്കാനുമായി, സ്കൂൾ തലത്തിൽ സമർപ്പിതമായ എവിജിസി-എക്സ്ആർ പാഠ്യ ഉള്ളടക്കം ഉൾപ്പെടുത്താനും സർഗ്ഗാത്മക ചിന്തയെ സമന്വയിപ്പിക്കാനും ദേശീയ വിദ്യാഭ്യാസ നയത്തെ പ്രയോജനപ്പെടുത്താനാണ് ടാസ്ക് ഫോഴ്സ് നിർദ്ദേശിക്കുന്നത്. അടൽ ടിങ്കറിംഗ് ലാബുകളുടെ മാതൃകയിൽ അക്കാദമിക് സ്ഥാപനങ്ങൾക്കുള്ളിൽ എവിജിസി-എക്സ്ആർ ആക്സിലറേറ്ററുകളും ഇന്നൊവേഷൻ ഹബുകളും സ്ഥാപിക്കുന്നതും ശുപാർശകളിൽ ഉൾപ്പെടുന്നു. കൂടാതെ, ആഗോള തലത്തിൽ ഇന്ത്യൻ സംസ്കാരവും പൈതൃകവും പ്രോത്സാഹിപ്പിക്കുന്നതിനും ആഭ്യന്തര ഉള്ളടക്കം സൃഷ്ടിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായും ഒരു സമർപ്പിത ഉൽപാദന നിധി സ്ഥാപിക്കണമെന്നും ടാസ്ക് ഫോഴ്സ് നിർദ്ദേശിക്കുന്നു.



# കേരളം: എവിജിസി-എക്സ്ആർ ഇന്നൊവേഷന്റെ സാംസ്കാരിക കേന്ദ്രം



സാംസ്കാരിക സമ്പന്നതയ്ക്കും സമന്വയ സമൂഹത്തിനും പേരുകേട്ട കേരളം, പാരമ്പര്യത്തെ ആധുനികതയോടും പൈതൃകത്തെ സാങ്കേതിക ഇന്നൊവേഷനുകളോടും ഇഴചേർക്കുന്നതുപോലുള്ള പുതിയ അധ്യായങ്ങളുടെ നെറുകയിലാണ്. കേരളത്തിന്റെ സാമൂഹിക പരിണാമം, കലാപരമായ പൈതൃകം, സാഹിത്യ വൈദഗ്ധ്യം, ചലച്ചിത്ര വൈഭവം, അത്യാധുനിക സാങ്കേതിക വിദ്യകളിലെ വൈദഗ്ധ്യമുള്ള തൊഴിലാളികൾ എന്നിവയെല്ലാം ചേർന്ന് ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ്-എക്സ്റ്റൻഡഡ് റിയാലിറ്റി (എവിജിസി-എക്സ്ആർ) മേഖലയുടെ ആവിർഭാവത്തിന് കളമൊരുക്കി. കേരളത്തിന്റെ ഭൂതകാലം സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകത്തെ ഉൾക്കൊള്ളുക മാത്രമല്ല, ചലനാത്മകവും ആഗോളവൽക്കരിക്കപ്പെട്ടതുമായ ഭാവിയിലേക്ക് നയിക്കുന്ന ഒരു ആവാസവ്യവസ്ഥയ്ക്ക് അടിത്തറയിടുകയും ചെയ്തു.

വളർന്നുവരുന്ന എവിജിസി-എക്സ്ആർ മേഖലയെ, കേരളത്തിൽ വികസിച്ചു കൊണ്ടിരിക്കുന്ന വിപുലമായ അവസരങ്ങളുമായി സംയോജിപ്പിക്കുന്നതിന്റെ സാധ്യത ഇപ്പോൾ തിരിച്ചറിഞ്ഞിരിക്കുകയാണ്.

## പ്രകൃതി

കേരളത്തിന്റെ വടക്കുനിന്ന് തെക്കോട്ട് സഞ്ചരിക്കുമ്പോൾ ജൈവവൈവിധ്യവും സമൃദ്ധമായ സസ്യജാലങ്ങളും ഊർജ്ജസ്വലമായ ആകാശവും ചേർന്ന സമാനതകളില്ലാത്ത ലോകം സംസ്ഥാനത്തിന്റെ സത്തയായി ഉയർന്നുവരുന്നതു കാണാം. 580 കിലോമീറ്റർ തീരപ്രദേശവും ഗാംഭീര്യമുള്ള പശ്ചിമഘട്ടവും 44 നദികളും കായലുകളുടെയും തടാകങ്ങളുടെയും സങ്കീർണ്ണമായ ശൃംഖലയുമെല്ലാം ഉൾക്കൊള്ളുന്ന കേരളത്തിന്റെ ഭൂപ്രകൃതി അതുല്യമാണ്.

ഇടുക്കിയിലും ആലപ്പുഴയിലും ഭൂമിശാസ്ത്രപരമായ വ്യത്യസ്ത അനുഭവങ്ങൾ കാഴ്ചവയ്ക്കുകയും ഒറ്റ സംസ്ഥാനത്തിനുള്ളിൽ വൈവിധ്യമാർന്ന പ്രകൃതിദൃശ്യങ്ങൾ പ്രദാനം ചെയ്യുകയുമാണ്. കാലാവസ്ഥാ വ്യതിയാനം ബാധിച്ചിട്ടുണ്ടെങ്കിലും കേരളത്തിലൂടെയുള്ള ഒരു മൺസൂൺ യാത്ര സമാനതകളില്ലാത്ത അനുഭവമായി തുടരുകതന്നെയാണ്. സൈലന്റ് വാലി മഴക്കാടുകൾ സവിശേഷമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുമ്പോൾ മൂന്നാർ പോലുള്ള സ്ഥലങ്ങളിൽ ചിലപ്പോൾ താപനില പൂജ്യത്തിന് താഴെയാകുകയും പാലക്കാടിന്റെ തിരക്കേറിയ ചൂടിൽ നിന്ന് വ്യത്യസ്തമാകുകയും ചെയ്യുന്നു.

തീർച്ചയായും, കേരളം പ്രകൃതിയുടെ ഒരു ദിവ്യതയായി നിലകൊള്ളുന്നു. ഓരോ മുക്കും മൂലയും സമാനതകളില്ലാത്ത സൗന്ദര്യത്തിന്റെ വ്യത്യസ്ത അദ്ധ്യായങ്ങൾ തുറക്കുന്നു. വേമ്പനാട്ട് കായലിലെ കാക്കത്തുരുത്തിനെ ഭൂമിയിലെ സ്വർഗമായി നാഷണൽ ജിയോഗ്രാഫിക് ട്രാവലർ അംഗീകരിച്ചത്, ഒരു ദിവസം കൊണ്ട് ലോകത്തെ വലയം ചെയ്യുന്ന ഒരു ലക്ഷ്യസ്ഥാനമായി കേരളത്തെ ആഗോളതലത്തിൽ അംഗീകരിക്കുകയാണ്.



## നിറക്കൂട്ടുകൾ

കേരളത്തിന്റെ ദേശീയ പുഷ്പമായ കണിക്കൊന്നയെ സംസ്ഥാനത്തിന്റെ സ്വർണ്ണത്തോടുള്ള ആവേശത്തിന്റെ പ്രതിഫലനമായി കാണാം. വിഷുവത്തിനപ്പുറം വർഷം മുഴുവനും കേരളത്തെ അലങ്കരിക്കുന്ന എന്നും വിരിയുന്ന പുഷ്പമാണ് ചെമ്പരത്തി. സമൃദ്ധമായ പച്ചപ്പും ചടുലമായ ചുവന്ന പൂക്കളും കൊണ്ട് ഈ പുഷ്പത്തിന്റെ വർണാഭ കേരളത്തിന്റെ സത്തയെ പ്രതീകപ്പെടുത്തുന്നു.

കഥകളി, തെയ്യം തുടങ്ങി പരമ്പരാഗത കലാരൂപങ്ങളിൽ നിറങ്ങളുടെ പ്രാധാന്യം, പ്രത്യേകിച്ച് പച്ച, ചുവപ്പ് എന്നിവയുടേത് സവിശേഷമാണ്. കഥകളിയിലെ പച്ചവേഷം, ചോന്നാടി തുടങ്ങിയ പ്രയോഗങ്ങളിൽ ഈ വർണ്ണങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. കാവിന്റെ പച്ചപ്പിൽ ആഴത്തിൽ വേരൂന്നിയ തെയ്യം, കുരുത്തോല ഉടയാടയിലൂടെയും കടും ചുവപ്പ് പട്ട് പോലുള്ള മറ്റ് ഘടകങ്ങളിലൂടെയും അവതരിപ്പിക്കപ്പെടുന്നു. ചുവപ്പിന്റെയും പച്ചയുടെയും സമൃദ്ധി ചുവർ ചിത്രങ്ങളിലേക്കും കളമെഴുത്തും പാട്ടും പോലുള്ള ദൃശ്യ കലാരൂപങ്ങളിലേക്കും വ്യാപിക്കുന്നു. പ്രകൃതിദത്ത വസ്തുക്കളുപയോഗിച്ചുള്ള ഉജ്ജ്വലമായ ഒരു നിറക്കൂട്ടാണ് അവിടെ സൃഷ്ടിക്കുന്നത്.

ഇരുണ്ട നിറങ്ങളിൽനിന്ന് അകന്നുനിൽക്കുന്ന, കേരളത്തിന്റെ വ്യതിരിക്തമായ വസ്ത്രധാരണരീതി രാജസ്ഥാൻ പോലുള്ള പ്രദേശങ്ങളിൽനിന്നു വ്യത്യസ്തമാണെന്നത് ശ്രദ്ധേയമാണ്. കേരളത്തിന്റെ ജീവിതരീതിയുടെ പരിഷ്കൃതമായ സങ്കീർണതകളാണ് ഈ പ്രത്യേകതയ്ക്ക് കാരണമെന്ന് സാമൂഹിക ശാസ്ത്രജ്ഞർ പറയുന്നു. ഊർജ്ജസ്വലമായ, ഇളം നിറങ്ങൾക്കുള്ള മുൻഗണന സംസ്ഥാനത്തിന്റെ സാംസ്കാരിക ഘടനയിൽ നെയ്തെടുത്ത സങ്കീർണ്ണതയെയാണ് പ്രതിഫലിപ്പിക്കുന്നത്.

## ചിത്രകല



രാജാ രവി വർമ്മ

ചുവർചിത്രകലയിൽ ചരിത്രപരമായ ഊന്നൽ നൽകിക്കൊണ്ടുള്ള അഗാധമായ പാരമ്പര്യമാണ് കേരളത്തിന്റെ ചിത്രകലയിലുള്ളത്. കലാചരിത്രകാരനായ കേസരി എ. ബാലകൃഷ്ണപിള്ളയുടെ അനുമാനങ്ങൾ, അന്തയിലെ ഫ്രെസ്കോ ചിത്രകാരന്മാരും കേരളീയരും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നുണ്ട്. മട്ടാഞ്ചേരി, പത്മനാഭപുരം, തോട്ടേക്കളം എന്നിവിടങ്ങളിലെ ശ്രദ്ധേയമായ ചുമർചിത്രങ്ങൾ കേരളത്തിന്റെ കലാപാരമ്പര്യത്തിന്റെ തിളക്കത്തെ കാണിക്കുന്നു. ഈ പ്രദേശത്തെ ക്രിസ്ത്യൻ പള്ളികളും ജൂത സിനഗോഗുകളും, പലപ്പോഴും, പാശ്ചാത്യ സ്വാധീനം പ്രതിഫലിപ്പിക്കുന്ന ആകർഷകമായ ഫ്രെസ്കോകൾ അവതരിപ്പിക്കുന്നുണ്ട്.

ഇന്ത്യൻ ചിത്രകലയിലെ നവോത്ഥാനത്തിന്റെയും ആധുനികതയുടെയും മുൻനിരയിൽ നിൽക്കുന്ന രാജാ രവിവർമ്മയെ കലാനിരൂപകർ ചിത്രകലയുടെ പയനിയറായി കണക്കാക്കുന്നു. ഈസൽ പെയിന്റിംഗിൽ ബ്രിട്ടീഷ് അക്കാദമിക് യഥാതഥ ശൈലി സ്വീകരിക്കുമ്പോഴും, രാജാ രവിവർമ്മ, ഇന്ത്യൻ പുരാണങ്ങളിൽ നിന്ന്, പ്രത്യേകിച്ച് മഹാഭാരതത്തിൽ നിന്നുള്ള രംഗങ്ങളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടു. ഇന്ത്യൻ രാജാക്കന്മാരുടെ ഛായാചിത്രങ്ങളിലേക്ക് വ്യാപിച്ചുകിടക്കുന്ന അദ്ദേഹത്തിന്റെ കരവിരുത്, ഇന്ത്യൻ പ്രമേയങ്ങളുമായുള്ള പാശ്ചാത്യ സാങ്കേതിക വിദ്യകളുടെ സംയോജനത്തിന് ഗണ്യമായ സംഭാവന നൽകുന്നുണ്ട്.

രാജാ രവിവർമ്മയ്ക്കുശേഷം ഒരു ഇടവേളയുണ്ടായെങ്കിലും കെ.സി.എസ്. പണിക്കരെപ്പോലുള്ള കലാകാരന്മാരുടെ നേതൃത്വത്തിൽ ഒരു നവോത്ഥാനത്തിന് അറുപതുകൾ സാക്ഷ്യം വഹിച്ചു. ടി.കെ. പത്മിനി, സജിത ശങ്കർ, പി. ഗോപിനാഥ്, കെ. ദാമോദരൻ, സി. ഡഗ്ലസ് തുടങ്ങിയവർ ഉൾപ്പെടെ, പ്രധാനമായും മദ്രാസ് കേന്ദ്രീകരിച്ച് ചിത്രകാരന്മാരുടെ ഒരു തരംഗം ഉയർന്നുവന്നു. എം.വി. ദേവൻ, ടി. കലാധരൻ, സി.എൻ. കരുണാകരൻ, എ.എസ്. നായർ, യൂസഫ് അറക്കൽ (കൽക്കട്ട), എ. രാമചന്ദ്രൻ (ഡൽഹി) തുടങ്ങിയ ശ്രദ്ധേയരായ കലാകാരന്മാരെയും കേരളം സൃഷ്ടിച്ചു.

ഇന്ത്യൻ റാഡിക്കൽ പെയിന്റേഴ്സ് ആൻഡ് സ്കൾപ്ചേഴ്സ് അസോസിയേഷനിലൂടെ ഇന്ത്യൻ കലയിൽ രാഷ്ട്രീയ നവോത്ഥാനത്തിന് തിരികൊളുത്തിയ കെ.പി. കൃഷ്ണകുമാർ, കെ.എം. മധുസൂദനൻ, കരുണാകരൻ, സി. രഘുനാഥ്, കെ.പി. വത്സരാജ്, ഇ.എച്ച്. പുഷ്കിൻ തുടങ്ങിയ ചിത്രകാരന്മാരുടെയും ശിൽപ്പികളുടെയും വളർച്ച തുടർന്നുള്ള വർഷങ്ങളിൽ കണ്ടു. ഈ ചടുലമായ കലായാത്ര കേരളത്തിന്റെ സ്ഥായിയായ പാരമ്പര്യത്തെയും ഇന്ത്യൻ കലയുടെ വിശാലമായ ആഖ്യാനത്തിനുള്ള സംഭാവനയെയും അടിവരയിടുന്നു.

ചിത്രകാരൻ, കാർട്ടൂണിസ്റ്റ്, കലാസംവിധായകൻ, ശിൽപി എന്നീ നിലകളിൽ പ്രശസ്തനായ ആർട്ടിസ്റ്റ് നമ്പൂതിരി അഥവാ നമ്പൂതിരി എന്നറിയപ്പെടുന്ന കരുവാട്ടുമന വാസുദേവൻ നമ്പൂതിരി, മായാത്ത ചിത്രങ്ങളുടെ ഒരു പാരമ്പര്യമാണ് അവശേഷിപ്പിച്ചത്. കാനായി കുഞ്ഞിരാമനും എം.വി. ദേവനും ഉൾപ്പെടുന്ന ശിൽപികൾ നൽകിയ സംഭാവനകളും എടുത്തുപറയേണ്ടതാണ്.

## ക്ലാസിക്കൽ കലകൾ



കൂടിയാട്ടം

കഥകളി, കൂടിയാട്ടം എന്നീ രണ്ട് ക്ലാസിക്കൽ കലാരൂപങ്ങളിലൂടെ കേരളം ആഗോള പ്രശംസ പിടിച്ചുപറ്റുന്നുണ്ട്. ഇതിഹാസങ്ങളുടെ വിശാലമായ പ്രപഞ്ചം സമാനതകളില്ലാത്ത മുഖഭാവങ്ങളിലൂടെയും വായ്പ്പാട്ടിന്റെ അകമ്പടിയോടെയും അവതരിപ്പിക്കുന്ന കലാരൂപമാണ് കഥകളി. മേക്കപ്പ്, സംഗീതം, മേളം, അഭിനയം എന്നിവ ഉൾക്കൊള്ളുന്ന അതിന്റെ സമഗ്രമായ ആവിഷ്കാരം സമ്പൂർണ്ണമായ കലാനുഭവം സൃഷ്ടിക്കുന്നു. എല്ലാ പ്ലാറ്റ്ഫോമുകളിലും ഏറ്റവും പ്രഗത്ഭ അഭിനേതാക്കളായി അംഗീകരിക്കപ്പെട്ടിട്ടുള്ള കഥകളിക്കാരുടെ ലണ്ടനിലെ ഒരു പ്രകടനം പീറ്റർ ബ്രൂക്കിനെപ്പോലുള്ള പ്രശസ്ത നാടക സംവിധായകരെപ്പോലും മഹാഭാരതം നാടകമാക്കാൻ പ്രചോദിപ്പിച്ചിട്ടുണ്ട്.

രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള ലോകോത്തര നൃത്ത കലാരൂപമായ കൂടിയാട്ടം തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ടുവരുന്നതാണ്. സമ്പന്നമായ പാരമ്പര്യവും സങ്കീർണ്ണമായ നൃത്തപദാവലിയുമാണ് അതിന്റെ ആകർഷണം. നൂറ്റാണ്ടുകളായി ഒട്ടേറെ വെല്ലുവിളികളും ജനപ്രീതിയിൽ ഇടിവും നേരിട്ടിട്ടും, ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കൂടിയാട്ടം പുനരുജ്ജീവിച്ചതിന് സമർപ്പിതരായ കലാകാരന്മാർക്കും പണ്ഡിതന്മാർക്കുമാണ് നന്ദി പറയേണ്ടത്. മാനവികതയുടെ വാമൊഴിയും അദൃശ്യവുമായ പൈതൃകത്തിന് യുനെസ്കോയുടെ മാസ്റ്റർപീസ് ആയി കൂടിയാട്ടം അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

കേരള കലാമണ്ഡലം സ്ഥാപിക്കുന്നതിനുപിന്നിൽ പ്രവർത്തിച്ച മഹാകവി വള്ളത്തോൾ നാരായണ മേനോനോടാണ് കഥകളിയുടെ പുനരുജ്ജീവനത്തിന് കടപ്പെട്ടിരിക്കുന്നത്. കഥകളി കൂടാതെ ഭരതനാട്യം, മോഹിനിയാട്ടം തുടങ്ങിയ ശാസ്ത്രീയ നൃത്തരൂപങ്ങളിലും ഈ സ്ഥാപനം പരിശീലനം നൽകുന്നു. കലാമണ്ഡലം നിരവധി പ്രഗത്ഭരായ നർത്തകരെ പരിപോഷിപ്പിക്കുകയും കഥകളിയിലും ശാസ്ത്രീയനൃത്ത മേഖലകളിലും മികവിന്റെ പര്യായമായി മാറുകയും ചെയ്തു. കലാപരമായ ആവിഷ്കാരത്തിന്റെ മഹത്തായ പരകോടിയായി അതിനെ പ്രദർശിപ്പിച്ചുകൊണ്ട് ഈ കലാരൂപങ്ങളുടെ പൈതൃകം നിലനിൽക്കുകയും ആഗോള അംഗീകാരം നേടുകയും ചെയ്യുന്നു.

## നാടോടി പാരമ്പര്യം



അനുഷ്ഠാനപരവും നാടോടിപരവും ഗ്രാമീണവുമായ അസംഖ്യം കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്ന നാടോടിക്കഥകളുടെ കളിത്തൊട്ടിലാണ് കേരളം. ഇതിന്റെ വൈവിധ്യം ചരിത്രാതീതകാലം മുതൽ ജനങ്ങളുടെ ജീവിതത്തിൽ ആഴത്തിൽ വേരൂന്നിയതും, സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിലും പ്രദേശങ്ങളിലും പ്രതിധ്വനിക്കുന്ന പുരാതന പാരമ്പര്യങ്ങളുടെ മുദ്രകൾ വ്യക്തമായി പ്രതിഫലിപ്പിക്കുന്നതുമാണ്.

ഈ കലാരൂപങ്ങൾ ആഗോളവൽക്കരണത്തിന്റെ ആഘാതത്തെ ചെറുത്തുവെന്നതും, വികസിച്ചുകൊണ്ടിരിക്കുന്ന ജീവിതശൈലിയുടെയും ഗ്രാമങ്ങളുടെ ക്രമാനുഗതമായ നഗരവൽക്കരണത്തിന്റെയും പശ്ചാത്തലത്തിൽപോലും അവയുടെ സംരക്ഷണം ഉറപ്പാക്കിയെന്നതും ശ്രദ്ധേയമാണ്. തെയ്യവും തിറയും പടയണിയും പോലുള്ള ആചാരാനുഷ്ഠാനങ്ങളും വടക്കൻപാട്ടും പുള്ളുവൻപാട്ടും പോലുള്ള കാവ്യാത്മകമായ പാട്ടുകളും ആഭിചാരവും കൂടോത്രവും മന്ത്രവാദവും പോലുള്ള പരമ്പരാഗത ആചാരങ്ങളും കേരളത്തിന്റെ നാടോടികലകളുടെ വിപുലവും വൈവിധ്യപൂർണ്ണവുമായ സ്വഭാവത്തെ കാണിക്കുന്നു.

ഈ കലാരൂപങ്ങൾ അതത് പ്രദേശങ്ങളിലെ സാംസ്കാരിക ഘടനയുമായി ജൈവപരമായി ഇഴചേർന്ന്, പ്രധാന മതങ്ങളുടെ വിശ്വാസങ്ങളേയും തദ്ദേശീയ സമൂഹങ്ങൾക്കു മാത്രമുള്ള ഗോത്രകലകളേയും വ്യതിരിക്തമായ തീരദേശ ആചാരങ്ങളേയും ഉൾക്കൊള്ളുന്നുണ്ട്. കേരളത്തിന്റെ ഭൂപ്രകൃതിപോലെ വ്യത്യസ്തമായതിനാൽ, ഇവ കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക ചടുലതയെ പരിപോഷിപ്പിക്കുന്നു.

എന്നിരുന്നാലും, ഈ കലാരൂപങ്ങളിൽ പലതും ഇന്ന് അന്യംനിന്ന് പൊയ്ക്കൊണ്ടിരിക്കുകയാണ്. അതിനെ പ്രതിരോധിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ശക്തമായ അവബോധം നിലവിലുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഈ കലാരൂപങ്ങളെ അവയുടെ സ്വാഭാവിക അന്തരീക്ഷത്തിൽ ആധികാരികമായി പകർത്തുക എന്നതാണ് വെല്ലുവിളി. വരുംതലമുറകൾക്ക് അറിവ് കൈമാറുന്നത് ഉറപ്പാക്കുകയെന്നത് ഉത്തരവാദിത്തവും കടമയുമാണ്.

## സാഹിത്യം



ചെമ്മീൻ

കേരളം സാഹിത്യത്തിന്റെ കോട്ടയായി നിലകൊള്ളുകയും എഴുത്തുകാരുടെ സങ്കേതമായി ആഘോഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നു. ഒരു ദശാബ്ദം മുമ്പ് (2013) മാത്രമാണ് ക്ലാസിക്കൽ ഭാഷയായി ഔപചാരികമായി അംഗീകരിക്കപ്പെട്ടതെങ്കിലും, മലയാള സാഹിത്യം ഇന്ത്യൻ സാഹിത്യ വൃത്തങ്ങളിൽ വളരെക്കാലമായി അമരത്തുണ്ടായിരുന്നു. ഇംഗ്ലീഷിന് സമാനമായി, വൈവിധ്യമാർന്ന ഭാഷകളിൽനിന്നും സംസ്കാരങ്ങളിൽ നിന്നുമുള്ള വാക്കുകളും ആശയങ്ങളും സ്വാംശീകരിക്കാനുള്ള ശ്രദ്ധേയമായ കഴിവിൽ നിന്നാണ് മലയാളത്തിന്റെ ആധുനികത ഉടലെടുക്കുന്നത്.

ഇംഗ്ലീഷിലേക്ക് മാത്രമല്ല, സ്പാനിഷ്, ഫ്രഞ്ച് ഉടങ്ങിയ ആഗോള ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ട തകഴി ശിവശങ്കരപ്പിള്ളയുടെ 'ചെമ്മീൻ' എന്ന നോവൽ ഉദാഹരണമാക്കിയാൽ മലയാളത്തിന്റെ മഹത്വം അതിരുകൾക്കപ്പുറത്തേക്ക് വ്യാപിക്കുകയായിരുന്നു. മോഹിപ്പിക്കുന്ന യാത്രാവിവരണങ്ങളിലൂടെ എസ്.കെ. പൊറ്റെക്കാട്ട് എല്ലാ ഭൂഖണ്ഡങ്ങളെയും കൊച്ചുകേരളത്തിലേക്ക് കൊണ്ടുവന്നപ്പോൾ ബഷീർ തന്റെ ലളിതമായ രചനാശൈലിയിലൂടെ സാഹിത്യത്തിൽ ബേപ്പൂരിന്റെ സുൽത്താൻ എന്ന വിശേഷണം നേടി. ഒ.വി. വിജയൻ ആഗോള സാഹിത്യ മണ്ഡലത്തിൽ മലയാള ആധുനികതയെ സമകാലികമാക്കി.



നോവലുകളും കഥകളും മാത്രമല്ല, സിനിമാ തിരക്കഥകളുമുൾപ്പെടെ തന്റെ മാതൃകാപരമായ സൃഷ്ടികളിലൂടെ, എം.ടി. വാസുദേവൻ നായർ സാഹിത്യതാരമായി ഉയർന്നു. ജി. ശങ്കരക്കുറുപ്പ്, തകഴി, എസ്കെ, എംടി, ഒഎൻവി തുടങ്ങിയ പ്രഗത്ഭർ മലയാള സാഹിത്യത്തിൽനിന്ന് ജ്ഞാനപീഠ ജേതാക്കളായിട്ടുണ്ട്. താഴെത്തട്ടിൽപോലും ശാശ്വതമായ ആധിപത്യത്തെ സാക്ഷ്യപ്പെടുത്തുന്ന അന്തർദേശീയ സാഹിത്യോത്സവങ്ങളിലൂടെ മലയാള സാഹിത്യത്തിന്റെ സ്വാധീനം ഇന്ത്യൻ സാഹിത്യ മണ്ഡലങ്ങളിൽ പ്രതിധ്വനിച്ചുകൊണ്ടേയിരിക്കുന്നു.

## സിനിമ



വിഗതകുമാരൻ

1913-ൽ ഇന്ത്യൻ സിനിമാചരിത്രം ആരംഭിച്ച് പതിനഞ്ച് വർഷത്തിനുശേഷം, ആദ്യകാല ഇന്ത്യൻ സിനിമ സ്വീകരിച്ചുവന്ന പുരാണ പ്രമേയങ്ങളിൽനിന്ന് വേറിട്ട് സാമൂഹിക പ്രസക്തിയുള്ള ഒരു ആഖ്യാനം സ്വീകരിച്ച, ജെ.സി ഡാനിയേലിന്റെ വിഗതകുമാരൻ (1928) എന്ന ചിത്രത്തിലൂടെയാണ് കേരളത്തിന്റെ സിനിമായാത്ര ആരംഭിച്ചത്. നൂറാം വാർഷികത്തിന് നാലുവർഷംമാത്രം അവശേഷിക്കെ മലയാള സിനിമ പ്രമേയപരമായും സാങ്കേതികമായും വളരെയേറെ വികസിച്ചിരിക്കുന്നു.

ഒരു കാലത്ത് ഇന്ത്യൻ സിനിമയിൽ ബംഗാളി സിനിമ കലാപരമായ നേതൃത്വം വഹിച്ചിരുന്നപ്പോൾ, തകഴി ശിവശങ്കരപ്പിള്ളയുടെ വിഖ്യാത നോവലിന്റെ അവലംബമായ, രാഷ്ട്രപതിയുടെ സ്വർണ്ണ മെഡൽ നേടിയ, രാമു കാര്യാട്ടിന്റെ ചെമ്മീൻ (1966) മലയാള സിനിമയ്ക്ക് വ്യതിരിക്തമായ ഇടം നേടിക്കൊടുത്തു.

ആത്മീയത, സാമൂഹിക പ്രശ്നങ്ങൾ, മനുഷ്യാവസ്ഥ എന്നിവയെക്കുറിച്ചുള്ള ആഴത്തിലുള്ള പര്യവേക്ഷണത്തിന് പേരുകേട്ട ഒരു ക്ലാസിക് ആണ് എം.ടി. വാസുദേവൻ നായർ സംവിധാനം ചെയ്ത നിർമാല്യം. സമൂഹത്തിന്റെ പരുഷമായ യാഥാർത്ഥ്യങ്ങളോട് പൊരുതുന്ന, പി.ജെ. ആന്റണി എന്ന ഇതിഹാസ നടൻ അവതരിപ്പിക്കുന്ന രാഘവനെന്ന നിരാലംബനായ വെളിച്ചപ്പാടിന്റെ ജീവിതമാണ് സിനിമ പിന്തുടരുന്നത്. ഹൃദയസ്പർശിയായ കഥപറച്ചിലിലൂടെയും ശക്തമായ ഛായാഗ്രഹണത്തിലൂടെയും നിർമാല്യം വിശ്വാസത്തിന്റെയും ദാരിദ്ര്യത്തിന്റെയും പരമ്പരാഗത മൂല്യങ്ങളുടെ അപചയത്തിന്റെയും സങ്കീർണതകളിലേക്ക് കടന്നുചെല്ലുന്നു. അഭിസംബോധന ചെയ്യുന്ന കാലാതീതമായ പ്രമേയങ്ങളെക്കുറിച്ചുള്ള പരിശോധനയെ ഉണർത്താനും സംഭാഷണങ്ങൾക്ക് തിരികൊളുത്താനുമുള്ള കഴിവിലാണ് സിനിമയുടെ ശാശ്വതമായ ഫലമിരിക്കുന്നത്.

സമ്പന്നമായ സിനിമാ പൈതൃകത്തിനപ്പുറം, കേരളത്തിന്റെ അതിമനോഹരമായ പ്രകൃതിദൃശ്യങ്ങൾ, കടലുകൾ, മലകൾ, പശ്ചിമഘട്ടം എന്നിവ പ്രാദേശിക ചലച്ചിത്ര പ്രവർത്തകരെ ആകർഷിക്കുക മാത്രമല്ല, മണിരത്നത്തെ പോലുള്ള ദേശീയ അന്തർദേശീയ പ്രശസ്തരായ സംവിധായകരുടെ ശ്രദ്ധയെ ആകർഷിക്കുകയും ചെയ്തു. ശ്രദ്ധേയമായ ആഖ്യാനങ്ങളുടെയും കേരളത്തിന്റെ പ്രകൃതിഭംഗിയുടെയും സംയോജനം മലയാള സിനിമയെ ആഗോള സിനിമാ ശക്തിയായി രൂപപ്പെടുത്തുന്നത് തുടരുകയാണ്.

## സംവിധായകരും അഭിനേതാക്കളും സാങ്കേതിക വിദഗ്ധരും



അടൂർ ഗോപാലകൃഷ്ണൻ

അടൂർ ഗോപാലകൃഷ്ണൻ, അരവിന്ദൻ, ജോൺ എബ്രഹാം, കെ.ജി. ജോർജ്ജ് തുടങ്ങിയ പ്രതിഭകളെ ലോകസിനിമാമണ്ഡലത്തിലേക്ക് മലയാളം സൃഷ്ടിച്ചു. അവർ ഓരോരുത്തർക്കും ചലച്ചിത്ര ചരിത്രത്തിൽ സുപ്രധാന സ്ഥാനമുണ്ട്. പി.എൻ. മേനോൻ, എം.ടി. വാസുദേവൻ നായർ, ഭരതൻ, പത്മരാജൻ, ടി.വി. ചന്ദ്രൻ, പവിത്രൻ, രവീന്ദ്രൻ, കെ.പി. കുമാരൻ, ഷാജി എൻ. കരുൺ തുടങ്ങി നിരവധി പ്രതിഭകളുടെ കലാവൈഭവം കൊണ്ടാണ് മലയാള സിനിമയുടെ കഥ നെയ്തെടുക്കപ്പെട്ടിരിക്കുന്നത്. തോപ്പിൽ ഭാസി, കെ.എസ്. സേതുമാധവൻ, ഐ.വി.



പദ്മരാജൻ

ശശി, സിബി മലയിൽ, സത്യൻ അന്തിക്കാട്, പ്രിയദർശൻ, രഞ്ജിത്ത്, ജോഷി, ജയരാജ്, ലാൽ ജോസ്, ലിജോ ജോസ് പെല്ലിശ്ശേരി തുടങ്ങിയ പ്രമുഖർ ജനപ്രിയ സിനിമയുടെ മണ്ഡലത്തിൽ മായാത്ത മുദ്ര പതിപ്പിച്ചിട്ടുണ്ട്.

കൂടാതെ, മലയാള സിനിമയുടെ സമ്പന്നമായ ചരിത്രത്തിൽ സത്യൻ, പ്രേംന സീർ, മധു, ജയൻ, മോഹൻലാൽ, മമ്മൂട്ടി എന്നിവരുൾപ്പെടെയുള്ള ഏറ്റവും പ്രശസ്ത രായ അഭിനേതാക്കളുണ്ട്. അവരുടെ അസാധാരണമായ പ്രകടനങ്ങൾ പ്രേക്ഷക ഹൃദയത്തിൽ പതിഞ്ഞുവെന്നു മാത്രമല്ല മലയാള സിനിമയുടെ സമാനതകളില്ലാത്ത പാരമ്പര്യത്തിന് സംഭാവന നൽകുകയും ചെയ്തു.

പ്രശസ്ത സൗണ്ട് ഡിസൈനറും ഓസ്കാർ ജേതാവുമായ റസൂൽ പൂക്കുട്ടി തന്റെ സമാനതകളില്ലാത്ത കഴിവിലൂടെ ആഗോള സിനിമയുടെ ശ്രവണ അനുഭവത്തെ ഉയരങ്ങളിലെത്തിച്ചു. ഛായാഗ്രഹണത്തിൽ സന്തോഷ് ശിവന്റെ അസാധാരണമായ വൈദഗ്ധ്യം പ്രശംസ നേടിയ നിരവധി സിനിമകളുടെ ദൃശ്യഭംഗിക്ക് സംഭാവന നൽകുകയും അദ്ദേഹത്തെ ഇന്ത്യൻ സിനിമയിലെ ഒരു അമരക്കാരനാക്കുകയും ചെയ്തു.

ജനപ്രിയ മലയാള സിനിമയുടെ മണ്ഡലത്തിൽ, ഹിന്ദി പ്രതിരൂപത്തിന് സമാനമായി, പശ്ചാത്തല ഗാനങ്ങളിലൂടെ ഒരു വ്യതിരിക്തമായ സ്വത്വം ഉയർന്നുവന്നു. ഗാനരചയിതാക്കളായ പി.ഭാസ്കരന്റെയും വയലാർ രാമവർമയുടെയും കൂടെ ദേവരാജന്റെയും എം.എസ്. ബാബുരാജിന്റെയും സംഗീതവും കെ.ജെ. യേശുദാസ്, എസ്. ജാനകി, പി. സുശീല, കെ.എസ്. ചിത്ര, പി. ജയചന്ദ്രൻ എന്നിവരുടെ മാസ്മരിക ശബ്ദവും ചേർന്ന് നൂറുകണക്കിന് ഗാനങ്ങൾക്ക് ജന്മം നൽകുകയും ലോകമെമ്പാടുമുള്ള പ്രേക്ഷകരുടെ ചുണ്ടുകളെ മധുരതരമാക്കുകയും ശാശ്വതമായ ഒരു സംഗീത പാരമ്പര്യം സൃഷ്ടിക്കുകയും ചെയ്തു.

## കോമിക് സാഹിത്യവും കാർട്ടൂണുകളും

തോലൻ, കുഞ്ചൻ നമ്പ്യാർ തുടങ്ങിയ പ്രഗത്ഭരിൽ തുടങ്ങി നൂറ്റാണ്ടുകളായി വേരൂന്നിയ കേരളത്തിന്റെ ഹാസ്യ സാഹിത്യപാരമ്പര്യം, വികെഎന്നിൽ ആധുനിക ശബ്ദം കണ്ടെത്തി അതിന്റെ ചടുലമായ യാത്ര തുടരുകയാണ്. ഒരു നൂറ്റാണ്ട് നീണ്ട ചരിത്രത്തിൽ അഭിമാനിക്കുന്ന ഈ പൈതൃകം പി.എസ്. ഗോപാലപിള്ളയുടെ മഹാക്ഷാമദേവതയിൽ (1919) ആരംഭിച്ച മലയാളം കാർട്ടൂണുകളുടെ മണ്ഡലത്തിലേക്കും വ്യാപിക്കുന്നു.

മലയാളം കാർട്ടൂണുകളുടെ കുലപതിയായി നിലകൊള്ളുന്ന ശങ്കരപ്പിള്ള എന്ന ശങ്കർ, ഡൽഹിയിൽ തന്റെ ഇംഗ്ലീഷ് വാരികയായ ശങ്കേഴ്സ് വീക്കിലിയിലൂടെയാണ് പ്രസ്ഥാനത്തിന് തുടക്കമിട്ടത്. പ്രാദേശിക അതിരുകൾക്കപ്പുറത്തേക്ക് അലയടിച്ച ഈ പ്രസിദ്ധീകരണം ഇന്ത്യൻ കാർട്ടൂണുകളുടെ ജന്മസ്ഥലമായി മാറി. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പോലും "എന്നെ ഒഴിവാക്കരുത്, ശങ്കർ!" എന്നു പറയുന്നിടത്തേക്കുവരെ അതെത്തി. അബു, ഒ.വി.വിജയൻ, കുട്ടി, യേശുദാസൻ, പോക്കറ്റ് കാർട്ടൂണിന്റെ സ്രഷ്ടാവ് സാമുവൽ, കേരളവർമ്മ, ഇ.പി. ഉണ്ണി തുടങ്ങി നിരവധി കാർട്ടൂണിസ്റ്റുകൾ മായാത്ത മുദ്ര പതിപ്പിച്ചവരായുണ്ട്.

മലയാളിയുടെ അതുല്യമായ നർമ്മം, പ്രത്യേകിച്ച് അവനവനെ നോക്കി ചിരിക്കാനുള്ള കഴിവ്, വികെഎന്നിനെ ഒഴിച്ചുനിറുത്തിയാൽ, സാഹിത്യത്തെപ്പോലും വെല്ലുന്ന ഒരു തീവ്രഭാവത്തിലേക്ക് കാർട്ടൂണുകളെ എത്തിച്ചു. സോഷ്യൽ, ഡിജിറ്റൽ മീഡിയകളിലെ സജീവമായ ട്രോളുകൾ പരിഗണിക്കാതെതന്നെ വിഷ്വൽ കോമഡിയുടെ പാരമ്പര്യം മുന്നോട്ട് കൊണ്ടുപോകുന്നത് ഗോപീകൃഷ്ണനെയും ടി.കെ. സുജിത്തിനെയും പോലുള്ള ആധുനിക പ്രതിഭകളാണ്.



വടക്കേ കൂട്ടാല നാരായണൻകുട്ടി (VKN)

## ടെലിവിഷൻ



1959ൽ തന്നെ ടെലിവിഷൻ ഇന്ത്യയിൽ അരങ്ങേറ്റം കുറിച്ചെങ്കിലും 1982ലെ ഏഷ്യൻ ഗെയിംസോടെയാണ് അത് രാജ്യവ്യാപകമായി ജനപ്രീതി നേടിയത്. 1990കളിലെ ഉദാരവൽക്കരണ നയങ്ങളോടെ സ്വകാര്യ ടെലിവിഷൻ ചാനലുകളുടെ പ്രവാഹമുണ്ടാകുകയും അത്, മാധ്യമരംഗത്തെ മാറ്റിമറിക്കുകയും ചെയ്തു.

1993ൽ ഏഷ്യാനെറ്റ് ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ ടെലിവിഷൻ ചാനലായി ചരിത്രത്തിൽ ഇടംനേടി. അത് കേരളത്തിൽ ജ്വലിപ്പിച്ച വിനോദ-വാർത്താ വിപ്ലവം അദ്ഭുതപൂർവമായിരുന്നു. തുടർന്ന് സൂര്യ, ഇന്ത്യാവിഷൻ, കൈരളി തുടങ്ങി ഏറ്റവും പുതിയ റിപ്പോർട്ടർ വരെ പതിനഞ്ചോളം വാർത്താചാനലുകളും അതിന്റെ ഇരട്ടിയോളം വിനോദ ചാനലുകളും വാർത്തകൾക്കും വിനോദത്തിനും ഇടയിലുള്ള അതിർവരമ്പുകളെ ഇല്ലാതാക്കി.

സാക്ഷരരും രാഷ്ട്രീയ പ്രബുദ്ധരുമായ മലയാളി പ്രേക്ഷകർ വൈവിധ്യമാർന്ന കാഴ്ചപ്പാടുകളുള്ള വാർത്താ ചാനലുകൾക്ക് വഴിയൊരുക്കി. ഇന്ന്, സംസ്ഥാനത്തെ പ്രധാന രാഷ്ട്രീയ പാർട്ടികൾക്ക് അവരുടേതായ ചാനലുകളുണ്ട്. അത് മൂന്നരക്കോടിയിലധികം മലയാളികളുടെ വിവരലഭ്യതാ ആവശ്യങ്ങൾ നിറവേറ്റുന്നു. പ്രത്യക്ഷത്തിൽ 'പൂരിത' വിപണിയിൽപോലും, പുതിയ ചാനലുകൾ തുടർച്ചയായി ഉയർന്നുവരികയും ആരോഗ്യകരവും മത്സരപരവുമായ ചലനാത്മകത വളർത്തിയെടുക്കുകയും ചെയ്യുന്നു.

600ലധികം ദേശീയ അന്തർദേശീയ ചാനലുകളെ മലയാളി കുടുംബങ്ങളിലേക്ക് എത്തിച്ചുകൊണ്ട് ടെലിവിഷൻ ഭൂമിക വളരുകയും പരിധിയില്ലാത്ത സാധ്യതകൾ അവതരിപ്പിക്കുകയുമാണ്. കൂടാതെ, ഒടിടി പ്ലാറ്റ്ഫോമുകളുടെ ഉയർച്ച കാഴ്ചയുടെ ശേഖരത്തെ കൂടുതൽ വിപുലീകരിച്ചു.

മലയാളികളുടെ ഒരു വിഭാഗം സ്മാർട്ട്ഫോൺ അധിഷ്ഠിത ടെലിവിഷൻ കാഴ്ച സ്വീകരിക്കുന്നതിനാൽ ടെലിവിഷൻ ചാനലുകൾ ആ പരിവർത്തനവുമായി പൊരുത്തപ്പെട്ടു എന്നത് ശ്രദ്ധേയമാണ്. മലയാളത്തിലെ ഡിജിറ്റൽ വാർത്താ ചാനലുകളുടെ ആവിർഭാവം മാധ്യമരംഗത്തെ ഗണ്യമായി മാറ്റിമറിച്ചുവെന്നുമാത്രമല്ല, ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പ്രേക്ഷകർക്ക് തത്സമയം വൈവിധ്യമാർന്ന വാർത്താ കവറേജ് നൽകുകയും, മേഖലയിലെ ഡിജിറ്റൽ ജേണലിസത്തിലേക്കുള്ള ചലനാത്മകമായ മാറ്റത്തെ പ്രതിഫലിപ്പിക്കുകയും ചെയ്തു.

## ലോകവീക്ഷണം

മലയാളികൾ കോസ്മോപൊളിറ്റൻ ആണ്. കൊളോണിയൽ അധിനിവേശത്തിലൂടെയാണെങ്കിലും കോസ്മോപൊളിറ്റൻ സംസ്കാരത്തിലേക്ക് പ്രവേശിച്ച ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമാണ് കേരളം. ചരിത്രപരമായി, കോഴിക്കോട് ജില്ലയിലെ കാപ്പാട്, പന്തലായനി എന്നിവിടങ്ങളിലൂടെ വിദേശ വ്യാപാരികളുടെ ഇന്ത്യയിലേക്കും ഏഷ്യയിലേക്കുമുള്ള കവാടമായിരുന്നു കേരളം. പോർച്ചുഗീസ്, ഡച്ച്, ബ്രിട്ടീഷ് രാജ്യക്കാരുടെ ആധുനിക വീക്ഷണവും ശാസ്ത്രബോധവും മലയാളികൾ സ്വാംശീകരിച്ചു; അത് അവരുടെ ജീവിതം, സംസ്കാരം, കാഴ്ചപ്പാട്, സാമൂഹിക ഇടപെടൽ എന്നിവയെ മാറ്റിമറിച്ചു.



ആഗോള രാഷ്ട്രീയ സംഭവവികാസങ്ങൾക്കൊപ്പമാണ് എല്ലാക്കാലത്തും കേരളത്തിന്റെ സഞ്ചാരം. ഫിദൽ കാസ്ട്രോയും ചെഗുവേരയും യുവാക്കളെ പ്രചോദിപ്പിച്ചു. സദ്ദാം ഹുസൈനുപോലും കേരളത്തിൽ നായകപരിവേഷം ലഭിച്ചിരുന്നു. രാഷ്ട്രീയരംഗത്ത് മാത്രമല്ല, കലാസാഹിത്യരംഗത്തും ഈ പ്രവണത കാണാം. ബ്രിട്ടീഷ് സ്വാധീനത്തിന് അതീതമായി, റഷ്യൻ സാഹിത്യത്തിന്റെ (ലിയോ ടോൾസ്റ്റോയ്, ഫയദോർ ദസ്തയേവ്സ്കി, മാക്സിം ഗോർക്കി) വായനക്കാരായിരുന്ന മലയാളി 70കളുടെ തുടക്കത്തിൽ ലാറ്റിനമേരിക്കൻ സാഹിത്യത്തിന്റെകൂടി (ഗബ്രിയേൽ ഗാർസിയ മാർക്വേസ്, ജുവാൻ റുൽഫോ, യോസ ബൂസൺ) വായനക്കാരായി മാറി. പാബ്ലോ നെരൂദ മലയാളികൾക്ക് സുപരിചിതനാണ്. അദ്ദേഹത്തിന്റെ അമ്പതാം ചരമവാർഷികം മലയാളത്തിലെ ഒരു ജനപ്രിയ എഴുത്തുകാരന്റെ അനുസ്മരണം പോലെയാണ് ആചരിച്ചത്. ഗ്രാമ-നഗര വേർതിരിവ് ഇല്ലാതായതാണ് ആധുനിക ബോധത്തിന്റെ മറ്റൊരു സവിശേഷത.

## പുരോഗമന സമൂഹം

20-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ, ദേശീയ പ്രസ്ഥാനത്തിന്റെ ഉദയത്തോടെ, സാമൂഹിക അനീതികൾക്കെതിരായ പോരാട്ടങ്ങൾ വലിയ സ്വാധീനം നേടി. ഇപ്പോൾ ശതാബ്ദി ആഘോഷിക്കുന്ന വൈക്കം സത്യഗ്രഹം ഉദാഹരണം. നാലാം ദശകത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനം ഉയർന്നുവന്നതോടെ ആഗോള രാഷ്ട്രീയത്തിന്റെ സ്വാധീനത്തിലായി കേരളം. അഞ്ചാം ദശകത്തിൽ കമ്മ്യൂണിസ്റ്റ് സർക്കാർ നിലവിൽ വന്നു. ലോകത്ത് ബാലറ്റിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തിയ രണ്ടാമത്തെ സംഭവമാണിത്.

പുരോഗമന കാഴ്ചപ്പാടിന് പേരുകേട്ട കേരളം, സാമൂഹിക പരിഷ്കരണങ്ങളെയും ആധുനിക പ്രത്യയശാസ്ത്രങ്ങളെയും സ്ഥിരമായി സ്വീകരിച്ച ഒരു സമൂഹത്തെയാണ് ഉൾക്കൊള്ളുന്നത്. പ്രബുദ്ധതയുടെയും ബൗദ്ധിക അന്വേഷണങ്ങളുടെയും ചരിത്രത്തിൽ വേരൂന്നിയ കേരളീയർ വിദ്യാഭ്യാസം, ലിംഗസമത്വം, സാമൂഹ്യനീതി തുടങ്ങിയ കാര്യങ്ങളിൽ മുന്നിട്ടിറങ്ങിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഉയർന്ന സാക്ഷരതാ നിരക്കും വിദ്യാഭ്യാസത്തോടുള്ള പ്രതിബദ്ധതയും സാമൂഹിക വികസനത്തിന് ഉത്തേജകമായി അറിവിനെ വിലമതിക്കുന്ന ഒരു ജനതയെയാണ് കാണിച്ചുതരുന്നത്.



വൈക്കം സത്യഗ്രഹം

അതിനുമപ്പുറം, കേരളീയരുടെ പുരോഗമന ചിന്താഗതി വിവിധ സാമൂഹിക വിഷയങ്ങളിലേക്കും വ്യാപിക്കുന്നു. സ്ത്രീ ശാക്തീകരണവും വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്ന സംരംഭങ്ങളിലൂടെ ലിംഗസമത്വത്തിന്റെ കാര്യത്തിൽ സംസ്ഥാനം മുൻപന്തിയിലെത്തി. കേരളത്തിന്റെ സവിശേഷമായ സാമൂഹികഘടന, തുറന്ന സംവാദത്തെ പ്രോത്സാഹിപ്പിക്കുകയും വൈവിധ്യമാർന്ന കാഴ്ചപ്പാടുകൾ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു അന്തരീക്ഷം വളർത്തിയെടുക്കുന്നുമാണ്. ഈ പുരോഗമന ധാർമ്മികത സംസ്ഥാനത്തിന്റെ സ്വത്വത്തെ രൂപപ്പെടുത്തുക മാത്രമല്ല, ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ സാമൂഹികവും സാംസ്കാരികവുമായ പുരോഗതിയുടെ ദീപശിഖാ വാഹകരായി കേരളീയരെ പ്രതിഷ്ഠിക്കുകയും ചെയ്തു.

മുൻകാലങ്ങളിൽ, മലയാളികൾ ഉയർന്ന ശമ്പളമുള്ള ജോലികൾക്കായി വിദേശത്തേക്ക് പോകുകയും പിന്നീട് സ്ഥിരതാമസത്തിനായി തിരികെവരികയും ചെയ്തു. വളരെ ചെറിയൊരു ശതമാനം മാത്രമാണ് ഇതര രാജ്യങ്ങളിലേക്ക് പൂർണ്ണമായി കുടിയേറിയത്. പുതിയ കാലഘട്ടത്തിൽ അമേരിക്ക, യൂറോപ്പ്, ഓസ്ട്രേലിയ എന്നിവിടങ്ങളിലേക്ക് കുടിയേറാനാണ് മലയാളികൾ, പ്രത്യേകിച്ച് യുവാക്കൾ ആഗ്രഹിക്കുന്നത്.



# കേരളത്തിന്റെ വിനോദ വ്യവസായം

മോളിവുഡ് എന്നറിയപ്പെടുന്ന കേരള ചലച്ചിത്ര വ്യവസായത്തിന് ഒരു വിശിഷ്ട ചരിത്രമുണ്ട്. ദേശീയ അന്തർദേശീയ തലങ്ങളിൽ നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും മലയാള സിനിമകൾക്ക് ലഭിച്ചിട്ടുണ്ട്. കാൻ, ടൊറന്റോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ എന്നിവയുൾപ്പെടെ അഭിമാനകരമായ ചലച്ചിത്രമേളകളിൽ നിരവധി മലയാള സിനിമകൾ ഇടംപിടിച്ചിട്ടുണ്ട്. മോളിവുഡിന് പരീക്ഷണാത്മകവും സാമൂഹികപ്രസക്തവുമായ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ന്യൂവേവ് അല്ലെങ്കിൽ സമാന്തര സിനിമയുടെ ഒരു പാരമ്പര്യമുണ്ട്. ചലച്ചിത്രനിർമ്മാണത്തിന്റെ താഴെത്തട്ടിൽവരെ അത്തരം പരീക്ഷണങ്ങൾ സ്വീകരിക്കുന്നതിനും അതു കാരണമായി.



അന്താരാഷ്ട്ര ചലച്ചിത്ര പ്രവർത്തകർക്ക് ഏറ്റവും ഇഷ്ടപ്പെട്ട ലൊക്കേഷൻ കൂടിയാണ് കേരളം. ലൈഫ് ഓഫ് പൈ, ദി ബോൺ സുപ്രിമസി തുടങ്ങിയ സിനിമകൾ കേരളത്തിലെ പ്രകൃതിരമണീയമായ ലൊക്കേഷനുകൾ ഉപയോഗിച്ച് കാഴ്ചയെ ആകർഷിക്കുന്ന രംഗങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

## വിപണി

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ (സിഐഐ) റിപ്പോർട്ട് അനുസരിച്ച്, ദക്ഷിണേന്ത്യൻ സിനിമാ വ്യവസായത്തിന്റെ വരുമാനം 2022ൽ ഏകദേശം ഇരട്ടിയിലേക്ക് - 7,836 കോടി രൂപയായി വർധിച്ചു. ഇത് ഇന്ത്യയിലെ ആകെ സിനിമാ വ്യവസായ വരുമാനത്തിന്റെ 52 ശതമാനം വരും. 2022-ലെ ദക്ഷിണേന്ത്യയിലെ ചലച്ചിത്ര വിഹിതത്തിൽ മലയാളം ചലച്ചിത്ര വ്യവസായം 816 കോടി രൂപയാണ് നേടിയത്. കേരളത്തിൽ ഓരോ വർഷവും ഏകദേശം 100-120 സിനിമകൾ തിയേറ്ററുകളിൽ റിലീസ് ചെയ്യുന്നുണ്ട്. സിംഗിൾ സ്ക്രീനുകളും മൾട്ടിപ്ലക്സുകളും ഉൾപ്പെടെ 545 തിയറ്ററുകളാണ് കേരളത്തിലുള്ളത്.

## ഒടിടി പ്ലാറ്റ്ഫോമുകൾ

ഡിജിറ്റൽ മീഡിയ ആധിപത്യത്തിന്റെ കാലഘട്ടത്തിൽ, കേരളത്തിലെ മാധ്യമ-വിനോദ വ്യവസായം യാതൊരു തടസ്സവുമില്ലാതെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് മാറിയിരിക്കുന്നു. നെറ്റ്ഫ്ലിക്സ്, ആമസോൺ പ്രൈം വീഡിയോ, ഡിസ്നി+ ഹോട്ട്സ്റ്റാർ, സോണി ലൈവ് തുടങ്ങിയ സ്ട്രീമിംഗ് സേവനങ്ങളുടെ വരവ് മലയാള സിനിമകൾക്കും വെബ് സീരീസുകൾക്കും പ്രദർശനങ്ങൾക്കും ആഗോള വേദിയൊരുക്കി. ഈ ഡിജിറ്റൽ കുതിച്ചുചാട്ടം കേരളത്തിലെ സിനിമാ സാധ്യതകളുടെ വ്യാപ്തി വർദ്ധിപ്പിക്കുക മാത്രമല്ല, സംസ്ഥാനത്തിന്റെ സർഗ്ഗാത്മക ഉള്ളടക്കത്തെ വ്യത്യസ്തവും വ്യാപകവുമായി പ്രേക്ഷകരുമായി ബന്ധിപ്പിക്കുകയും ചെയ്തു. ലോകമെമ്പാടുമുള്ള കാഴ്ചക്കാർക്ക് മലയാളം ഉള്ളടക്കം ലഭ്യമാക്കാനാകുമെന്നുവന്നത് ഡിജിറ്റൽ മണ്ഡലത്തിൽ കഥപറച്ചിലിനും ക്രിയാത്മകമായ ആവിഷ്കാരത്തിനും പുതിയ വഴികൾ തുറന്നു.



### പങ്കാളികൾ

- സാംസ്കാരികകാര്യ വകുപ്പ്
- കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്എഫ്ഡിസി)
- കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി
- കേരള ഫിലിം ചേംബർ ഓഫ് കൊമേഴ്സ് (കെഎഫ്സിസി)
- ഫിലിം എംപ്ലോയീസ് ഫെഡറേഷൻ ഓഫ് കേരള (ഫെഫ്ക)
- അസോസിയേഷൻ ഓഫ് മലയാളം മൂവി ആർട്ടിസ്റ്റ് (അമ്മ)
- കേരള ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ (കെഎഫ്പിഎ)

### ശ്രദ്ധേയമായ സ്ഥാപനങ്ങൾ

- എൽ.വി. പ്രസാദ് കോളേജ് ഓഫ് മീഡിയ സ്റ്റഡീസ്
- കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ്
- ചിത്രാഞ്ജലി സ്റ്റുഡിയോ
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ( ഐ ഐ എം സി)
- കേരള കലാമണ്ഡലം
- തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി

### പ്രധാന പരിപാടികൾ



**ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (IFFK):** ആഗോള സിനിമകളെ ആഘോഷിക്കുന്ന, സാംസ്കാരിക വിനിമയം പ്രോത്സാഹിപ്പിക്കുന്ന, ചിന്തോദ്ദീപകമായ ആഖ്യാനങ്ങൾക്ക് വേദിയൊരുക്കുന്ന പ്രധാനപ്പെട്ട ചലച്ചിത്രോൽസവം.

**ഇന്റർനാഷണൽ ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (IDSFFK):** വളർന്നുവരുന്ന ചലച്ചിത്ര പ്രവർത്തകർക്ക് അവരുടെ സർഗ്ഗാത്മകതയും കഥപറച്ചിൽ വൈദഗ്ധ്യവും പ്രദർശിപ്പിക്കുന്നതിന് വേദി ഒരുക്കുന്ന വാർഷിക പരിപാടിയായ ഇത് ഹ്രസ്വചിത്ര നിർമാണം എന്ന കലയെ ആഘോഷിക്കുന്നു.

# കേരളത്തിന്റെ വ്യവസായ അന്തരീക്ഷം

### വ്യവസായ ശ്രദ്ധ

പരിമിതമായ ഭൂലഭ്യതയും കൂടിയ ജനസാന്ദ്രതയും കണക്കിലെടുത്ത്, സുസ്ഥിര വികസനവും സാമ്പത്തിക വളർച്ചയും പ്രോത്സാഹിപ്പിക്കാൻ മലിനീകരണരഹിതവും സേവനാധിഷ്ഠിതവുമായ വ്യവസായങ്ങൾക്കാണ് കേരളം തന്ത്രപരമായി ഊന്നൽ നൽകുന്നത്. വിനോദസഞ്ചാരവും വിവരസാങ്കേതിക വിദ്യയും കേരളത്തിന്റെ സാമ്പത്തിക മേഖലയെ നയിക്കുന്ന രണ്ട് പ്രധാന വ്യവസായങ്ങളാണ്. ഇവയെ പിന്തുണയ്ക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിജ്ഞാന- സാങ്കേതികവിദ്യാധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കേരളം ഊന്നൽ നൽകുന്നു.

### ഐടി ലാൻഡ്സ്കേപ്പിന്റെ തുടക്കമിടൽ

ഇന്ത്യയിലെ ആദ്യത്തെ ടെക്നോളജി പാർക്ക് എന്ന സുപ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തിക്കൊണ്ട്, 1999ൽ തിരുവനന്തപുരത്ത് ടെക്നോപാർക്ക് സ്ഥാപിതമായതോടെയാണ് വിവരസാങ്കേതിക വിദ്യയിൽ കേരളത്തിന്റെ തന്ത്രപ്രധാനമായ ശ്രദ്ധ ആരംഭിച്ചത്.  ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കായ ടെക്നോപാർക്ക്, സാങ്കേതിക പുരോഗതിയോടുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധതയ്ക്ക് ഉദാഹരണമാണ്. കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവിടങ്ങളിൽ തുടർന്നുള്ള കൂട്ടിച്ചേർക്കലുകൾ ദേശീയ, ആഗോള ഐടി കമ്പനികളുടെ കേന്ദ്രമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ഉറപ്പിച്ചു, മൂന്ന് പാർക്കുകളിലുമായി 2,00,000 പ്രൊഫഷണലുകൾ തൊഴിലെടുക്കുന്നു. പാർക്കുകൾക്ക് പുറത്ത് 14 ജില്ലകളിലായി വിവിധ കമ്പനികളിൽ 1,00,000 പ്രൊഫഷണലുകൾ ജോലിചെയ്യുന്നുണ്ട്.




കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം) മുൻകയ്യെടുക്കുന്ന വർക്ക് നിയർ ഹോം (ഡബ്ല്യൂഎൻഎച്ച്), സംസ്ഥാനത്തുടനീളമുള്ള വിവിധ കമ്പനികളിൽ നിന്നുള്ള ജീവനക്കാരെ ഉൾക്കൊള്ളാൻ രൂപകൽപ്പന ചെയ്യുന്നതും ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ പങ്കിടാവുന്ന തൊഴിലിടങ്ങളുടെ വികസനം ഉൾപ്പെടുന്ന നൂതനസമീപനമാണ്. സഹകരണപരവും വഴക്കമുള്ളതുമായ തൊഴിൽ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിലൂടെ ഈ മേഖലയിലേക്ക് ആഗോള നിക്ഷേപം ആകർഷിക്കുകയാണ് ഇത് ലക്ഷ്യമിടുന്നത്.

### കണക്റ്റിവിറ്റി വിപ്ലവം



2023ൽ നിലവിൽവന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) ഏറ്റവും ചെറിയ ഡിജിറ്റൽ വിഭജനംപോലും ഇല്ലാതാക്കാൻ ലക്ഷ്യമിടുന്ന, സർക്കാരിന്റെ ധീരമായ ഒരു സംരംഭമാണ്. നിലവിലുള്ള ടെലികോം ആവാസവ്യവസ്ഥയ്ക്ക് പൂരകമായ അടിസ്ഥാന സൗകര്യമായി പ്രവർത്തിക്കുന്ന കെ-ഫോൺ, എല്ലാ സേവന ദാതാക്കൾക്കും പ്രാപ്യമായ ഒരു വിവര സൂപ്പർ-ഹൈവേ വാഗ്ദാനം ചെയ്യുന്നതും വിവേചനരഹിതമായ തത്ത്വങ്ങളെ പിന്തുടരുന്നതുമാണ്. അനായാസമായി കണക്റ്റിവിറ്റി പ്രശ്നങ്ങൾ പരിഹരിക്കാൻ ഓപ്പറേറ്റർമാരെ പ്രാപ്തരാക്കുന്ന ഈ ശൃംഖല, ഇ-ഗവേണൻസിന് ഊർജം പകരാനും വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ യാത്ര ത്വരിതപ്പെടുത്താനും ഉദ്ദേശിച്ചുള്ളതാണ്.

### വിജ്ഞാന സമൂഹ സംരംഭം

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിൽ (കെ-ഡിസ്ക്) പോലുള്ള സംരംഭങ്ങളിലൂടെ ഒരു വിജ്ഞാന സമൂഹം സൃഷ്ടിക്കുന്നതിൽ കേരളത്തിന്റെ ഊന്നൽ വ്യക്തമാണ്. ഇന്നൊവേഷൻ, ഡിസൈൻ തിങ്കിംഗ്, സർഗാത്മക പ്രശ്നപരിഹാരം എന്നിവയിൽ കെ-ഡിസ്കിന്റെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ ഊർജ്ജസ്വലമായ വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയെ പരിപോഷിപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാനം മുൻനിരയിൽ എത്തുന്നു. വിവിധ മേഖലകളിൽ നൈപുണ്യ വിദ്യാഭ്യാസം നൽകി അഞ്ച് വർഷത്തിനുള്ളിൽ 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ  ലക്ഷ്യമിട്ട് കേരളം കെ-ഡിസ്കിന് കീഴിൽ കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം) ആരംഭിച്ചു. നൈപുണ്യമുള്ളതും നൂതനവുമായ തൊഴിൽ ശക്തിയെ പരിപോഷിപ്പിക്കുന്നതിനുള്ള കേരളത്തിന്റെ പ്രതിബദ്ധത ഉറപ്പിക്കുന്നതാണ് ദീർഘവീക്ഷണത്തോടെയുള്ള ഈ സമീപനം.

## സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ



സംസ്ഥാനത്ത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം). വിവിധ പദ്ധതികളിലൂടെയും പിന്തുണാ പരിപാടികളിലൂടെയും സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ പിന്തുണയ്ക്കുന്ന കേരള ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസിയുടെ നടപ്പാക്കൽ സ്ഥാപനം കൂടിയാണിത്. നൂതന ഉൽപന്നങ്ങളും പരിഹാരമാർഗങ്ങളും വികസിപ്പിക്കുന്ന, സാങ്കേതികവിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന വളർന്നുവരുന്ന സംരംഭകർക്കുള്ള ഒരു സ്പ്രിംഗ്ബോർഡായി കെഎസ്‌യുഎം പ്രവർത്തിക്കുന്നു.

നിർദ്ദിഷ്ട മേഖലകളിലെ പങ്കാളിത്ത സ്ഥാപനങ്ങൾക്കൊപ്പം, കേരളത്തിലുടനീളമുള്ള 4900ൽ പരം രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾ, 10 ലക്ഷത്തിൽപരം ചതുരശ്ര അടി ഇൻകുബേഷൻ സ്‌പേസ്, 63ൽ പരം ഇൻകുബേറ്ററുകൾ, 450ൽപരം ഇന്നൊവേഷൻ സെന്ററുകൾ എന്നിവയിലൂടെ അഭിമാനിക്കത്തക്ക നേട്ടത്തിലാണ് ഇന്ന് സ്റ്റാർട്ടപ് മിഷൻ. കെഎസ്‌യുഎമ്മിന്റെ ഇടപെടലുകൾ കേരളത്തിലെ യുവാക്കൾക്കിടയിൽ മാത്രമല്ല സർക്കാർ അതിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൽവരെ ഒരു സാംസ്കാരിക മാറ്റം കൊണ്ടുവന്നു.

# നയത്തിന്റെ ഉദ്ദേശ്യത്തിനായുള്ള നിർവചനങ്ങൾ

## ആനിമേഷൻ

ചലനത്തിന്റെ മിഥ്യാധാരണ സൃഷ്ടിക്കാൻ ഫ്രെയിമുകൾ തുടർച്ചയായി പ്രദർശിപ്പിക്കുന്ന സാങ്കേതികവിദ്യയാണ് ആനിമേഷൻ. വിനോദം, വിദ്യാഭ്യാസം, ഡിസൈൻ, ഗെയിം ഡെവലപ്‌മെന്റ്, അനുകരണങ്ങൾ മുതലായവയിൽ ഇത് ഉപയോഗിക്കുന്നു. ദ്വിമാന അല്ലെങ്കിൽ ത്രിമാന വസ്തുക്കളുടെ ഡ്രോയിംഗുകൾ, കമ്പ്യൂട്ടർ ഗ്രാഫിക്സ് അല്ലെങ്കിൽ ഫോട്ടോഗ്രാഫുകൾ എന്നിവ ഉപയോഗിച്ച് തുടർകാഴ്ചയിൽ ചലനത്തിന്റെ ഇല്യൂഷൻ സൃഷ്ടിക്കുന്ന രീതിയാണ് ആനിമേഷൻ. ആനിമേഷനിൽ ദ്വിമാന ആനിമേഷൻ, ത്രിമാന ആനിമേഷൻ, ക്ലേ ആനിമേഷൻ, പേപ്പർ ആനിമേഷൻ, സ്റ്റോപ്പ് മോഷൻ, ഷാഡോ ആനിമേഷൻ മുതലായവ ഉൾപ്പെടുന്നു. അവ അനലോഗ് അല്ലെങ്കിൽ ഡിജിറ്റൽ മീഡിയയിൽ റെക്കോർഡ് ചെയ്യാനാകുന്നവയാണ്. മൊബൈലുകൾ, സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ, വിഷ്വൽ ഇഫക്റ്റുകൾ, വിഷ്വൽ കമ്മ്യൂണിക്കേഷൻ, പരസ്യങ്ങൾ എന്നിവയിൽ ആനിമേഷൻ കൂടുതലായി ഉപയോഗിക്കുന്നു.

## വിഷ്വൽ ഇഫക്ടുകൾ

വിഷ്വൽ ഇഫക്റ്റുകൾ (വിഎഫ്എക്സ്) പോസ്റ്റ്പ്രൊഡക്ഷൻ എന്നിവ ഏതെങ്കിലും സിനിമയ്ക്കോ അല്ലെങ്കിൽ തത്സമയ-ചലന ചിത്രീകരണത്തിൽ എടുക്കാനാകാത്ത മറ്റ് ചലിക്കുന്ന മാധ്യമങ്ങൾക്കോവേണ്ടി സൃഷ്ടിച്ചതോ കൈകാര്യം ചെയ്തതോ മെച്ചപ്പെടുത്തിയതോ ആയ ഇമേജറിയെ സൂചിപ്പിക്കുന്നു. ഇത് സിജിഐ (കമ്പ്യൂട്ടർ ജനറേറ്റഡ് ഇമേജറി) എന്നും അറിയപ്പെടുന്നു. വ്യവസായത്തിലെ ഏറ്റവും നൂതനമായ ത്രിമാന, കോമ്പസിറ്റിംഗ് സോഫ്റ്റ്‌വെയർ, പ്ലഗിനുകൾ എന്നിവ ഉപയോഗിച്ച് കമ്പ്യൂട്ടർ സൃഷ്ടിച്ച ഇമേജറികൾ വിഷ്വൽ ഇഫക്റ്റുകളിൽ ഉൾപ്പെടുന്നു.

## ഗെയിമിംഗ്

ദ്വിമാന, ത്രിമാന, വീഡിയോ, ഹാൻഡ്ഹെൽഡ് ഉപകരണങ്ങൾ, മൊബൈൽ, വെർച്വൽ, കൺസോൾ ഉപകരണങ്ങൾ മുതലായവയിൽ വിഷ്വൽ ഫീഡ്ബാക്കും ആഴത്തിലുള്ള അനുഭവങ്ങളും സൃഷ്ടിക്കാൻ സാധിക്കുംവിധം ഉപയോക്തൃ ഇന്റർഫേസുമായുള്ള മനുഷ്യ ഇടപെടൽ സാധ്യമാക്കുന്ന ഇലക്ട്രോണിക് കളികളാണ് ഗെയിം. ഓൺലൈൻ ഗെയിമിംഗ് വ്യവസായത്തെ ഫ്രീ ടു പ്ലേ ഗെയിമുകൾ, റിയൽ മണി ഗെയിമുകൾ (ഫാന്റസി സ്പോർട്സ്, കാർഡ് ഗെയിമുകൾ, മറ്റ് ആർഎംജി ഗെയിമുകൾ), ഇസ്പോർട്സ് എന്നിങ്ങനെ തരംതിരിക്കാം.



## കോമിക്

ഒരു കഥയോ, കഥകളുടെ പരമ്പരയോ പറയാനായി കാലക്രമത്തിൽ ക്രമീകരിച്ചിരിക്കുന്ന സീനുകളെ പ്രതിനിധീകരിക്കുന്നസീക്വൻഷ്യൽപാനലുകളുടെരൂപത്തിൽകോമിക്കലകൾഉൾക്കൊള്ളുന്നഒരുപ്രസിദ്ധീകരണമാണിത്. മാഗസിനുകളിലും പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്ന കോമിക് സ്ട്രിപ്പുകൾ, ദൈർഘ്യമേറിയ രൂപത്തിലുള്ള ഗ്രാഫിക് നോവലുകൾ, ഒറ്റപ്പെട്ട കഥകൾ എന്നിവയിലേക്കുകൂടി അത് വ്യാപിച്ചിരിക്കുന്നു.

## ഓഗ്മെന്റഡ് റിയാലിറ്റി

ഉപയോക്താവിന്റെ തത്സമയ പരിസ്ഥിതിയുമായി ഡിജിറ്റൽ വിവരങ്ങളെ സംയോജിപ്പിക്കുന്നതാണ് ഇത്. തികച്ചും കൃത്രിമമായ അന്തരീക്ഷം സൃഷ്ടിക്കുന്ന വെർച്വൽ റിയാലിറ്റിയിൽനിന്ന് വ്യത്യസ്തമായി, ഓഗ്മെന്റഡ് റിയാലിറ്റി നിലവിലുള്ള പരിതസ്ഥിതിയെ ഉപയോഗിക്കുകയും അതിന് മുകളിൽ പുതിയ വിവരങ്ങൾ വിന്യസിക്കുകയും ചെയ്യുന്നു.

## എക്സ്റ്റൻഡഡ് റിയാലിറ്റി

കമ്പ്യൂട്ടർ സാങ്കേതികവിദ്യയും ധരിക്കുന്ന ഉപകരണങ്ങളും സൃഷ്ടിച്ച മനുഷ്യ-യന്ത്ര ഇടപെടലുകളെയും എല്ലാ യഥാർത്ഥ-വെർച്വൽ സംയോജിത പരിതസ്ഥിതികളെയും സൂചിപ്പിക്കുന്ന ഒരു പദമാണ് എക്സ്റ്റൻഡഡ് റിയാലിറ്റി. ഇതിൽ ഓഗ്മെന്റഡ് റിയാലിറ്റി, മിക്സഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി എന്നിവ പോലുള്ള പ്രാതിനിധ്യ രൂപങ്ങളും അവയ്ക്കിടയിൽ എഴുതപ്പെട്ടിട്ടുള്ള മേഖലകളും ഉൾപ്പെടുന്നു.

## വെർച്വൽ റിയാലിറ്റി

സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സൃഷ്ടിക്കുകയും ഉപയോക്താവിനുമുന്നിൽ അവതരിപ്പിക്കപ്പെടുകയും ചെയ്യുന്ന ഒരു കൃത്രിമ അന്തരീക്ഷമാണ് ഇത്. ഉപയോക്താവ് അതിനെ ഒരു യഥാർത്ഥ പരിതഃസ്ഥിതിയായി അംഗീകരിക്കുന്നു. ഒരു കമ്പ്യൂട്ടറിൽ, വെർച്വൽ റിയാലിറ്റി പ്രാഥമികമായി അനുഭവപ്പെടുന്നത് അഞ്ച് ഇന്ദ്രിയങ്ങളിൽ രണ്ടെണ്ണത്തിലൂടെയാണ്: കാഴ്ചയും ശബ്ദവും.

## മിക്സഡ് റിയാലിറ്റി

സമ്മിശ്ര യാഥാർഥ്യത്തെ പ്രതിനിധീകരിക്കുന്നു. ഭൗതിക, ഡിജിറ്റൽ വസ്തുക്കൾ തത്സമയം സംവദിക്കുകയും സഹവർത്തിക്കുകയും ചെയ്യുന്ന പുതിയ പരിതസ്ഥിതികളും ദൃശ്യവൽക്കരണങ്ങളും നിർമ്മിക്കുന്നതിനായി യഥാർത്ഥവും വെർച്വലുമായ ലോകങ്ങളെ സംയോജിപ്പിക്കുന്ന ഇതിനെ ഹൈബ്രിഡ് റിയാലിറ്റി എന്നും വിളിക്കുന്നു.

## എവിജിസി-എക്സ്ആർ സെക്ടർ

എവിജിസി-എക്സ്ആർ മേഖലയെ പ്രതിനിധീകരിക്കുന്നത് കമ്പനികൾ, സംയുക്ത സംരംഭങ്ങൾ, ഫോക്കസ് ഗ്രൂപ്പുകൾ, കൺസൾട്ടന്റുമാർ, ബിസിനസ് ഓഫ് കൺസെപ്ഷനിൽ ഏർപ്പെട്ടിട്ടുള്ള ക്രിയേറ്റീവ് പ്രൊഫഷണലുകൾ, പ്രൊഡക്ഷൻ, പോസ്റ്റ്-പ്രൊഡക്ഷൻ, മീഡിയ, ബൗദ്ധിക സ്വത്തവകാശ മാനേജ്മെന്റ്, ആനിമേഷൻ പ്രസിദ്ധീകരണവും വിപണനവും, വിഷ്വൽ ഇഫക്ടുകൾ, സ്പെഷ്യൽ ഇഫക്ടുകൾ, എഡിറ്റിംഗ്, മൊബൈൽ ഉൾപ്പെടെയുള്ള ഡിജിറ്റൽ ഗെയിം വികസനം, കൺസോൾ, ഡെസ്ക്ടോപ്പ് ഗെയിമുകൾ (ചൂതാട്ടം ഒഴികെ), കോമിക്സ് ഉള്ളടക്കം എന്നിവയാണ്. പ്രീ-പ്രൊഡക്ഷൻ, പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ പൈപ്പ് ലൈനുകൾ, വിദ്യാഭ്യാസം, നൂതന ഗവേഷണം, എവിജിസി-എക്സ്ആർ വിഷയങ്ങളുടെ വികസനം, അനുബന്ധ സാങ്കേതികവിദ്യ, അതിന്റെ ബിസിനസ് മാനേജ്മെന്റ് എന്നിവയിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിന്റെ വികസനം പോലുള്ള ഉൽപ്പന്നങ്ങളും അനുബന്ധ സേവനങ്ങളും അവർ സജീവമായി പ്രോത്സാഹിപ്പിക്കുന്നു.



## എവിജിസി-എക്സ്ആർ കമ്പനി

മുകളിൽ നിർവചിച്ചിരിക്കുന്നതുപോലെ എവിജിസി-എക്സ്ആർ മേഖലയിലെ ഏത് കമ്പനിയും.

# ആഗോള എവിജിസി-എക്സ്ആർ വ്യവസായം

ആനിമേഷൻ, വിഎഫ്എക്സ്, വീഡിയോ ഗെയിമിംഗ് എന്നിവയുടെ ആവശ്യത്തിലുണ്ടായ കുതിച്ചുചാട്ടത്തിന് ടിവി കാണുന്നവരുടെ എണ്ണത്തിലുണ്ടായ വർധനവും താങ്ങാനാകുന്ന നിരക്കിൽ ഇന്റർനെറ്റ് ലഭ്യമായതും മൊബൈൽ ഉപകരണങ്ങളുടെ വ്യാപകമായ ഉപയോഗവും സ്ട്രീമിംഗ് വീഡിയോകളുടെ ജനപ്രീതിയുമൊക്കെ കാരണമാണ്. കൂടാതെ, ഓഗ്മെന്റഡ് റിയാലിറ്റിയിലും വെർച്വൽ റിയാലിറ്റിയിലും അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആനിമേഷന്റെയും വിഎഫ്എക്സിന്റെയും ആവശ്യകത വർധിച്ചിട്ടുണ്ട്. മെറ്റാവേഴ്സ്പോലെയുള്ള ഡിജിറ്റൽ റിയാലിറ്റി സാധ്യമാകും.

സാങ്കേതികവിദ്യയുടെ വേഗത്തിലുള്ള പുരോഗതി ആനിമേഷൻ, വിഎഫ്എക്സ്, ഗെയിമുകൾ എന്നിവയുടെ ലഭ്യതയെ ജനാധിപത്യവൽക്കരിക്കുകയും ആഗോള മാധ്യമങ്ങളിലും വിനോദങ്ങളിലും അതിവേഗം വളരുന്ന വിഭാഗങ്ങളിലൊന്നായി ഈ വ്യവസായത്തെ മാറ്റുകയും ചെയ്യുന്നു. ആനിമേഷൻ, വിഎഫ്എക്സ്, വീഡിയോ ഗെയിംസ് ഇൻഡസ്ട്രിയിൽ ഉയർന്നുവരുന്ന നിരവധി പ്രവണതകൾ, സിനിമകളിലെ തത്സമയ ദൃശ്യങ്ങളുടേയും ആനിമേഷന്റേയും വികസിച്ചുകൊണ്ടിരിക്കുന്ന സംയോജനം, ആനിമേഷനിൽ കമ്പ്യൂട്ടർ പ്രൊഫഷണലുകളുടെയും പ്രോഗ്രാമർമാരുടേയും സാങ്കേതികവിദഗ്ധരുടേയും വർധിച്ച പങ്കാളിത്തം, സിനിമകളുടേയും വീഡിയോകളുടേയും ഗെയിമുകളുടേയും നിർമ്മാണത്തിലും ഉപഭോഗത്തിലുമുള്ള വിഷ്വൽ ഇഫക്റ്റുകൾ (വിഎഫ്എക്സ്) ഓഗ്മെന്റഡ് റിയാലിറ്റി (എആർ), വെർച്വൽ റിയാലിറ്റി (വിആർ) എന്നിവയുടെ രൂപാന്തര സ്വാധീനം ഒക്കെ ഉൾപ്പെടുന്നു.

അതോടൊപ്പം, ഓഗ്മെന്റഡ് റിയാലിറ്റിയും വെർച്വൽ റിയാലിറ്റിയും ആനിമേഷൻ ഉള്ളടക്കത്തിന്റെ ആവശ്യം വർദ്ധിപ്പിക്കുന്നതിനൊപ്പം, നികുതി ആനുകൂല്യങ്ങളും കുറഞ്ഞ തൊഴിൽ ചെലവും കാരണം ഉൽപ്പാദന പ്രവർത്തനങ്ങൾ ആഗോളവൽക്കരിക്കപ്പെടുന്നത് വ്യവസായത്തെ പുനർനിർമ്മിക്കുന്നുമുണ്ട്. പരമ്പരാഗത രീതികളിൽനിന്ന് സ്ട്രീമിംഗിലേക്കും ഡിജിറ്റൽ ഡൗൺലോഡുകളിലേക്കും മാറുന്നതുപോലുള്ള മാധ്യമ ഉപഭോഗ ശീലങ്ങളിലെ മാറ്റം പ്രകടമാകുകയും, അന്താരാഷ്ട്ര ചലച്ചിത്ര വിപണിയിലെ വളർന്നുവരുന്ന മേഖലകൾ പുതിയ അവസരങ്ങളും സഹകരണങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്നു. ഹൈബ്രിഡ് ദ്വിമാന/ത്രിമാന ആനിമേഷന്റെ വരവ്-ചെലവും ചലനാത്മക ക്യാമറ സാധ്യതകളും ഫലപ്രാപ്തി നേടുകയും, വികസിച്ചുകൊണ്ടിരിക്കുന്ന കാഴ്ചാശീലങ്ങൾ ദൈർഘ്യത്തിൽ ചെറുതായ ഉള്ളടക്കങ്ങളുടെ ജനപ്രീതി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

നിർമിത ബുദ്ധി, മെഷീൻ ലേണിംഗ്, ഡീപ് ലേണിംഗ് എന്നിവ വീഡിയോ ഗെയിമുകൾക്കായുള്ള ഹൈപ്പർ-വ്യക്തിഗതമാക്കലിനെ വർധിപ്പിക്കുമ്പോൾ ആനിമേറ്റഡ് ഫിലിമുകളുടെ കച്ചവടം ഒരു പ്രധാന വരുമാന സ്രോതസ്സായി മാറുകയാണ്. കളിക്കാരുടെ പെരുമാറ്റവും മുൻഗണനകളും പ്രവചിക്കുന്നതിൽ വീഡിയോ ഗെയിമുകളിലെ പ്രവചന വിശകലനങ്ങൾ നിർണായക പങ്കു വഹിക്കുന്നു. ഇ-സ്പോർട്സ് ലീഗുകളിലും ടൂർണമെന്റുകളിലും ആരാധകരെ സൂക്ഷ്മമായി വിഭജിക്കുന്നത് വർധിച്ചുവരികയാണ്. കൂടാതെ ക്ലൗഡ് ഗെയിമിംഗ് സേവനങ്ങളുടെ വിസ്തൃതമായ വളർച്ചയ്ക്കായി വ്യാപകമായ സ്വീകരിക്കലുകൾക്ക് അനുയോജ്യമായ വിലനിർണ്ണയ മോഡലുകൾ ആവശ്യമാണ്. അതിലെല്ലാമുപരിയായി, കുറഞ്ഞ ചെലവുള്ള മൈക്രോ പേയ്മെന്റ് സംവിധാനങ്ങളും ഓൺലൈൻ ഗെയിം വിപണിയുടെ വളർച്ചയ്ക്ക് സംഭാവന നൽകുന്നുണ്ട്.

# ആഗോള എവിജിസി-എക്സ്ആർ വിപണി

### ആനിമേഷൻ

ആഗോള ആനിമേഷൻ വിപണിയുടെ വലുപ്പം 2024-ഓടെ 432.05 ബില്യൺ ഡോളറാകുമെന്നും 2030-ഓടെ 587.1 ബില്യൺ ഡോളറായി ഉയരുമെന്നും പ്രതീക്ഷിക്കുന്നു. സ്മാർട്ട്ഫോണുകളുടെ വർദ്ധിച്ച ഉപയോഗവും ഒടിടി വ്യവസായത്തിന്റെ വളർച്ചയും ഡിജിറ്റൽ ഉള്ളടക്കത്തിന്റെ ആവശ്യകത വർധിക്കുന്നതിന് കാരണമായി. 2023-ൽ 1.39 ബില്യൺ യൂണിറ്റ് സ്മാർട്ട്ഫോണുകളെങ്കിലും വിറ്റുപോയിട്ടുണ്ടാകുമെന്ന കണക്കാക്കുന്നത് എവിജിസി-യുടെ വർദ്ധിച്ച ആവശ്യത്തെയാണ് കാണിക്കുന്നത്. 2023-ൽ ഒടിടി വിപണിയുടെ വലുപ്പം 295.4 ബില്യൺ ഡോളർ ആണെന്ന് കണക്കാക്കുന്ന 2019-ൽ, നെറ്റ്ഫ്ലിക്സ് 1.1 ബില്യൺ ഡോളർ (അവരുടെ വാർഷിക ബജറ്റിന്റെ 10%) ആനിമേഷൻ ഉള്ളടക്കത്തിനായി ചെലവഴിച്ച 2022-ൽ, നെറ്റ്ഫ്ലിക്സും ആമസോൺ പ്രൈം വീഡിയോയും യഥാക്രമം 5 ബില്യൺ ഡോളറും 1.86 ബില്യൺ ഡോളറും ആനിമേഷൻ ഉള്ളടക്കത്തിനായി ചെലവഴിച്ചു.

### വിഷ്വൽ ഇഫക്റ്റുകൾ (വിഎഫ്എക്സ്)

2022-ലെ ഏകദേശ കണക്കായ 10 ബില്യൺ ഡോളറിൽ നിന്ന്, വിഷ്വൽ ഇഫക്റ്റ് മാർക്കറ്റ് 2028-ലെത്തുമ്പോൾ ഏകദേശം 16 ബില്യൺ ഡോളറായി വളരാൻ സാധ്യതയുണ്ട് 1970-കളിലും 1980-കളിലും 'സ്റ്റാർ വാർസ്' ഫ്രാഞ്ചൈസി നിർമ്മിക്കുന്നതിനിടയിൽ ലൂക്കാസ് തുടക്കമിട്ടതാണ് വിഎഫ്എക്സ് മേഖല മാർവൽ സിനിമാറ്റിക് യൂണിവേഴ്സ്, ലോർഡ് ഓഫ് ദ റിംഗ്സ് തുടങ്ങിയ വിജയകരമായ സിനിമാ ഫ്രാഞ്ചൈസികൾ വിഎഫ്എക്സ് ഔട്ട്പുട്ടിലെ മിഴിവിലൂടെ വിജയിച്ചവയാണ്.

ആനിമേഷൻ ഉള്ളടക്കത്തിന്റെ കാര്യത്തിലെന്നപോലെ, ഒടിടിയുടെ വളർച്ച വിഎഫ്എക്സ് ഉള്ളടക്കത്തിലും വർദ്ധനവുണ്ടാക്കി. ആമസോൺ പ്രൈം വീഡിയോ ഒറിജിനലായ പവർ ഓഫ് റിങ്സ് (സീസൺ 1), ഏകദേശം 9500 വിഷ്വൽ ഇഫക്റ്റുകൾ അവതരിപ്പിക്കുന്നുണ്ട് അതുപോലെ, നെറ്റ്ഫ്ലിക്സും ധാരാളം വിഎഫ്എക്സ് ഷോട്ടുകളുള്ള ഉള്ളടക്കം പുറത്തിറക്കുന്നു. നെറ്റ്ഫ്ലിക്സ് ഒറിജിനലുകളായ 'സ്ട്രേഞ്ചർ തിംഗ്സ്', 'ലോസ്റ്റ് ഇൻ സ്പേസ്', ബാർബേറിയൻസ് എന്നിവ കമ്പ്യൂട്ടർ ഉപയോഗിച്ച് ഉണ്ടാക്കിയ ഇമേജറികളും ത്രിമാന വിഷ്വലൈസേഷനുകളും ആനിമേഷനുകളും ഇമേഴ്സീവ് എക്സ്പീരിയൻസും ഉപയോഗിച്ച് സൃഷ്ടിച്ച ഷോട്ടുകൾ ഉൾപ്പെട്ടതാണ്.

### ഗെയിമിംഗ്

സോണി, മൈക്രോസോഫ്റ്റ്, നിന്റെൻഡോ എന്നിവ ആധിപത്യം പുലർത്തിയ കേന്ദ്രീകൃത വ്യവസായമായിരുന്ന ഗെയിമിംഗ് വ്യവസായം. നെറ്റ്‌വർക്ക് പ്രശ്നങ്ങളുടെ ഫലമായി ഈ വ്യവസായം വലിയ തടസ്സങ്ങൾ നേരിടുകയും വിജയിക്കുന്നവർ വിപണി ഏറ്റെടുക്കുകയും ചെയ്തിരുന്നു. എന്നാൽ സ്മാർട്ട്ഫോണുകൾ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ്, ക്ലൗഡ് കമ്പ്യൂട്ടിംഗ് എന്നിവയുടെ വരവോടെ വ്യവസായിക ബിസിനസ്സ് മാതൃകയിൽ ഒരു വലിയ മാറ്റം സംഭവിച്ചു. കൺസോൾ അധിഷ്ഠിത ഗെയിമിംഗിനെ അപേക്ഷിച്ച് മൊബൈൽ ഗെയിമിംഗ് കൂടുതൽ ജനപ്രിയമായിക്കൊണ്ടിരിക്കുകയാണ്. മുകളിൽ സൂചിപ്പിച്ച വമ്പൻമാരുടെ കുത്തക മുമ്പത്തെപ്പോലെ ശക്തമല്ലാത്തതിനാൽ ആപ്പിൾ, ആൽഫബെറ്റ്, നെറ്റ്ഫ്ലിക്സ് തുടങ്ങിയ പുതിയ കളിക്കാർ ഗെയിമിംഗിലേക്ക് പ്രവേശിച്ചു.

2023-ൽ കണക്കാക്കിയ 249.6 ബില്യൺ ഡോളറിൽനിന്ന് ഗെയിമിംഗ് വ്യവസായം 2028 ആകുമ്പോൾ 9.32% സിഎജിആറോടെ 389.7 ബില്യൺ ഡോളറായി വളരാൻ സാധ്യതയുണ്ട് സ്മാർട്ട്ഫോണുകൾ ലോകത്തെ സജീവമായ ഗെയിമർമാരുടെ എണ്ണം വർദ്ധിപ്പിച്ചു. 2022ലെ കണക്കനുസരിച്ച്, ചൈന ഗെയിമിംഗിനായി ഏറ്റവും കൂടുതൽ തുക ചെലവഴിക്കുമ്പോൾ ജപ്പാനിലാണ് ഗെയിമിംഗിനായി ഏറ്റവും കൂടുതൽ പ്രതിശീർഷ ചെലവ് ഉള്ളത്.

### കോമിക്സ്



ഒരുകാലത്ത് അച്ചടി മാധ്യമങ്ങൾ ആധിപത്യം പുലർത്തിയിരുന്ന കോമിക്സ് വ്യവസായം ഗണ്യമായ രീതിയിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലേക്ക് മാറിയതോടെ അതിന്റെ വിപണി വിപുലീകരിക്കപ്പെട്ടു. കോമിക്സുകൾ സിനിമകളിലേക്കും സീരിയലുകളിലേക്കും സ്വീകരിക്കപ്പെടുന്ന പ്രവണത വർദ്ധിച്ചതോടെ, അവയുടെ ജനപ്രീതിയിൽ വീണ്ടും വളർച്ചയുണ്ടായി. വ്യവസായത്തെ വൈവിധ്യവൽക്കരിക്കുന്ന വെബ്കോമിക്സ്, ക്രൗഡ് ഫണ്ടിംഗ് പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ സ്വതന്ത്ര സ്രഷ്ടാക്കളും വിജയം കണ്ടെത്തി. ഗ്രാഫിക് നോവലുകളുടെ ഉയർച്ച മുതിർന്നവരുൾപ്പെടെ പ്രേക്ഷകസമൂഹത്തെ വിശാലമാക്കി. ഡിജിറ്റൽ വിതരണവും ആഗോള പ്രവേശനക്ഷമതയും വളർന്നതിനൊപ്പം വിപണി വിപുലീകരണത്തിന്റെ സാധ്യതകളിലേക്ക് കോമിക്സ് എത്തിപ്പെട്ടു. ഡിജിറ്റൽ ലഭ്യതയിലൂടെ ഉപഭോക്തൃ അടിത്തറ വിശാലമായത് ഗെയിമിംഗ് വ്യവസായത്തിലെ പ്രവണതകളിലെ മാറ്റത്തിലും പ്രതിഫലിച്ചു.

ഫോർച്യൂൺ ബിസിനസ് ഇൻസൈറ്റ്സ് പ്രകാരം, 2022-ൽ 15.35 ബില്യൺ ഡോളറിന്റേയും 2030-ഓടെ 22.37 ബില്യൺ ഡോളറിലേക്കുള്ള വിപുലീകരണവും പ്രതീക്ഷിക്കുന്ന കോമിക്സ് വിപണി ഗണ്യമായ വളർച്ചയാണ് കൈവരിക്കുന്നത് സംയുക്ത വാർഷിക വളർച്ചാ നിരക്ക് (സിഎജിആർ) 4.85% ആണെന്നത് വളർച്ചയുടെ പ്രവണതയാണ് കാണിക്കുന്നത് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ വർദ്ധിച്ചുവരുന്ന സ്വാധീനം, വ്യത്യസ്ത മാധ്യമങ്ങളിൽ വർദ്ധിച്ചുവരുന്ന ദത്തെടുക്കലുകൾ, വെബ്കോമിക്സിന്റെ ജനപ്രീതി, വിജയകരമായ ക്രൗഡ് ഫണ്ടിംഗ് സംരംഭങ്ങൾ, ഗ്രാഫിക് നോവലുകളുടെ ആവശ്യത്തിലെ കുതിച്ചുചാട്ടം, കോമിക്സ് ഉള്ളടക്കത്തിലേക്കുള്ള മെച്ചപ്പെട്ട

ആഗോള പ്രവേശനക്ഷമത എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾ ഈ വളർച്ചയ്ക്ക് കാരണമായി. കോമിക്സ് വിപണിയുടെ ചലനാത്മകവും വാഗ്ദാനപ്രദവുമായ സ്വഭാവം ഈ ഘടകങ്ങൾ ഒരുപോലെ അടിവരയിടുന്നതും അതിന്റെ സ്വീകാര്യതയും വ്യാപകമായ ആകർഷണവും പ്രതിഫലിപ്പിക്കുന്നതുമാണ്.

### എക്സ്റ്റൻഡഡ് റിയാലിറ്റി

ലോകം ഇപ്പോൾ ഇൻഡസ്ട്രി 4.0 (4ഐആർ)ലൂടെ കടന്നുപോകുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, എക്സ്ആർ, ഇന്റർനെറ്റ് ഓഫ് തിംഗ്സ് (ഐഒടി), ഡിജിറ്റൽ സെൻസറുകൾ, ബ്ലോക്ക് ചെയിൻ, ത്രിമാന ചിത്രണം എന്നിവ 4ഐആറിൽ ഉൾപ്പെടുന്ന മനുഷ്യ-കൃത്രിമ ഏജന്റ് സഹകരണത്തിലൂടെ പ്രവർത്തനക്ഷമതയും ചടുലതയും പ്രാപ്തമാക്കുന്നുണ്ട് 4ഐആർ. മനുഷ്യ വിഭവശേഷി, ഇന്നൊവേഷൻ, വിപണനം, കോൺട്രാക്റ്റിംഗ് തുടങ്ങിയ പ്രവർത്തന മേഖലകളിലുടനീളം 4ഐആർന്റെ പ്രയോഗം ഉൾപ്പെടുന്നു.

ആഗോള എക്സ്റ്റൻഡഡ് റിയാലിറ്റി വിപണി 2023-ൽ പ്രതീക്ഷിക്കുന്ന 131.54 ബില്യൺ ഡോളറിൽനിന്ന്, 36% സിഎജിആറിൽ വളരുമെന്നും 2030-ഓടെ 1134 ബില്ല്യൺ ഡോളറിലെത്തുമെന്നും പ്രതീക്ഷിക്കുന്ന വെർച്വൽ റിയാലിറ്റി (വിആർ), ഓഗ്മെന്റഡ് റിയാലിറ്റി (എആർ), മിക്സഡ് റിയാലിറ്റി (എംആർ) എന്നിവയാണ് മൂന്നുതരം എക്സ്റ്റൻഡഡ് റിയാലിറ്റികൾ. ഗെയിമിംഗ് മുതൽ ആരോഗ്യ സംരക്ഷണം, ഹോസ്പിറ്റാലിറ്റി, വിദ്യാഭ്യാസം, റീട്ടെയിൽ തുടങ്ങിയ മേഖലകളിലേക്കുവരെ നീളുന്നതാണ് എക്സ്റ്റൻഡഡ് റിയാലിറ്റിയുടെ പ്രയോഗങ്ങൾ.

കമ്പ്യൂട്ടർ അനുകരണങ്ങളും ത്രിമാന മോഡലിംഗും ഉപയോഗിച്ചുള്ള വിആർ ഒരു വെർച്വൽ ലോകം സൃഷ്ടിക്കുന്നു. “പൂർണ്ണമായും ആഴത്തിലുള്ളതും തൽസമയവുമായ സംവേദനം ഉപയോക്താക്കൾക്ക് നൽകുന്നതിനായി മനുഷ്യന്റെ യഥാർത്ഥ ഇന്ദ്രിയ ധാരണകളെ സെൻസറുകളും ആക്യുവേറ്ററുകളും വഴി ബന്ധിപ്പിച്ചിരിക്കുന്നു.” (കാർഡനാസ് റോബ്ലെഡോയും മറ്റുള്ളവരും, 2022) വിആർ ഉൽപ്പന്നങ്ങളുടെ ഉപഭോക്താക്കൾക്ക് വലിയ വ്യത്യാസമില്ലാതെ യഥാർത്ഥ ലോകവുമായി വെർച്വൽ ലോകത്തെ സമന്വയിപ്പിക്കാൻ കഴിയും.

എച്ച്.ടി.സി, സാംസങ്, ഫെയ്സ്ബുക്, ഗൂഗിൾ, സോണി തുടങ്ങിയവരാണ് ഈ വ്യവസായത്തിലെ മുൻനിരക്കാർ.

## ഇന്ത്യയിലെ എവിജിസി-എക്സ്ആർ വ്യവസായം

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ ഒരു പ്രധാന വളർച്ചായന്ത്രമായി എവിജിസി-എക്സ്ആർ മേഖല ഉയർന്നുവന്നിട്ടുണ്ട്. സമീപ വർഷങ്ങളിൽ ഇത് സ്ഥിരമായ വളർച്ച കാണിക്കുകയും വളരെ പ്രതീക്ഷ നൽകുന്ന മേഖലയായി ഉയർന്നുവരികയും ചെയ്തു. ഇന്ത്യയുടെ ജിഡിപി വളർച്ചയ്ക്കും തൊഴിലവസരത്തിനും സംഭാവന ചെയ്യാൻ കഴിയുന്ന ശക്തമായ ഉള്ളടക്കവും ബൗദ്ധിക സ്വത്തുക്കളും ഉൽപ്പാദിപ്പിക്കാൻ എവിജിസി-എക്സ്ആർ മേഖലയ്ക്ക് കഴിവുണ്ട്.

2022നും 2025നും ഇടയിൽ, ഇനിപ്പറയുന്ന മേഖലകൾ വൻ വളർച്ച കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- ഡിജിറ്റൽ മീഡിയ (14.7%)
- ആനിമേഷനും വിഎഫ്എക്സും (21.1%)
- ഓൺലൈൻ ഗെയിമിംഗ് (19.5%)
- ഔട്ട്-ഓഫ്-ഹോം (12.8%)

എസ്എംഇ വിപണനക്കാർ അവരുടെ ഡിജിറ്റൽ പരസ്യ ചെലവുകൾ വർദ്ധിപ്പിക്കുന്നതും ആമസോൺ, ഫ്ലിപ്കാർട്ട്, ജിയോ മാർട്ട് തുടങ്ങിയ ഓൺലൈൻ ഷോപ്പിംഗ് ചാനലുകൾ കൂടുതലായി ഉപയോഗിക്കുന്നതും ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ഒഎൻഡിസി), വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ് (ഒഡിഒപി) തുടങ്ങിയ പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതും ഈ രംഗത്ത് കുതിച്ചുചാട്ടത്തിന് വഴിവയ്ക്കും.

### ആനിമേഷൻ

ഇവൈ റിപ്പോർട്ട് അനുസരിച്ച്, 2022ൽ, ആനിമേഷൻ വ്യവസായത്തിന്റെ വലുപ്പം 38 ബില്യൺ ഇൻഡ്യൻ രൂപയാണ്. ഇന്ത്യയിലേക്ക് ദ്വിമാന ആനിമേഷൻ ജോലികൾ ഔട്ട്സോഴ്സ് ചെയ്യപ്പെടുന്നതും സോഫ്റ്റൂൺസ് ആനിമേഷൻസ് പോലുള്ള സമർപ്പിത ഇന്ത്യൻ ഒടിടി ആനിമേഷൻ പ്ലാറ്റ്ഫോമുകളും ഇന്ത്യയിലെ ഈ വ്യവസായത്തിന്റെ വളർച്ചയ്ക്ക് കാരണമാണ്. സോഫ്റ്റൂൺസ് ആനിമേഷനുകൾക്ക് അവരുടെ പ്ലാറ്റ്ഫോമിൽ അഞ്ചിലധികം ഭാഷകളിലായി 500-ലധികം സൃഷ്ടികളുണ്ട്.



ഹൈദരാബാദ് ആസ്ഥാനമായുള്ള ഗ്രീൻ ഗോൾഡ് ആനിമേഷൻ സൃഷ്ടിച്ച ഛോട്ടാ ഭീമിന്റെ വിജയം പ്രാദേശികവൽക്കരിച്ച ഉള്ളടക്കത്തിനുള്ള ദേശീയ ആവശ്യത്തിന്റെ തെളിവാണ്. ഇന്ത്യൻ ആനിമേഷൻ ഉള്ളടക്കത്തിന് ആഗോള പ്രേക്ഷകരിൽ നിന്ന് എങ്ങനെ ധനസമ്പാദനം നടത്താനാകും എന്നതിന്റെ തെളിവ് കൂടിയാണ് ഛോട്ടാ ഭീം. ഛോട്ടാ ഭീം എന്ന ബ്രാൻഡ് കുട്ടികൾക്കിടയിൽ വിജയകരമായതിനാൽ, ഉൽപാദകർ വിപണനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഒരു സമ്പദ്‌വ്യവസ്ഥ സൃഷ്ടിച്ചു.

ആനിമേഷൻ നിർമ്മാണച്ചെലവ് ഗണ്യമായി കുറക്കാൻ 4ഐആർ സഹായിച്ചു. ചെറുവി ഡിസൈൻ ലാബ്സ് പോലുള്ള ആനിമേഷൻ ലാബുകൾ, അൺറിയൽ, യൂണിറ്റി പോലുള്ള ഗെയിം എഞ്ചിനുകൾ ഉപയോഗിച്ച്, 90 മിനിറ്റ് അല്ലെങ്കിൽ റെൻഡറിംഗ് സമയത്തിന്റെ 70% വരെ ലാഭിച്ചു. നിർമിത ബുദ്ധിയുടേയും മെഷീൻ ലേണിംഗിന്റെയും വർദ്ധിച്ച ഉപയോഗം ഇന്ത്യൻ ആനിമേഷൻ വ്യവസായത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും വളരെ പ്രതീക്ഷ നൽകുന്നതാണ്.

### വിഎഫ്എക്സ്

2024 ആകുമ്പോഴേക്കും വിഎഫ്എക്സ് വ്യവസായത്തിന്റെ വലുപ്പം 93.1 ബില്യൺ ഡോളറാകുമെന്ന് കണക്കാക്കപ്പെടുന്നു. ഇന്ത്യൻ ആനിമേഷന്റേയും വിഎഫ്എക്സ് വ്യവസായത്തിന്റേയും ചെലവ് കുറവും ലോകോത്തര ഉൽപ്പന്നത്തിന്റെ നിലവാരവും ആഗോള വിനോദ വ്യവസായവുമായി സഹകരിക്കുന്നതിന് മികച്ച അവസരമായി. ഇന്ത്യയിലെ വിഎഫ്എക്സ് പോസ്റ്റ് പ്രൊഡക്ഷൻ കമ്പനികൾ മാർവൽ സിനിമാറ്റിക് യൂണിവേഴ്സ് പോലുള്ള വാണിജ്യപരമായി വിജയിച്ച സിനിമകൾക്കായി വിദേശത്ത് സഹകരിച്ച് പ്രവർത്തിക്കുന്നു. ഇന്ത്യൻ വിഎഫ്എക്സ് വ്യവസായം സൃഷ്ടിക്കുന്ന വരുമാനത്തിന്റെ 70-75% അത്തരം ആഗോള സഹകരണങ്ങളിൽ നിന്നാണ്. റോട്ടോസ്കോപ്പി, പെയിന്റ്, മാച്ച് മൂവിംഗ് (ആർപിഎം) വർക്കുകളുടെ 85-90% ഇന്ത്യയിലേയ്ക്ക് ഔട്ട്സോഴ്സ് ചെയ്യുന്നു. ഒരു ഇന്ത്യൻ വിഎഫ്എക്സ് സേവന ദാതാവ് അവരുടെ വിദേശത്തെ എതിരാളികൾ ആവശ്യപ്പെടുന്ന പ്രതിഫലത്തിന്റെ എട്ടിലൊന്ന് മാത്രമേ ഈടാക്കുന്നുള്ളൂ. ക്ലൗഡ് കമ്പ്യൂട്ടിംഗിന്റെ ആവിർഭാവം റിമോട്ട് വർക്കിനെയും ലോകമെമ്പാടുമുള്ള കലാകാരന്മാർക്ക് ഒരൊറ്റ പ്രോജക്റ്റിൽ സഹകരിക്കാൻ കഴിയുന്ന വെർച്വൽ പ്രൊഡക്ഷൻ സ്റ്റുഡിയോകളുടെ സ്ഥാപനത്തെയും സഹായിച്ചു.

2022-ൽ, ഇന്ത്യയിലെ ഒരു ഇടത്തരം സിനിമ അവരുടെ ബജറ്റിന്റെ 10-15% വിഎഫ്എക്സിനായി ചെലവഴിക്കുന്നുണ്ട്. ഒരു ബിഗ് ബജറ്റ് സിനിമയ്ക്ക് വിഎഫ്എക്സിന്റെ ചെലവ് മൊത്തം ചെലവിന്റെ ഏകദേശം 25-30% ആയിരുന്നു.

ആഭ്യന്തര വ്യവസായത്തിലും വിഎഫ്എക്സ്-ന് കാര്യമായ ആവശ്യകതയുണ്ട്. ബോളിവുഡ് ചിത്രമായ ബ്രഹ്മാസ്ത്ര ഒന്നാം ഭാഗമായ ശിവയിൽ 4800 വിഎഫ്എക്സ് ഷോട്ടുകൾ ഉണ്ടായിരുന്നു, ദക്ഷിണേന്ത്യൻ സിനിമയായ ആർആർആറിന് ഏകദേശം 2800 വിഎഫ്എക്സ് ഷോട്ടുകൾ ഉണ്ടായിരുന്നു.

ഇന്ത്യൻ വിഎഫ്എക്സ് വ്യവസായം 60000ത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഇൻഡസ്ട്രിയൽ ലൈറ്റ് ആൻഡ് മാജിക്, സിനിസൈറ്റ്, പൈ സ്ക്വയർ ടെക്നോളജീസ്, ഗോസ്റ്റ് വിഎഫ്എക്സ്, ഫോക്സ് എന്നിവ സമീപകാലത്ത് ഈ മേഖലയിൽ ഇന്ത്യയിൽ ഓഫീസ് തുറന്ന ആഗോള കമ്പനികളാണ്. 4ഐആർ വന്നതോടെ സിനിമകളിലെ വിഎഫ്എക്സ് ഷോട്ടുകൾക്ക് ചെലവ് കുറഞ്ഞു. അൺറിയൽ എൻജിൻ 5.0 പോലുള്ള പ്ലാറ്റ്ഫോമുകൾ സിനിമാ നിർമ്മാണ ചെലവ് കുറയ്ക്കുക മാത്രമല്ല നിർമ്മാണ സമയവും കുറച്ചു. തെലുങ്ക് സിനിമയായ രാധേശ്യാമിലെ ഒരു രംഗം ചിത്രീകരിക്കുന്നതിനായി മുഴുവൻ അണിയറക്കാരേയും ലണ്ടനിലേക്ക് കൊണ്ടുപോകുന്നതിനുപകരം, ഈ രംഗം ഇന്ത്യയിൽ ചിത്രീകരിച്ചശേഷം അൺറിയൽ എഞ്ചിൻ ഉപയോഗിച്ച് ലണ്ടനിൽ ചിത്രീകരിച്ചത് പോലെ സിനിമയുമായി സംയോജിപ്പിക്കുകയായിരുന്നു.

ഇന്ത്യയിലെ ആനിമേഷന്റെയും ആഭ്യന്തര വ്യവസായത്തിന്റെയും വളർച്ച (INR ബില്യൺ)

| | 2019 | 2020 | 2021 | 2022 |
|---|---|---|---|---|
| ആനിമേഷൻ | 22 | 25 | 31 | 38 |
| വിഎഫ്എക്സ് | 50 | 9 | 38 | 50 |
| ആകെ | 72 | 34 | 69 | 88 |

Source: EY-FICCI report on media and entertainment, https://assets.ey.com/content/dam/ey-sites/ey-com/en_in/topics/media-and-entertainment/2023/05/ey-me-report.pdf, accessed on Dec 17, 2023

## ഗെയിമിംഗ്

മൊബൈൽ ഗെയിം ഡൗൺലോഡുകളുടെ കാര്യത്തിൽ ഇന്ത്യക്കാരാണ് മുൻനിരയിലുള്ളതെങ്കിലും, ഓൺലൈൻ മൊബൈൽ ഗെയിമുകളിൽ നിന്നുള്ള വരുമാനം ആഗോള മൊബൈൽ ഗെയിമിംഗ് വരുമാനത്തിന്റെ 1.1% മാത്രമാണ്. വർദ്ധിച്ചുവരുന്ന ഇന്റർനെറ്റ് ലഭ്യതയും സ്മാർട്ട്ഫോണുകളുടെ ഉപയോഗവും ഈ വ്യവസായത്തിൽ നിന്നുള്ള വളർച്ചയുടെ സാധ്യതയേയും വർധിപ്പിക്കുന്നു. 2025ഓടെ ഇന്ത്യൻ ഗെയിമിംഗ് വ്യവസായം 3.9 ബില്യൺ ഡോളറിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.



ഇന്ത്യൻ സിനിമാ-സംഗീത വ്യവസായങ്ങൾ ചേരുന്നതിന്റെ ഇരട്ടിയിലേറെയാണ് ഇന്ത്യൻ ഗെയിമിംഗ് വ്യവസായത്തിന്റെ വലിപ്പം (159.3 ബില്യൺ ഡോളർ). 2021-22 ൽ, ഒരു ശരാശരി ഇന്ത്യൻ ഗെയിമറിൽനിന്ന് സമാഹരിച്ച വരുമാനം 1700 രൂപ ആയിരുന്നു. 2018 മുതൽ, ഇന്ത്യൻ ഗെയിമിംഗ് വ്യവസായം ഏകദേശം 2.8 ബില്യൺ ഡോളർ സമാഹരിച്ചു. ഇന്ത്യൻ ഗെയിമിംഗ് വ്യവസായത്തിൽ മൂന്ന് യൂണികോണുകൾ ഉണ്ട് - MPL (2.5 ബില്യൺ ഡോളർ), GAMES24seven (2.3 ബില്ല്യൺ ഡോളർ), Dream11 (8 ബില്ല്യൺ ഡോളർ). മുപ്പതിനായിരം ഡെവലപ്പർമാരും പ്രോഗ്രാമർമാരും ഉൾപ്പെടെ ഒരു ലക്ഷത്തി അൻപതിനായിരത്തോളം ആളുകൾ ഇന്ത്യൻ ഗെയിമിംഗ് ഇൻഡസ്ട്രിയിൽ ജോലി ചെയ്യുന്നുണ്ട്.

ഇന്ത്യയിൽ 42.5 കോടി ഗെയിമർമാരുണ്ട്. സമ്മാനത്തുകയ്ക്ക് പ്രാധാന്യമുള്ള രാജ്യത്തെ ഗെയിമിംഗ് മത്സരങ്ങൾ ഇപ്പോൾ പരമ്പരാഗത കേബിൾ ടിവി ശൃംഖലകളിലും ഒടിടിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 7, 8 പട്ടികകൾ ഇന്ത്യൻ ഗെയിമിംഗ് വ്യവസായത്തിന്റെ വളർച്ചയെ എടുത്തുകാണിക്കുന്നു.

ഇടപാട് അടിസ്ഥാനമാക്കിയുള്ള ഗെയിം വരുമാനം (ബില്യൺ രൂപയിൽ)

| | 2020 | 2021 | 2022 |
|---|---|---|---|
| റമ്മി ആൻഡ് പോക്കർ | 31 | 39 | 56 |
| ഫാന്റസി സ്പോർട്സ് | 26 | 33 | 42 |
| മറ്റ് പങ്കാളിത്ത ഫീസ് ഗെയിമുകൾ | 2 | 3 | 6 |
| ആകെ | 59 | 75 | 104 |

Source: EY-FICCI report on media and entertainment, https://assets.ey.com/content/dam/ey-sites/ey-com/en_in/topics/media-and-entertainment/2023/05/ey-me-report.pdf, accessed on Dec 17, 2023

ഇന്ത്യയിൽ കാഷ്വൽ ഗെയിമിംഗിന്റെ വളർച്ച (ബില്യൺ രൂപയിൽ)

| | 2020 | 2021 | 2022 |
|---|---|---|---|
| ഇസ്പോർട്സ് | 8 | 10 | 11 |
| പരസ്യം | 7 | 8 | 11 |
| ആപ് വാങ്ങൽ | 5 | 7 | 9 |
| ആകെ | 20 | 25 | 31 |

Source: EY-FICCI report on media and entertainment, https://assets.ey.com/content/dam/ey-sites/ey-com/en_in/topics/media-and-entertainment/2023/05/ey-me-report.pdf, accessed on Dec 17, 2023



2022-23ലെ കേന്ദ്ര ബജറ്റിലെ എവിജിസി ടാസ്ക് ഫോഴ്സിന്റെ പ്രഖ്യാപനത്തെക്കുറിച്ച് സംസാരിച്ചപ്പോൾ, മൊബൈൽ ഗെയിമിംഗിന്റെ ലോകത്തെ മികച്ച 5 വിപണികളിലൊന്നാണ് ഇന്ത്യയെന്ന് ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി എടുത്തുപറഞ്ഞു. ഗെയിമിംഗ് വ്യവസായം എവിജിസി സെക്ടറിന്റെ കാതലാണെന്നു മാത്രമല്ല അതിന്റെ മുഴുവൻ ആവാസവ്യവസ്ഥയിലും വളർച്ചയെ നയിക്കുന്നുമുണ്ട്. 2025-ഓടെ ഡിജിറ്റൽ മീഡിയ, സംഗീത വ്യവസായം എന്നിവയെ പിന്തള്ളി ഇന്ത്യയിലെ എം ആൻഡ് ഇ വ്യവസായത്തിലെ മൂന്നാമത്തെ വലിയ വിഭാഗമായി ഓൺലൈൻ ഗെയിമിംഗ് മേഖല മാറും.

## കോമിക്സ് മേഖല

1991-ൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ തുറക്കപ്പെട്ടതും ഉപഗ്രഹ ടെലിവിഷൻ വിപണിയിലെ പ്രധാന മാറ്റങ്ങളും ഇന്ത്യൻ കോമിക് വായനക്കാർക്ക് മുഖ്യധാരാ മാധ്യമങ്ങളിലെ നിരവധി അന്താരാഷ്ട്ര കഥാപാത്രങ്ങളെ പരിചയപ്പെടുന്നതിന് അവസരമൊരുക്കി. ഈ പരിവർത്തനം ഇന്ത്യൻ കോമിക്സിന്റെ ഒരു പുതിയ തരംഗത്തിന്റെ ആവിർഭാവത്തിലേക്ക് നയിക്കുകയും, രാജ്യത്തിന്റെ കലാപരമായ കഴിവുകളുടെ സമുച്ചയത്തെ പ്രയോജനപ്പെടുത്തിയ നിരവധി പുതുമുഖങ്ങൾക്ക് അവസരമൊരുക്കുകയും ചെയ്തു. സൂപ്പർഹീറോകൾ, പുരാണങ്ങൾ, നാടോടിക്കഥകൾ, വിവിധ സാമൂഹിക ആഖ്യാനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന വിഭാഗങ്ങളിലേക്ക് ഈ കോമിക്സ് വ്യാപിച്ചുകിടക്കുന്നു.

ചാച്ചാ ചൗധരി, തെനാലി രാമൻ, ഡിറ്റക്ടീവ് മൂച്ച്‌വാല, ശിക്കാരി ശംഭു, അക്ബർ-ബീർബൽ തുടങ്ങി പ്രശസ്തരായ നിരവധി കഥാപാത്രങ്ങളെ സൃഷ്ടിച്ച കോമിക് പുസ്തക മേഖലയ്ക്ക് ഇന്ത്യൻ ജനപ്രിയ സംസ്കാരത്തിൽ ഒരു പ്രമുഖ സ്ഥാനമുണ്ട്. ദശാബ്ദങ്ങളായി വിജയകരമായി പ്രചരിക്കുന്ന ഒരു കോമിക് സ്ട്രിപ്പ് എന്ന നിലയിലാണ് ബോബനും മോളിയും മലയാളത്തിൽ അറിയപ്പെടുന്നത്. 1980-കളുടെ അവസാനത്തിലും 1990-കളിലുമാണ് ഈ വ്യവസായം പ്രധാന നേട്ടം കൈവരിച്ചത്.

2021-ൽ, നിരവധി കോമിക് പുസ്തക കഥാപാത്രങ്ങൾ ഏറ്റെടുക്കുന്നതിന് ഈ മേഖല സാക്ഷ്യം വഹിച്ചു, അത് ഒടുവിൽ ആനിമേറ്റഡ് സീരീസുകളോ സിനിമകളോ ഷോർട്ട്സുകളോ ആയി മാറുകയും ചെയ്തു.

## എക്സ്റ്റൻഡഡ് റിയാലിറ്റി (എക്സ്ആർ)

5ജി സാങ്കേതികവിദ്യയുടെ ആവിർഭാവത്തിലൂടെയും വർദ്ധിച്ച ഇന്റർനെറ്റ് ലഭ്യതയിലൂടേയും, സാധാരണ ഉപകരണങ്ങളിൽ അല്ലെങ്കിൽ ഹാൻഡ്സെറ്റുകളിൽ ഉയർന്ന നിലവാരമുള്ള ഗെയിമുകൾ അനുഭവിക്കുന്നതിനുള്ള ഒരു മാധ്യമമെന്ന നിലയിൽ ക്ലൗഡ് ഗെയിമിംഗിനുള്ള അവസരം വളരുകയാണ്.

നിലവിൽ, എക്സ്ആർ ദത്തെടുക്കൽ പരിമിതമാണെങ്കിലും 2025ഓടെ 10-15 ദശലക്ഷം ഇന്ത്യൻ കുടുംബങ്ങൾ 50 ദശലക്ഷത്തിലധികം വെർച്വൽ അവതാറുകൾ സൃഷ്ടിച്ചുകൊണ്ട് എആർ, വിആർ എന്നിവ അനുഭവിച്ചറിയുമെന്ന് 2023ലെ എഫ്ഐസിസിഐ റിപ്പോർട്ട് പ്രതീക്ഷ പ്രകടിപ്പിക്കുന്നു. മെറ്റാവേഴ്സ്, നിർമിത ബുദ്ധി, വെബ് 3.0 എന്നിവ പോലുള്ള മറ്റ് അത്യാധുനിക സാങ്കേതികവിദ്യകളുമായുള്ള എക്സ്ആർ-ന്റെ സംയോജനം ഡിജിറ്റൽ, ഭൗതിക യാഥാർത്ഥ്യങ്ങളുമായുള്ള നമ്മുടെ ഇടപെടലുകളെ തടസ്സമില്ലാതെ സമന്വയിപ്പിച്ചുകൊണ്ട് പുതിയ പാതകൾ തുറന്നിടുന്നു.

ഡിമാൻഡ് സൈഡ് ടെക്നോളജിക്കൽ മാറ്റങ്ങളായ ക്യാരക്ടർ ഡിസൈൻ, എആർ, വിആർ എന്നിവ ഇന്ത്യയുടെ മീഡിയ ആൻഡ് എന്റർടൈൻമെന്റ് മേഖലയെ, പ്രത്യേകിച്ച് വിപുലീകൃത ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ നയിക്കുന്ന എവിജിസി-എക്സ്ആർ, പുനർനിർമ്മിക്കുകയും ക്രിയേറ്റീവ് ചോയിസുകളിൽ ആഗോള കൃത്യതാ ഉള്ളടക്കത്തിന്റെ സ്വാധീനം, പുതിയ ഉപയോക്തൃ ജനസംഖ്യാശാസ്ത്രത്തിന്റെ ആവിർഭാവം, മെച്ചപ്പെടുത്തിയ ബ്രോഡ്ബാൻഡ് വ്യാപ്തിയും ഗുണനിലവാരവും എന്നിവയാൽ നയിക്കപ്പെടുകയും ചെയ്യുന്നു. ഈ മാറ്റങ്ങൾ അടുത്ത ഏതാനും വർഷങ്ങളിലോ ഒരു ദശാബ്ദത്തിലോ കൂടുതൽ വികസിക്കുകയും, ഈ അവസരം പ്രയോജനപ്പെടുത്തുന്നതിന് ഇന്ത്യയുടെ കഴിവുകളുടെയും കലാശേഷിയുള്ള തൊഴിലാളികളുടെയും വർദ്ധനവും പരിശീലനവും ആവശ്യമായി വരികയും ചെയ്യും.

# കേരളത്തിലെ എവിജിസി-എക്സ്ആർ മേഖല

## കേരളത്തിന്റെ സാങ്കേതിക ഭൂപ്രകൃതി

ഭൗതിക അടിസ്ഥാനസൗകര്യങ്ങൾക്ക് പുറമേ, സംസ്ഥാനത്തെ സാങ്കേതിക വ്യവസായങ്ങളുടെ വൻതോതിലുള്ള വളർച്ചയെ പിന്തുണയ്ക്കുന്നതിന് ബൗദ്ധിക അടിസ്ഥാന സൗകര്യങ്ങളുടെ ബലവത്തായ നട്ടെല്ല് ഉണ്ടാക്കുന്നതിനായി സംസ്ഥാനം ഇതിനകം തന്നെ നിക്ഷേപം നടത്തിയിട്ടുണ്ട്. ഐടി മേഖലയ്ക്ക് ശേഷി നൽകുന്ന നിരവധി സാങ്കേതിക സ്ഥാപനങ്ങൾക്ക് പുറമേ, ഡിജിറ്റൽ ലോകത്തിനായുള്ള ഒരു സമർപ്പിത സർവ്വകലാശാല- രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സർവ്വകലാശാലയും സർക്കാർ സ്ഥാപിച്ചു.

## എവിജിസി–എക്സ്ആർ–ന്റെ പരിണാമം

2018-ൽ ഗെയിമിംഗ്, ആനിമേഷൻ, എഐ, എക്സ്ആർ തുടങ്ങിയ വ്യവസായ മേഖലകളിലേക്ക് കേരളത്തിന്റെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ ആക്കം പകർന്നു. ഫ്യൂച്ചർ ടെക്നോളജീസ് ലാബിന്റെ ആരംഭം, സൂപ്പർ ഫാബ്ലാബ്സ്, യൂണിറ്റി സെന്റർ ഓഫ് എക്സലൻസ്, സിംഗുലാരിറ്റി യൂണിവേഴ്സിറ്റിയുടെ ഗ്ലോബൽ ഇന്നൊവേഷൻ ചലഞ്ച്, കോപ്പൻഹേഗൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ററാക്ടീവ് ഡിസൈനിന്റെ (സിഐഐഡി) സമ്മർ സ്കൂൾ തുടങ്ങിയവ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിൽ കാര്യമായ പരിവർത്തനം വരുത്തിയ ചില പ്രോഗ്രാമുകളായിരുന്നു.

## ആനിമേഷൻ

90-കളുടെ അവസാനം ആനിമേഷൻ വ്യവസായം കേരളത്തിൽ ഒരു വാഗ്ദാനമായി മാറുകയും 2000ങ്ങളുടെ തുടക്കത്തിലെ ഐടി വിപ്ലവത്തിന്റെ അലയൊലികളാൽ അത് പ്രചോദിപ്പിക്കപ്പെടുകയും ചെയ്തു. വ്യവസായത്തിന്റെ പ്രാരംഭ ഘട്ടമായതിനാൽ, ആനിമേഷൻ സ്റ്റുഡിയോകൾ വിവര സാങ്കേതിക ആവാസവ്യവസ്ഥയുടെ ഭാഗമായിരുന്നു. ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന ടൂൺസ് ആനിമേഷൻസ്, ദ്വിമാന ആനിമേഷനിൽ വൈദഗ്ധ്യം നേടുകയും വിദേശത്തുനിന്ന് ഔട്ട്സോഴ്സ് പ്രോജക്ടുകൾ ഏറ്റെടുക്കുകയും ചെയ്തുകൊണ്ട് രാജ്യത്ത് ഈ വ്യവസായത്തിന്റെ തുടക്കക്കാരായി ഉയർന്നു.

സമാനമായവിധത്തിൽ ആനിമേഷൻ സ്റ്റുഡിയോകളായ ആനിമേഷൻ ഡൈമൻഷൻ, നെസ്റ്റ് ആനിമേഷൻ, ഡിജിറ്റൽ കാർവിംഗ് തുടങ്ങിയവ വ്യവസായത്തിന്റെ വളർച്ചയുടെ പാതയിൽ സംഭാവന നൽകി. അവരിൽ ഭൂരിഭാഗവും ദ്വിമാന, ത്രിമാന ആനിമേഷൻ, കോമ്പോസിറ്റിംഗ്, റോട്ടോസ്കോപ്പിംഗ്, ഡിജിറ്റൽ മാറ്റ് പെയിന്റിംഗ് എന്നിവയിൽ വൈദഗ്ധ്യം നേടിയിട്ടുണ്ട്. കേരളം ആസ്ഥാനമായുള്ള ആനിമേഷൻ സ്റ്റുഡിയോകൾ അവരുടെ ജോലിയുടെ ഗുണനിലവാരത്തിലും വരവ്-ചെലവ് ഗുണമേന്മയിലും ക്രമേണ അംഗീകാരം നേടി. അവർ അന്താരാഷ്ട്ര പ്രൊഡക്ഷൻ ഹൗസുകളുമായി സഹകരിക്കാൻ തുടങ്ങുകയും ആഗോള ചലച്ചിത്ര-ടെലിവിഷൻ പദ്ധതികളുടെ ഉള്ളടക്കത്തിന് സംഭാവന നൽകുകയും ചെയ്തു.

ആനിമേഷനിൽ കോഴ്സുകൾ നടത്തുന്ന നിരവധി സ്ഥാപനങ്ങൾ സംസ്ഥാനത്തുടനീളം കൂണുപോലെ മുളച്ചുവരുന്നത് ഈ മേഖലയിലെ പ്രാദേശിക പ്രതിഭകളെ പരിപോഷിപ്പിക്കുന്നതിന് അനുകൂലമായ അന്തരീക്ഷം വളർത്തിയെടുക്കുന്നുണ്ട്. എന്നിരുന്നാലും, ദ്രുതഗതിയിലുള്ള വികാസത്തിന്റെ ഈ ഘട്ടം ഒടുവിൽ ഒരു തളർച്ചയിലേക്കു നീങ്ങി. മിക്ക സ്റ്റുഡിയോകളും ഒന്നുകിൽ അടച്ചുപൂട്ടുകയോ മറ്റ് മേഖലകളിലേക്ക് വൈവിധ്യവത്കരിക്കുകയോ ചെയ്തു. ഒരിക്കൽ അഭിവൃദ്ധി പ്രാപിച്ച വ്യവസായത്തിന്റെ മാന്ദ്യത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഈ മാന്ദ്യത്തിന് പിന്നിലെ ഘടകങ്ങൾ സങ്കീർണ്ണവും ബഹുമുഖവുമായതിനാൽ ഈ പരിവർത്തനത്തിന്റെ ചലനാത്മകത മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന വ്യവസായ വിദഗ്ധരിൽ നിന്ന് വൈവിധ്യമാർന്ന നിരീക്ഷണങ്ങൾ ആവശ്യപ്പെടുന്നുണ്ട്.

## വിഷ്വൽ ഇഫക്ടുകൾ

ആനിമേഷൻ മേഖലയ്ക്കൊപ്പം വിഎഫ്എക്സ് വ്യവസായവും വളർന്നത് കേരളത്തിന് വളർച്ചയ്ക്കുള്ള മറ്റൊരു അവസരമായി. വിദഗ്ധരായ തൊഴിലാളികളുടെ ലഭ്യതയും പ്രധാന നഗരങ്ങളെ അപേക്ഷിച്ച് കുറഞ്ഞ പ്രവർത്തന ചെലവും വളർച്ചയ്ക്ക് ആക്കം കൂട്ടി. വിഎഫ്എക്സ് മേഖലയ്ക്ക് ആവശ്യമായ വൈദഗ്ധ്യവും അറിവുമുള്ള വിദ്യാർത്ഥികളെ സജ്ജമാക്കാൻ ലക്ഷ്യമിട്ടുള്ള വിവിധ കോഴ്സുകൾ അതിന്റെ പ്രാധാന്യത്തിന് സംഭാവന ചെയ്യുന്ന വിദഗ്ധരായ പ്രൊഫഷണലുകളുടെ എണ്ണം വർധിപ്പിച്ചു.



ഈ രംഗത്തെ മുൻനിരക്കാരായ വിസ്മയമാക്സ്, അത്യാധുനിക വിഷ്വൽ ഇഫക്റ്റുകൾക്കും ആനിമേഷനും പേരുകേട്ടതാണ്. വിസ്മയമാക്സ് കേരളത്തിലെ എവിജിസി വ്യവസായത്തിന് ഗണ്യമായ സംഭാവന നൽകുകയും ആഴത്തിലുള്ളതും ആകർഷകവുമായ ഡിജിറ്റൽ അനുഭവങ്ങൾ സൃഷ്ടിക്കുന്നതിൽ വൈദഗ്ധ്യം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ആനിമേഷൻ, ഗെയിമിംഗ് മേഖലകളിൽ സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന പ്രശസ്തിക്ക് സംഭാവന നൽകിക്കൊണ്ട്, ഏറ്റവും മികച്ച വിഷ്വൽ ഇഫക്റ്റ് സൊല്യൂഷനുകൾ വിതരണം ചെയ്യുന്നതിൽ വൈദഗ്ധ്യമുള്ളവരാണ് TMEFX. ഡിടിഎം (ഡിജിറ്റൽ ടൈഫൂൺ മീഡിയ) ഡിജിറ്റൽ മീഡിയ സൊല്യൂഷനുകളിൽ സ്പെഷ്യലൈസ് ചെയ്യുന്നു. കോക്കനട്ട് ബഞ്ച് ആനിമേഷനും ഗെയിമിംഗിനും സവിശേഷമായ പ്രാധാന്യം നൽകുന്നു. കഥപറച്ചിലിനോടും ദൃശ്യമികവിനോടുമുള്ള പ്രതിബദ്ധതയോടെ, ഡിജിറ്റൽ മേഖലയിലെ സംസ്ഥാനത്തിന്റെ സർഗ്ഗാത്മക ശ്രമങ്ങൾക്ക് മാഗിത്ത് ആഴം കൂട്ടുന്നു.

വർഷങ്ങളായി, കേരളം ആസ്ഥാനമായുള്ള വിഎഫ്എക്സ് സ്റ്റുഡിയോകൾ അവരുടെ പോർട്ട്ഫോളിയോ വിപുലീകരിക്കുകയും പരസ്യങ്ങൾ, പ്രാദേശികവും ദേശീയവുമായ സിനിമകൾ, ടെലിവിഷൻ ഷോകൾ, അന്തർദേശീയ സഹകരണങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രോജക്ടുകളിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. വിനോദ വ്യവസായത്തിന്, പ്രത്യേകിച്ച് വിഷ്വൽ സ്റ്റോറിടെല്ലിംഗ് അനുഭവം വർദ്ധിപ്പിക്കുന്നതിന് ഈ സ്റ്റുഡിയോകൾ നൽകിയ സംഭാവനകൾ ദേശീയ അന്തർദേശീയ പ്ലാറ്റ്ഫോമുകളിൽ അംഗീകരിക്കപ്പെട്ടതാണ്.

## ഗെയിമിംഗ്

സ്ഥാപിത വ്യവസായ ഭീമന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ ഇപ്പോഴും പുതുമയുള്ളതാണെങ്കിലും, കേരളത്തിലെ ഗെയിമിംഗ് മേഖല സ്ഥിരമായ വളർച്ചയുടെ ഒരു കാലഘട്ടത്തിലാണ്. ഇത് സംസ്ഥാനത്തിന്റെ വിഎഫ്എക്സ് വ്യവസായത്തിനൊപ്പം അവസരങ്ങളുടെ ഒരു വാഗ്ദാന മേഖലയായി ഉയർന്നുവരികയും ചെയ്യുന്നു. താരതമ്യേന കുറഞ്ഞ പ്രവർത്തനച്ചെലവിനൊപ്പം വൈദഗ്ധ്യവും സാങ്കേതിക ജ്ഞാനവുമുള്ള ഒരു തൊഴിൽ ശക്തി, ഗെയിമിംഗ് സ്റ്റുഡിയോകൾക്ക് ആകർഷകമായ സ്ഥലമാക്കി കേരളത്തെ മാറ്റുന്നു. ഇത് നവീനവും എന്നാൽ ചലനാത്മകവുമായ ഒരു ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. സർവ്വകലാശാലകളും സ്വകാര്യ സ്ഥാപനങ്ങളും ഗെയിമിംഗ് വ്യവസായത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി വ്യത്യസ്തമായ കോഴ്സുകളും പരിശീലന പരിപാടികളും വാഗ്ദാനം ചെയ്യുന്നു.

കേരളത്തിലെ സ്റ്റുഡിയോകൾ വിവിധ വിഭാഗങ്ങളിലും പ്ലാറ്റ്ഫോമുകളിലും ഗെയിമുകൾ വികസിപ്പിച്ചുകൊണ്ട് അവരുടെ വൈദഗ്ധ്യം പ്രകടിപ്പിക്കുന്നു. അവർ ആഭ്യന്തര വിപണിയിൽ മാത്രമല്ല, അന്തർദേശീയമായും തങ്ങളുടെ മുദ്ര പതിപ്പിക്കുന്നുണ്ട്. ചില ഗെയിമുകൾ അവരുടെ നൂതനമായ ഗെയിംപ്ലേയ്ക്കും ആകർഷകമായ വിവരണങ്ങൾക്കും ആഗോള അംഗീകാരം നേടുന്നുമുണ്ട്.

2012-ൽ സ്ഥാപിതമായ, DYNAMICNEXT മൊബൈൽ പ്ലാറ്റ്ഫോമുകൾക്കായി ഉയർന്ന നിലവാരമുള്ള സാമൂഹ്യ-തന്ത്രപര ഗെയിമുകൾ സൃഷ്ടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സ്പിയർമിന്റ് ഗെയിംസ് കാഴ്ചയിൽ അതിശയിപ്പിക്കുന്ന ഗെയിമുകൾ നിർമ്മിക്കുമ്പോൾ, ഗെയിമിംഗിലുമുള്ള വ്യതിരിക്തമായ ചാപ്റ്റർ ഐപി സമീപനത്തിന് പേരുകേട്ടതാണ് ബസാൻ സ്റ്റുഡിയോ. ടിൽറ്റ് ലാബ്സ് ആകട്ടെ ഓഗ്മെന്റഡ്, വെർച്വൽ റിയാലിറ്റി സാങ്കേതികവിദ്യകളിലൂടെ ആഴത്തിലുള്ള അനുഭവങ്ങളിൽ സ്പെഷ്യലൈസ് ചെയ്യുന്ന, കേരളത്തിലെ എവിജിസി വ്യവസായത്തിലെ ശ്രദ്ധേയ കമ്പനിയാണ്. ഭ്രഷൻസ് ജൂനിയർ യുവപ്രേക്ഷകർക്കായി വിദ്യാഭ്യാസ ഉള്ളടക്കവും സംവേദനാത്മക അനുഭവങ്ങളും കൈകാര്യം ചെയ്യുന്നു.

## കോമിക്സ്

1970-കൾ മുതൽ ഇന്നുവരെയുള്ള കൗതുകകരമായ യാത്രയിലൂടെ കടന്നുപോകുകയും സാമൂഹിക മാനദണ്ഡങ്ങൾ, സാങ്കേതികവിദ്യ, കഥപറച്ചിലിന്റെ മുൻഗണനകൾ എന്നിവയിലെ മാറ്റങ്ങൾക്കൊപ്പം വികസിക്കുകയും ചെയ്തതാണ് കേരളത്തിലെ കോമിക് വ്യവസായം. ആദ്യ ദശകങ്ങളിൽ, 1971-ൽ അരങ്ങേറ്റം കുറിച്ച കോമിക് സ്ട്രിപ്പായ ബോബനും മോളിയും പോലുള്ള ഐതിഹാസിക കഥാപാത്രങ്ങളുടെ ജനപ്രീതി ഈ വ്യവസായത്തെ അടയാളപ്പെടുത്തുകയും അതിന്റെ നർമ്മവും ആകർഷകമായ വിഷയങ്ങളുംകൊണ്ട് വായനക്കാരെ ആകർഷിക്കുന്നത് തുടരുകയും ചെയ്യുന്നു. 1980കൾ കോമിക്സിന്റെ നിർമ്മാണത്തിലും ഉപഭോഗത്തിലും കുതിച്ചുചാട്ടത്തിന് സാക്ഷ്യം വഹിച്ചു. ഹാസ്യവും സാഹസികതയും മുതൽ പുരാണകഥകൾവരെയുള്ള വിവിധ വിഭാഗങ്ങൾ പ്രീതി നേടി.



*വി.ടി. തോമസ്*

1990-കളിലെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഉദാരവൽക്കരണം കോമിക് പുസ്തക വ്യവസായത്തിന് ഒരു സുപ്രധാന വഴിത്തിരിവായി. ഈ കാലഘട്ടത്തിൽ മുഖ്യധാരാ മാധ്യമങ്ങളിലേക്കുള്ള അന്തർദേശീയ കഥാപാത്രങ്ങളുടെ കടന്നുവരവ്, കോമിക്സിന്റെ ആഖ്യാന ഭൂപ്രകൃതിയെ സ്വാധീനിച്ചപ്പോൾ, ശക്തമായ പ്രാദേശിക ആകർഷണം, ആകർഷകമായ വിഷയങ്ങൾ, ശാശ്വതമായ ജനപ്രീതി നിലനിർത്തുന്ന പ്രതീകാത്മക കഥാപാത്രങ്ങൾ എന്നിവ മലയാളം കോമിക്സിനെ ശ്രദ്ധേയമാക്കി. സൂപ്പർ ഹീറോകൾ, പുരാണ കഥകൾ, സാമൂഹിക വ്യാഖ്യാനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഉള്ളടക്കത്തിന്റെ വൈവിധ്യവൽക്കരണവും വ്യവസായം സ്വീകരിച്ചു.

നിലവിൽ, പരമ്പരാഗത- ഡിജിറ്റൽ മാധ്യമങ്ങളുടെ മിശ്രിതത്തിലൂടെയാണ് കേരള കോമിക് വ്യവസായം അഭിവൃദ്ധി പ്രാപിക്കുന്നത്. പുതുതായി കടന്നുവരുന്നവർ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ നൂതനമായ കഥപറച്ചിൽ പരീക്ഷിക്കുമ്പോൾ ക്ലാസിക് കഥാപാത്രങ്ങൾ അതേപോലെ നിലനിൽക്കുന്നു. കേരളത്തിന്റെ ചലനാത്മക സാംസ്കാരിക ഭൂപ്രകൃതിയിൽ അതിന്റെ ശാശ്വതമായ ആകർഷണവും തുടർച്ചയായ പ്രസക്തിയും ഉറപ്പിച്ചുകൊണ്ട് ആനിമേറ്റഡ് അഡാപ്റ്റേഷനുകൾക്കായി കഥാപാത്രങ്ങളെ ഏറ്റെടുക്കുന്നതിലേക്ക് വ്യവസായം വഴങ്ങിക്കഴിഞ്ഞു.

2020 ജൂണിൽ ആരംഭിച്ചതുമുതൽ മുതൽ ആഗോള മൊബൈൽ പ്രേക്ഷകരെ രസിപ്പിച്ചുകൊണ്ടിരിക്കുന്ന BaBlah®® എന്ന ആദ്യത്തെ വെർച്വൽ അഭിനേതാവിന്റെ സ്രഷ്ടാക്കളാണ് ബസാൻ സ്റ്റുഡിയോസ്. കഴിഞ്ഞ വർഷങ്ങളിൽ, 1000ൽപരം കോമിക് സ്ട്രിപ്പുകളും അൻപതിലധികം ഗെയിമുകളും ബസാൻ നിർമ്മിക്കുകയും ലോകമെമ്പാടുമുള്ള 150 ദശലക്ഷത്തിലധികം ആളുകളെ രസിപ്പിക്കുകയും ചെയ്തു. കോമിക്സ്, ആനിമേറ്റഡ് പരമ്പര, കുട്ടികൾക്കായി ഇന്ററാക്ടീവ്- റോബോട്ടിക് കളിപ്പാട്ടങ്ങൾ എന്നിവ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ കുട്ടികളുടെ ടെക്-ടെയ്ൻമെന്റ് കമ്പനിയാണ് ഭൂഷൻസ് ജൂനിയർ.

### നിലവിലെ വ്യവസായ ഭൂമിക

- കമ്പനികളുടെ എണ്ണം: 125+
- ജീവനക്കാരുടെ എണ്ണം: 3000+
- പരിശീലന സ്ഥാപനങ്ങളുടെ എണ്ണം: 100+
- ഓരോ വർഷവും വിജയിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം: 3000+

### കേരളത്തിലെ എവിജിസി–എക്സ്ആർ പാഠ്യമേഖല

കേരളത്തിലെ എവിജിസി-എക്സ്ആർ പാഠ്യമേഖല സ്വകാര്യ, സർക്കാർ മേഖലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചലനാത്മക ആവാസവ്യവസ്ഥയോടെ വികസിക്കുന്നതും ഡിജിറ്റൽ ഭാവിയിലേക്കുള്ള പ്രതിഭകളെ പരിപോഷിപ്പിക്കുന്ന പ്രത്യേക പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്യുന്നതുമാണ്. എവിജിസി-എക്സ്ആർ മേഖലയിലെ വെല്ലുവിളികൾക്കും അവസരങ്ങൾക്കും തയ്യാറെടുക്കുന്ന, വിദഗ്ധ തൊഴിലാളികളെ പരിപോഷിപ്പിക്കുന്ന, സർഗ്ഗാത്മക നവീകരണത്തിനുള്ള ഒരു കേന്ദ്രമായി ഈ അക്കാദമിക് ഭൂപ്രകൃതി കേരളത്തെ പ്രതിഷ്ഠിക്കുന്നു.

കൂടാതെ, കേരളത്തിലെ ഫൈൻ ആർട്സ് കോളേജുകൾ സർഗ്ഗാത്മകതയുടെ ഊർജ്ജസ്വലമായ കേന്ദ്രങ്ങളായി നിലകൊള്ളുകയും ദൃശ്യ, ശിൽപകലകളിലും മറ്റും സമഗ്രമായ പരിപാടികളോടെ കലാകാരന്മാരെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. കലാപരമായ മികവും നൂതനത്വവും വളർത്തിയെടുക്കുന്നതിലൂടെ ഈ സ്ഥാപനങ്ങൾ കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക വിസ്മയത്തിന് സംഭാവന നൽകുന്നു.

തിരുവനന്തപുരത്ത് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച ആർട്ട്സ്ട്രീറ്റ് പദ്ധതി ചിത്രകലാപ്രവർത്തനത്തെയും ഗ്യാലറി സങ്കൽപത്തേയും കൂടുതൽ ജനകീയമാക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഗ്യാലറികളെന്ന വിധത്തിലാണ് നഗരമധ്യത്തിലെ ചുവരുകളിൽ ചിത്രങ്ങൾ വരക്കുന്നത്. ഇതേത്തുടർന്ന് സംസ്ഥാനത്ത് പലയിടങ്ങളിലും റോഡരികുകളിലെ ചുവരുകളും മറ്റും ആർട്ട് വാളുകളായി മാറ്റുന്നത് വലിയതോതിൽ വർധിച്ചിട്ടുണ്ട്. വിവിധ സർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും ഇതിന് പ്രോത്സാഹനവും നൽകുന്നു. ഈ മേഖലയിലേക്ക് പുതിയ ആളുകളെ ആകർഷിക്കാനും ഇത് പര്യാപ്തമായിട്ടുണ്ട്.



ഫൈൻ ആർട്സ് കോളേജ്

തിരുവനന്തപുരം കേന്ദ്രീകരിച്ച് ആർട് വാൾ പ്രൊജക്ടുകൾ ചെയ്യുന്ന അമ്യൂസിയം ആർട് സയൻസ് എന്ന സ്ഥാപനം അസാപ്പുമായി ചേർന്ന് നടത്തുന്ന ആർട് അപ്രീസിയേഷൻ കോഴ്സ് ഇത്തരത്തിൽ കേരളത്തിൽ ആദ്യത്തേതാണ്. കലാചരിത്രം ഉൾപ്പെടെ ആസ്വാദനത്തിന്റെയും പഠനത്തിന്റെയും നിരൂപണത്തിന്റെയും വിശാല ലോകം തുറക്കുന്ന ഈ കോഴ്സ് പുതിയ സാങ്കേതിക വിദ്യകളുപയോഗിച്ച് ഈ രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവർക്ക് കലാപരമായി വലിയ പ്രോത്സാഹനമാണ് നൽകുന്നത്.

### പ്രമുഖ സ്ഥാപനങ്ങൾ

- അരീന ആനിമേഷൻ (സംസ്ഥാനത്തുടനീളം)
- ടൂൺസ് അക്കാദമി, തിരുവനന്തപുരം
- ഇമേജ് ഇൻസ്റ്റിറ്റ്യൂട്ട് (സംസ്ഥാനത്തുടനീളം)
- സേക്രഡ് ഹാർട്ട്സ് കോളേജ്, എറണാകുളം
- ഗവൺമെന്റ് കോളേജ് ഓഫ് ഫൈൻ ആർട്സ്, തിരുവനന്തപുരം
- ഗവൺമെന്റ് കോളേജ് ഓഫ് ഫൈൻ ആർട്സ്, തൃശ്ശൂർ
- രാജാ രവിവർമ കോളേജ് ഓഫ് ഫൈൻ ആർട്സ്, ആലപ്പുഴ

### പ്രധാന പരിപാടികൾ

**കൊച്ചി-മുസിരിസ് ബിനാലെ:** കൊച്ചിയെ സമകാലിക കലയുടെ ഊർജ്ജസ്വലമായ കേന്ദ്രമാക്കി മാറ്റുന്നതിനും അതിരുകൾക്കപ്പുറത്തേക്ക് ആഗോള സംവാദം വളർത്തുന്നതിനും ബിനാലെ സഹായിക്കുന്നുണ്ട്.

**ആനിമേഷൻ മാസ്റ്റേഴ്സ് ഉച്ചകോടി:** ശിൽപശാലകൾ, മാസ്റ്റർക്ലാസ്സുകൾ, ഇന്ററാക്ടീവ് സെഷനുകൾ എന്നിവയിലൂടെ ആനിമേഷൻ വ്യവസായത്തിൽ ഇന്നൊവേഷനെ പരിപോഷിപ്പിക്കുന്ന വാർഷിക പരിപാടി.

**കൊച്ചി ഡിസൈൻ വീക്ക്:** ഡിസൈൻ തിങ്കിംഗിലെ ഏറ്റവും പുതിയ പ്രവണതകളും മുന്നേറ്റങ്ങളും പര്യവേക്ഷണം ചെയ്യുന്ന ഡിസൈൻ പ്രൊഫഷണലുകൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ വാർഷിക ഒത്തുചേരൽ.

# കേരള എവിജിസി-എക്സ്ആർ സ്ട്രാറ്റജി

# കേരള എവിജിസി-എക്സ്ആർ നയത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും കാഴ്ചപ്പാടും

### കാഴ്ചപ്പാട്

- എവിജിസി-എക്സ്ആർ മേഖലയെ വളർത്തിയെടുക്കുന്നതിനായി കേരളത്തിന്റെ മികച്ച സാംസ്കാരിക-കലാ വൈദഗ്ധ്യങ്ങളേയും വൈദഗ്ധ്യമുള്ള പ്രതിഭകളേയും പ്രയോജനപ്പെടുത്തുക.
- എവിജിസി-എക്സ്ആറിൽ ഇന്നൊവേഷൻ, സർഗ്ഗാത്മകത, സാങ്കേതിക മുന്നേറ്റം എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന ഊർജ്ജസ്വലമായ ഒരു ആവാസവ്യവസ്ഥ വളർത്തിയെടുക്കുക.
- അന്തർദേശീയ സ്റ്റുഡിയോകൾ, പ്രോജക്ടുകൾ, നിക്ഷേപങ്ങൾ എന്നിവയെ ആകർഷിക്കുന്ന എവിജിസി-എക്സ്ആർ ഉള്ളടക്കം സൃഷ്ടിക്കുന്നതിനുള്ള ഒരു പ്രധാന ലക്ഷ്യസ്ഥാനമായി കേരളത്തെ രൂപപ്പെടുത്തുക.

## ദൗത്യം

**ആഗോള മികവും മത്സരക്ഷമതയും**

- എവിജിസി-എക്സ്ആർ ഇന്നൊവേഷനുവേണ്ടിയുള്ള അന്താരാഷ്ട്ര അംഗീകാരമുള്ള കേന്ദ്രമായി കേരളത്തെ മാറ്റുക.
- ആഗോള വിപണി പ്രവേശനവും സഹകരണവും വർദ്ധിപ്പിക്കുന്നതിന് തന്ത്രപരമായ പങ്കാളിത്തം സ്ഥാപിക്കുക.

**സർഗ്ഗാത്മകവും സാമ്പത്തികവുമായ അഭിവൃദ്ധി**

- സാങ്കേതിക, വിപണി നവീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ മുന്നോട്ട് കൊണ്ടുപോകുക.
- ധാർമ്മിക സമ്പ്രദായങ്ങൾക്കും ഹരിത സാങ്കേതികവിദ്യകൾക്കും ഊന്നൽ നൽകിക്കൊണ്ട് സുസ്ഥിര സാമ്പത്തിക നേട്ടങ്ങൾ സൃഷ്ടിക്കുക.

**സഹകരണ വളർച്ചാ ചട്ടക്കൂട്**

- കലാകാരന്മാർ, സാങ്കേതിക വിദഗ്ധർ എന്നിവർക്ക് ബിസിനസ്സുകളുമായി പരസ്പര സഹകരണത്തിന്റെ സംസ്കാരം വളർത്തിയെടുക്കുക.
- എവിജിസി-എക്സ്ആർ കമ്മ്യൂണിറ്റിക്കായി ക്രിയേറ്റീവ് കൂട്ടായ്മകളുടെയും സഹ-പ്രവർത്തന ഇടങ്ങളുടെയും വികസനത്തെ പിന്തുണയ്ക്കുക.



**ഉൾക്കൊള്ളുന്നതും ആഴത്തിലുള്ളതുമായ അനുഭവങ്ങൾ**

- കേരളത്തിന്റെ സാംസ്കാരിക രൂപങ്ങളെ സമന്വയിപ്പിക്കുകവഴി പ്രാദേശിക ഉള്ളടക്കത്തെ നയിക്കുന്ന ശ്രദ്ധേയമായ ആഖ്യാനങ്ങൾ സൃഷ്ടിക്കാൻ എവിജിസി-എക്സ്ആർ ഉപയോഗിക്കുക.
- വൈവിധ്യമാർന്നതും ഉൾക്കൊള്ളുന്നതും ഇടപഴകുന്നതുമായ ഡിജിറ്റൽ അനുഭവങ്ങളിലൂടെ പ്രേക്ഷകരിലേക്ക് കൂടുതലായി എത്തിച്ചേരുക.

## നയ ലക്ഷ്യങ്ങൾ

1. എവിജിസി-എക്സ്ആർ വ്യവസായത്തിൽ സംസ്ഥാനത്തേക്ക് പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുക
2. രാജ്യത്ത് നിന്നുള്ള എവിജിസി-എക്സ്ആർ വ്യവസായ കയറ്റുമതിയിൽ ഗണ്യമായ പങ്ക് നേടിയെടുക്കുക
3. എവിജിസി-എക്സ്ആർ വ്യവസായത്തിന് ഗുണമേന്മയും കഴിവുമുള്ളവരുടെ അടിത്തറ ഉണ്ടാക്കുക
4. എവിജിസി-എക്സ്ആർ സ്റ്റാർട്ടപ്പുകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഒരു സംരംഭക ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുക
5. ഒരു ബൗദ്ധിക സ്വത്തവകാശത്തിൽ ഊന്നിയ എവിജിസി-എക്സ്ആർ വ്യവസായ ആവാസവ്യവസ്ഥ വികസിപ്പിക്കുക
6. എവിജിസി-എക്സ്ആർ വ്യവസായ സേനയിൽ എല്ലാവരേയും ഉൾക്കൊള്ളിക്കുക.

**കണക്കാക്കാവുന്ന ലക്ഷ്യങ്ങൾ**

| വശം | ആഗ്രഹിക്കുന്ന ഫലം |
|---|---|
| **വ്യവസായ വളർച്ച** | 2029-ഓടെ എംഎൻസി-കൾ ഉൾപ്പെടെ 250 എവിജിസി-എക്സ്ആർ കമ്പനികളുടെ വ്യവസായ വളർച്ചയുടെ തുടക്കവും വിപുലീകരണവും |
| **കയറ്റുമതി വരുമാനം** | 2029-ഓടെ ഇന്ത്യയുടെ കയറ്റുമതി വരുമാനത്തിന്റെ 10% എവിജിസി-എക്സ്ആർ കരസ്ഥമാക്കുക. |
| **തൊഴിൽ സൃഷ്ടി** | 2029-ഓടെ എവിജിസി-എക്സ്ആർ വ്യവസായത്തിൽ 50,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. |
| **കഴിവുണ്ടാക്കൽ** | പ്രതിവർഷം 10,000 പ്രൊഫഷണലുകളെ എവിജിസി-എക്സ്ആർ തൊഴിലിന് നൈപുണ്യമുള്ളവരാക്കുക. |
| **സ്റ്റാർട്ടപ്പുകൾ** | 2029-ഓടെ കേരളത്തിൽ 150 എവിജിസി-എക്സ്ആർ സ്റ്റാർട്ടപ്പുകളെ ഇൻകുബേറ്റ് ചെയ്യുക |
| **ഐപി സൃഷ്ടിക്കൽ** | രാജ്യത്ത് സൃഷ്ടിക്കപ്പെടുന്ന എവിജിസി-എക്സ്ആർ ഉള്ളടക്കത്തിന്റെ 15% എങ്കിലും കരസ്ഥമാക്കുക |



# സംസ്ഥാനത്ത് എവിജിസി-എക്സ്ആർ ആവാസവ്യവസ്ഥ വികസിപ്പിക്കൽ

# അടിസ്ഥാന സൗകര്യം

അടിസ്ഥാന സൗകര്യങ്ങൾ, മൊബിലിറ്റി, കണക്റ്റിവിറ്റി എന്നിവയുടെ ഏകീകൃത വിതരണമുള്ളതും 39,000 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതുമായ ഒരു നാഗരികസഞ്ചയമാണ് കേരളം. എവിജിസി-എക്സ്ആർ മേഖലയുടെ അവശ്യഘടകമായും നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള പ്രധാന ചാലകമായും അടിസ്ഥാന സൗകര്യങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട്, വ്യവസായത്തിന് ഉയർന്ന നിലവാരമുള്ള സൗകര്യങ്ങൾ ലഭ്യമാക്കാൻ സംസ്ഥാനം പ്രതിജ്ഞാബദ്ധമാണ്.

### 1. ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ

ഉടനടിയുള്ള ആവശ്യകതകളും ദീർഘകാല വ്യവസായ പ്രവണതകളും കണക്കിലെടുത്ത് ഭൗതിക അടിസ്ഥാന സൗകര്യവികസനം രണ്ട് ഘട്ടമായി നടപ്പിലാക്കും:

- **ഘട്ടം 1** – ആനിമേഷൻ, വിഎഫ്എക്സ്, കോമിക്സ് എന്നിവയ്ക്കായി സംസ്ഥാനത്തുടനീളം പ്രത്യേക സൗകര്യങ്ങളുടെ സത്വരവികസനം
- **ഘട്ടം 2** – കെഎസ്‌യുഎമ്മിന്റെ എമർജിംഗ് ടെക്നോളജി ഹബ്ബുമായി സംയോജിപ്പിച്ച് ഇ-ഗെയിമിംഗും എക്സ്ആറും ഉൾപ്പെടുത്തിയുള്ള വ്യാപ്തി വിപുലീകരണം.

**തന്ത്രപര അടിസ്ഥാന സൗകര്യ സമീപനം**

സമഗ്രമായ ത്രിതല തന്ത്രത്തിലൂടെ അടിസ്ഥാനസൗകര്യ വികസനം:

- **പുതിയ സൗകര്യം നിർമ്മിക്കുക:** സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തിലും പിപിപി മോഡലുകളിലും ശ്രദ്ധ കേന്ദ്രീകരിച്ച് അത്യാധുനിക എവിജിസി-എക്സ്ആർ പാർക്കുകളും ലാബുകളും വികസിപ്പിക്കുക
- **നിലവിലുള്ള ഇടങ്ങൾ പ്രയോജനപ്പെടുത്തുക:** ഐടി/ഇൻഡസ്ട്രി പാർക്കുകൾക്കുള്ളിൽ ലഭ്യമായ ഇടങ്ങൾ ഒരു സമർപ്പിത എവിജിസി-എക്സ്ആർ അലോക്കേഷൻ ലക്ഷ്യമിട്ട് ക്രമീകരിക്കുക.
- **പുനരുപയോഗം:** കെഎസ്എഫ്ഡിസിയുടെ സ്റ്റുഡിയോകളും സമാനമായ സർക്കാർ ഏജൻസികളുടെ ഉടമസ്ഥതയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ എവിജിസി-എക്സ്ആറിനായി നവീകരിക്കുക.

**a) എവിജിസി-എക്സ്ആറിനുള്ള മികവിന്റെ കേന്ദ്രം**

കേരള സർക്കാർ എവിജിസി-എക്സ്ആറിൽ ഒരു മികവിന്റെ കേന്ദ്രം (സിഒഇ) സ്ഥാപിക്കുകയും അത് സംസ്ഥാനത്തെ ആവാസവ്യവസ്ഥയുടെ ആണിക്കല്ലായിരിക്കുകയും ചെയ്യും. നൈപുണ്യവികസനം, ഇന്നൊവേഷൻ, ഗവേഷണവും വികസനവും എന്നിവയുടെ നട്ടെല്ലായി സിഒഇ പ്രവർത്തിക്കും.

സിഒഇക്കായി തിരുവനന്തപുരത്ത് 20 ഏക്കർ ഭൂമി സർക്കാർ കണ്ടെത്തും. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) ആയിരിക്കും സിഒഇ രൂപീകരിക്കുന്നതിനും എവിജിസി-എക്സ്ആർ നയം നടപ്പാക്കുന്നതിനും ഉത്തരവാദിത്തമുള്ള നോഡൽ ഏജൻസി.

ഡിജിറ്റൽ പോസ്റ്റ്-പ്രൊഡക്ഷൻ എവിജിസി-എക്സ്ആർ ലാബുകൾ, പോസ്റ്റ്-പ്രൊഡക്ഷൻ സാങ്കേതികവിദ്യകളായ മോഷൻ ക്യാപ്ചർ, ത്രിമാന-ദ്വിമാന ആനിമേഷൻ, ഹൈ-സ്പീഡ് റെൻഡറിംഗ് തുടങ്ങിയ ഏറ്റവും പുതിയ അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളും നൂതന ഹാർഡ്‌വെയർ സോഫ്റ്റ്‌വെയർ സാങ്കേതികവിദ്യകളും ഉൾപ്പെടെ സിഒഇ നൽകും. ഗവേഷണ-വികസനവും ഇന്നൊവേഷനും വർദ്ധിപ്പിക്കുന്നതിന് പിഎച്ച്ഡി ഉൾപ്പെടെയുള്ള പ്രത്യേക പ്രോഗ്രാമുകൾ സിഒഇയിൽ ഉണ്ടാകും.

**സിഇഇ യിൽ നിക്ഷിപ്തമാകുന്നത്:**

- എവിജിസി-എക്സ്ആർ പ്രമോഷന്റെ നേതൃത്വമായി പ്രവർത്തിക്കുകയും ഈ മേഖലയുടെ വളർച്ചയ്ക്കുള്ള നയങ്ങൾ നടപ്പാക്കാൻ വ്യവസായത്തിന്റെ മാർഗനിർദേശ സ്ഥാപനമായി പ്രവർത്തിക്കുകയും ചെയ്യുക.
- കേരളത്തിൽ എവിജിസി-എക്സ്ആർ വിദ്യാഭ്യാസത്തിന് മാനദണ്ഡങ്ങൾ ഉണ്ടാക്കുക
- വ്യവസായവുമായും അന്തർദേശീയ എവിജിസി-എക്സ്ആർ ഇൻസ്റ്റിറ്റ്യൂട്ടുകളുമായും സജീവമായി സഹകരിക്കുക
- കേരള എവിജിസി-എക്സ്ആർ വ്യവസായത്തിന്റെ ആഗോള സ്ഥാനം മെച്ചപ്പെടുത്തുക
- കെഎസ്‌യുഎമ്മുമായി സഹകരിച്ച് ഉയർന്ന നിലവാരമുള്ള ഇൻകുബേഷൻ ലാബുകൾ ലഭ്യമാക്കി എവിജിസി-എക്സ്ആർ സ്റ്റാർട്ട്-അപ്പ് ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുക.
- കെ-ഡിസ്കും ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് വ്യവസായത്തിനുള്ള നൂതന സാങ്കേതികവിദ്യകളെയും പരിഹാരങ്ങളെയുംകുറിച്ചുള്ള ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു നോഡൽ സ്ഥാപനമായി പ്രവർത്തിക്കുക.
- വ്യവസായത്തിനും സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിനും ഉപയോഗിക്കാവുന്ന പൊതുവായ സൗകര്യങ്ങൾ നൽകുക

ഉയർന്നുവരുന്ന പ്രവണതകളിൽ ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ട് വ്യവസായ വിദഗ്ധരുമായി സഹകരിച്ച് സഹകരണ ഗവേഷണവും വികസനവും നടത്തും. കേന്ദ്രത്തിന്റെ ലക്ഷ്യങ്ങൾക്കും പ്രവർത്തനങ്ങൾക്കും സാങ്കേതിക മുന്നേറ്റങ്ങൾക്കും ബിസിനസ് ആവശ്യങ്ങൾക്കും ഇണങ്ങുംവിധം സർക്കാർ, വ്യവസായം, പാഠ്യമേഖല, നിക്ഷേപകർ എന്നിവ ഉൾപ്പെടുന്ന ഒരു മൾട്ടി-സ്റ്റേക്ക്ഹോൾഡർ സമീപനം പിന്തുടരും. ഈ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ, എവിജിസി-എക്സ്ആറിന്റെ ആഗോള ഹബ്ബായി കേരളത്തെ മാറ്റാൻ ഈ കേന്ദ്രം ലക്ഷ്യമിടുന്നു.

കൂടാതെ, കഴിവുറ്റ വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കും, സിഇഇയുടെ കീഴിലുള്ള പ്രത്യേക ഗവേഷണ പ്രോഗ്രാമുകളിൽ ചേരാൻ അവരെ പ്രാപ്തരാക്കുംവിധം മെറിറ്റ് അടിസ്ഥാനമാക്കിയുള്ള സ്കോളർഷിപ്പുകൾ നൽകാനും സർക്കാർ പദ്ധതിയിടുന്നു. ഇന്നൊവേഷനെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനായി, കാമ്പസിൽ നൂതനമായ എവിജിസി-എക്സ്ആർ ഉൽപ്പന്നങ്ങളുടെ വികസനത്തെ പിന്തുണയ്ക്കാൻ ഒരു ലോഞ്ച് ഫണ്ട് സ്ഥാപിക്കും.

മേഖലയിലുടനീളമുള്ള സേവനനിലവാരത്തിൽ ഏകീകരണം ഉറപ്പുവരുത്തുന്നതിനായി നാഷണൽ സെന്റർ ഓഫ് എക്സലൻസുമായി (എൻസിഇഇ) സഹകരിച്ച് സിഇഇ പ്രവർത്തിക്കും.

കേന്ദ്രസർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ, വ്യവസായത്തിൽനിന്നുള്ള സംഭാവനകൾ എന്നിവയ്ക്കൊപ്പം സിഇഇ സ്ഥാപിക്കുന്നതിനുള്ള മൂലധനച്ചെലവുകൾ കേരള സർക്കാർ വഹിക്കും.

സിഇഇക്കു കീഴിലുള്ള കോഴ്സുകളും ഗവേഷണ പ്രവർത്തനങ്ങളും കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജിയുമായി (ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള) അഫിലിയേറ്റ് ചെയ്തിരിക്കും. ഈ സിഇഇ യുടെ പ്രവർത്തന മാതൃക പിന്നീടുള്ള ഘട്ടത്തിൽ കേരള സർക്കാരിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് നിർവചിക്കും.

**b) എവിജിസി-എക്സ്ആർ പാർക്കുകൾ**

എവിജിസി-എക്സ്ആർ പാർക്കുകളും എവിജിസി-എക്സ്ആർ കയറ്റുമതി മേഖലകളും സ്ഥാപിക്കുന്നത് സ്വകാര്യ സംരംഭങ്ങളിലൂടെയോ പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെയോ (പിപിപി) മാത്രമായിരിക്കും. എവിജിസി-എക്സ്ആർ പാർക്കുകളിൽ ആനിമേഷൻ, ഗെയിമിംഗ്, വിഎഫ്എക്സ്, കോമിക്സ്, ഓഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി, അതുപോലെ സൗണ്ട്, മ്യൂസിക് സ്റ്റുഡിയോകൾ എന്നിവ ഉൾപ്പെടുന്നു. അത്തരം സൗകര്യങ്ങൾക്ക് വിപുലമായ ഐടി ഇൻഫ്രാസ്ട്രക്ചറും സഹായത്തിനായി ഡാറ്റാ സെന്ററുകളും ആവശ്യമുണ്ട്. പല കാര്യങ്ങളിലും ഐടി പാർക്കുകളോട് സാമ്യമുള്ളതാണെങ്കിലും, ഇവിടെ അവതരണ ഇടങ്ങളും ഓഡിറ്റോറിയങ്ങളും ഉണ്ടാകും. ഒരു ക്ലസ്റ്റർ അധിഷ്ഠിത സമീപനത്തിലൂടെ ആവാസവ്യവസ്ഥയുടെ ജൈവവളർച്ചയും പ്രത്യേക പ്രദേശങ്ങളിൽ പ്രത്യേക കഴിവുകളിലേക്കുള്ള ശ്രദ്ധയും സാധ്യമാക്കും.



എവിജിസി-എക്സ്ആർ പാർക്കുകളും എവിജിസി-എക്സ്ആർ എക്സ്പോർട്ട് സോണുകളും ഇനിപ്പറയുന്നവർക്ക് സജ്ജീകരിക്കാനാകും:

**i) സർക്കാർ ഭൂമിയിൽ സഹകരിച്ചുള്ള വികസനം**

എവിജിസി-എക്സ്ആർ വാഗ്ദാനങ്ങൾ കണക്കിലെടുത്ത്, ഐടി പാർക്കുകൾ അവരുടെ ഭൂപ്രദേശത്തിന്റെ 25% ഈ മേഖലയ്ക്ക് മാത്രമായി നീക്കിവയ്ക്കും.

സമർപ്പിത എവിജിസി-എക്സ്ആർ പാർക്കുകൾ വികസിപ്പിക്കുന്നതിന് മികച്ച പ്രവർത്തനപരിചയമുള്ള പ്രശസ്തരായ സ്വകാര്യ ഡെവലപ്പർമാരെ സംസ്ഥാനം സ്വാഗതം ചെയ്യും. ഐടി പാർക്കുകളുടെ ഭൂമിയുടെ പാട്ടക്കാലാവധി 99 വർഷമായിരിക്കുകയും നിർദ്ദേശിച്ചിരിക്കുന്ന ബിസിനസ്സ് സ്ഥാപിക്കുന്നതിനുള്ള എല്ലാ നിർബന്ധിത അനുമതികളോടും കൂടി ഭൂമിയെ സർക്കാർ ബാധ്യതാരഹിതമാക്കുകയും ചെയ്യും.

**നയ പിന്തുണ:** സർക്കാർ ഉടമസ്ഥതയിലുള്ള ഐടി പാർക്കുകളിൽ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് വലിയ തോതിലുള്ള കോ-ഡെവലപ്പർമാരെ പിന്തുണയ്ക്കുന്നതിന്, സർക്കാരിലേക്ക് അടയ്ക്കേണ്ട പാട്ടത്തുക താഴെ പറയുന്ന പ്രകാരം ക്രമീകരിക്കും:

i) 25% പാട്ടത്തുകമാത്രം മുൻകൂറായി നൽകി ബാക്കി 75% തുക 10 തുല്യ വാർഷിക ഗഡുക്കളായി പലിശ സഹിതം നൽകാം.

അല്ലെങ്കിൽ

ii) മുഴുവനായി അടച്ചാൽ, നിലവിലുള്ള പാട്ടനിരക്കുകളിൽ 25% കിഴിവ് നേടാം.

കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കിൻഫ്ര) കീഴിലുള്ള വ്യവസായ പാർക്കുകളുടെ കാര്യത്തിലും സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായ പാർക്കുകളുടെ കാര്യത്തിലും നിലവിലുള്ള ചട്ടപ്രകാരമായിരിക്കും നടപടികൾ സ്വീകരിക്കുന്നത്.

**ii) സ്വകാര്യ ഭൂമിയിൽ പിപിപി മാതൃകയിൽ വികസനം**

എവിജിസി-എക്സ്ആർ പാർക്കുകളുടെ വികസനം സ്വകാര്യ നിക്ഷേപകർക്ക് അവരുടെ സ്വന്തം ഭൂമിയിലോ അവർ മൂന്നാം കക്ഷിയിൽ നിന്ന് പാട്ടത്തിനെടുത്തതോ ഏറ്റെടുത്തതോ ആയ ഭൂമിയിലോ ചെയ്യാവുന്നതാണ്. റോഡുകൾ, ജലവിതരണം, വൈദ്യുതി പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ വികസിപ്പിക്കും.

**നയ പിന്തുണ:** സർക്കാർ ഇനിപ്പറയുന്ന സേവനങ്ങൾ നൽകും:

- അപ്രോച്ച് റോഡുകൾക്കും മറ്റും ഭൂമി ഏറ്റെടുക്കൽ.
- റോഡുകളുടെ വികസനം
- യൂട്ടിലിറ്റികൾക്കുള്ള ഡക്റ്റിംഗ്
- ലേറ്റൻസി കണക്റ്റിവിറ്റി പരമാവധി കുറയ്ക്കുന്നതിനായി കാമ്പസിനായി 5ജി സ്ട്രീറ്റ് ഇൻഫ്രാസ്ട്രക്ചറിന്റെ വികസനം (ബിസിനസ് മോഡലിന്റെ അഭ്യർത്ഥനയിലും വിലയിരുത്തലിലും)

മുകളിൽ സൂചിപ്പിച്ച രണ്ട് മോഡലുകളിലും, സർക്കാർ ഇനിപ്പറയുന്ന പിന്തുണ നൽകും:

- നിക്ഷേപകൻ അപേക്ഷ സമർപ്പിച്ച് 15 ദിവസത്തിനുള്ളിൽ ഏകജാലക ക്ലിയറൻസ് സംവിധാനം വഴിയുള്ള പെർമിറ്റുകൾ/അനുമതികൾ
- സർക്കാർ ഐടി പാർക്കുകളിലെ സ്വകാര്യ നിക്ഷേപകർക്ക് ബാധകമായ ഇൻസെന്റീവ്, ടാക്സ് ഹോളിഡേകൾ തുടങ്ങിയ അധിക ആനുകൂല്യങ്ങൾ.
- ഐടി പാർക്കുകളുടെ ബ്രാൻഡിംഗ്/വിപണനം

**iii) സർക്കാർ ഉടമസ്ഥതയിലുള്ള പാർക്കുകളിലെ വാടകയ്ക്ക് സബ്സിഡി**

കേരള സർക്കാരിന്റെയും അതിന്റെ ഏജൻസികളുടെയും ഉടമസ്ഥതയിലുള്ള സൗകര്യങ്ങൾക്ക് കീഴിൽ സ്ഥലം

പാട്ടത്തിനെടുക്കുന്ന എവിജിസി-എക്സ്ആർ കമ്പനികൾക്ക് വാടകയിൽ 40% സബ്സിഡി ലഭിക്കും. 20,000 ചതുരശ്ര അടി വരെയുള്ള ബിൽറ്റ്-അപ്പ് ഓഫീസ് സ്ഥലത്തിന് പരമാവധി 5 വർഷത്തേക്ക് പ്രതി വർഷം 24,00,000 രൂപ (പരമാവധി) ആയി സബ്സിഡിക്ക് പരിധി നിശ്ചയിച്ചിരിക്കുന്നു. പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കും യോഗ്യത.

**c) ഹബ് & സ്പോക്ക് മോഡലിലുള്ള എവിജിസി-എക്സ്ആർ ലാബുകൾ**

സംസ്ഥാനത്തുടനീളം വ്യാപിച്ചുകിടക്കുന്ന ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള പ്രധാന സൗകര്യമായി, ഡിജിറ്റൽ ഉള്ളടക്ക ഉൽപ്പാദനവും വിതരണവും സുഗമമാക്കുന്നതിന് എല്ലാ ജില്ലകളിലും എവിജിസി-എക്സ്ആർ ലാബുകൾ സ്ഥാപിക്കും. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) ആസൂത്രണം ചെയ്ത വർക്ക് നിയർ ഹോം (ഡബ്ല്യുഎൻഎച്ച്) പ്രോഗ്രാമിന്റെ മാതൃകയിലാണ് എവിജിസി- എക്സ്ആർ ലാബുകൾ നിർമ്മിക്കുന്നത്.



ഹബ് ആൻഡ് സ്പോക്ക് മാതൃകയിൽ നാല് കേന്ദ്രങ്ങളെ ഹബ്ബുകളായി നിയോഗിക്കും. മോഷൻ ക്യാപ്ചർ, ദ്വിമാന, ത്രിമാന ആനിമേഷൻ, ഹൈ-സ്പീഡ് റെൻഡറിംഗ് എന്നിവയുൾപ്പെടെ അത്യാധുനിക ഡിജിറ്റൽ പോസ്റ്റ്- പ്രൊഡക്ഷൻ സാങ്കേതികവിദ്യകൾ ഹബ്ബുകളിൽ സജ്ജീകരിക്കും. പങ്കിടാവുന്ന അടിസ്ഥാനസൗകര്യ ഇടം സൃഷ്ടിക്കുകയും അത് താങ്ങാനാവുന്ന നിരക്കിൽ പേ-പെർ യൂസ് അടിസ്ഥാനത്തിൽ ലഭ്യമാക്കുകയും ചെയ്യും. ഈ സൗകര്യം അത്യാധുനിക ഉപകരണങ്ങളെക്കുറിച്ചുള്ള പരിശീലനവും വാഗ്ദാനം ചെയ്യുന്നതിനൊപ്പം, ഒരു ഇൻകുബേറ്റർ സ്ഥാപിക്കുന്നതിന് കെഎസ്‌യുഎം-ന് 30% സ്ഥലം മാറ്റിവയ്ക്കുകയും എവിജിസി-എക്സ്ആർ മേഖലകളിലെ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിന് സഹ-പ്രവർത്തന ഇടം നൽകുകയും ചെയ്യും.

പത്ത് കേന്ദ്രങ്ങൾ ഹബ്-ആൻഡ്-സ്പോക്ക് മോഡലിൽ സ്പോക്കുകളായി പ്രവർത്തിക്കുകയും പ്രീ-പ്രൊഡക്ഷൻ, പ്രൊഡക്ഷൻ, ഉള്ളടക്കം അപ്‌ലോഡ് ചെയ്യൽ എന്നിവയ്ക്കായി അടിസ്ഥാന ഭൗതിക, ഡിജിറ്റൽ സൗകര്യങ്ങൾ സജ്ജീകരിക്കുകയും ചെയ്യും. ഒരു ഇൻകുബേറ്റർ സ്ഥാപിക്കുന്നതിന് കെഎസ്‌യുഎം-ന് സ്ഥലത്തിന്റെ 30% സ്പോക്കുകൾ മാറ്റിവയ്ക്കുകയും എവിജിസി-എക്സ്ആർ സെക്ടറുകളിലെ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിന് കോ-വർക്കിംഗ് സ്പെയ്സ് നൽകുകയും ചെയ്യും.

ഹബ്, സ്പോക്ക് തലങ്ങളിലുള്ള കേന്ദ്രങ്ങൾ മൂന്ന് വ്യത്യസ്ത മോഡലുകളിൽ സജ്ജീകരിക്കാം. യോഗ്യരായ തിരഞ്ഞെടുക്കപ്പെട്ട കമ്പനികൾക്ക് പ്രോത്സാഹനരൂപത്തിൽ സർക്കാർ സാമ്പത്തിക സഹായം നൽകും.

സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ, പുതിയ ഫിറ്റ്-ഔട്ടുകൾ വഴിയോ, അല്ലെങ്കിൽ സർക്കാർ സൗകര്യങ്ങൾ പുതുക്കി/പുനർനിർമ്മാണം നടത്തുന്നതിലൂടെയോ (ഉദാ: കെഎസ്ഐഡിസി) അല്ലെങ്കിൽ സ്വകാര്യ സ്ഥലത്ത് പുതിയ ഫിറ്റ്-ഔട്ടുകൾ വഴിയോ സൗകര്യങ്ങൾ വികസിപ്പിക്കാവുന്നതും താഴെപ്പറയുംവിധം സാമ്പത്തിക സഹായത്തിന് യോഗ്യരായിരിക്കുകയും ചെയ്യും:

| ഇനം | സർക്കാർ സ്ഥലം | സ്വകാര്യ സ്ഥലം |
|---|---|---|
| സൗകര്യങ്ങളുടെ വലുപ്പം | 5,000 - 25,000 ചതുരശ്ര അടി | 5,000 - 25,000 ചതുരശ്ര അടി |
| മൂലധന സഹായം | ഫർണിഷിംഗ് ചെലവുകൾക്ക് ചതുരശ്ര അടിക്ക് 2,000 രൂപ വരെ | മൂലധന സഹായം ഇല്ല |
| പ്രവർത്തന സഹായം | ചതുരശ്ര അടിക്ക് മാസം 50 രൂപ വരെ | ചതുരശ്ര അടിക്ക് മാസം 50 രൂപ വരെ |
| പ്രവർത്തന സഹായത്തിന്റേയും ആഭ്യന്തര പിന്തുണയുടേയും പരമാവധി സമയം | അഞ്ച് വർഷം | അഞ്ച് വർഷം |



പിന്തുണയ്ക്കുന്ന എല്ലാ സൗകര്യങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കുകയും എല്ലാ വർഷവും തൽസ്ഥിതി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്യും.

**d) അനുബന്ധ വ്യവസായങ്ങൾ**

വ്യവസായത്തിന് അനുബന്ധ വ്യവസായമായി യോഗ്യത നേടുന്ന എവിജിസി-എക്സ്ആർ മേഖലയുമായി നേരിട്ട് ബന്ധമുള്ള വ്യവസായങ്ങൾക്ക്, കാലാകാലങ്ങളിൽ കേരള സംസ്ഥാന വ്യവസായ നയം അനുസരിച്ച് ഇൻസെന്റീവിന് അർഹതയുണ്ട്. യോഗ്യതാ മാനദണ്ഡങ്ങൾ പ്രത്യേകം രേഖപ്പെടുത്തും.

## 2. ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ

എവിജിസി-എക്സ്ആർ ഒരു സാങ്കേതിക പ്രാധാന്യമുള്ള മേഖലയാണ്. സാങ്കേതിക വിദ്യകളിലെ ദ്രുതഗതിയിലുള്ള മാറ്റങ്ങളോടെ, ഈ മേഖല ആഗോള കണ്ടുപിടിത്തങ്ങൾക്കൊപ്പം നിൽക്കുക മാത്രമല്ല, സാങ്കേതിക കണ്ടുപിടിത്തങ്ങളുടെ ഒരു കേന്ദ്രമായി പതുക്കെ ഉയർന്നുവരികയും വേണം.

കേരളത്തിലെ എവിജിസി-എക്സ്ആർ മേഖലയ്ക്കായി സമഗ്രമായ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ നിർമ്മിക്കുന്നതിന്, നട്ടെല്ലായി കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്കിനെ (കെ-ഫോൺ) പ്രയോജനപ്പെടുത്തുന്നത് നിർണായകമാണ്. ഈ നെറ്റ്‌വർക്ക് എല്ലാ ഡിജിറ്റൽ ഇടപാടുകൾക്കും ഉള്ളടക്ക വ്യാപനത്തിനും പ്രധാനമായ അതിവേഗ ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കും. ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:

- **കെ-ഫോൺ സംയോജനം:** ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറിന് ആവശ്യമായ കരുത്ത് നൽകുന്നതിന് കെ-ഫോണിന്റെ ശക്തമായ കണക്റ്റിവിറ്റി പ്രയോജനപ്പെടുത്തുക, കേരളത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് തനതായ മാതൃകയാക്കുക.



- **അത്യാധുനിക സൗകര്യങ്ങൾ:** മികവിന്റെ കേന്ദ്രങ്ങൾക്കുള്ളിൽ (സിഇഒ) ഉയർന്ന പ്രകടനക്ഷമതയുള്ള കമ്പ്യൂട്ടിംഗ് ക്ലസ്റ്ററുകൾ, സിമുലേഷൻ ലാബുകൾ, ടെസ്റ്റിംഗ് സോണുകൾ എന്നിവ പോലുള്ള നൂതന ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറുകൾ ഉണ്ടാക്കുക.
- **ഡിജിറ്റൽ പ്രോട്ടോക്കോൾ സ്വീകരിക്കൽ:** വർക്ക് അഗ്രഗേഷനും ഉപഭോഗത്തിനുമായി ഒരു ഏകീകൃത ഇന്റർഫേസ് സൃഷ്ടിക്കുന്നതിന് ബെക്ക്ൻ (BECKN)-ന് സമാനമായ ഡിജിറ്റൽ പ്രോട്ടോക്കോളുകൾ സംയോജിപ്പിക്കുക.
- **ഇന്നൊവേഷൻ ലാബുകളും ടൂളുകളും:** ഷോട്ട് ഗ്രിഡ് പോലെയുള്ള ടൂളുകളാൽ സജ്ജീകരിച്ചിരിക്കുന്ന ഇന്നൊവേഷൻ ലാബുകൾ സ്ഥാപിക്കുകയും ഉള്ളടക്കം സൃഷ്ടിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള വിഭവങ്ങൾ നൽകുകയും ചെയ്യുക.
- **കമ്പ്യൂട്ട് ഇൻഫ്രാസ്ട്രക്ചർ:** തീവ്രമായ എവിജിസി-എക്സ്ആർ വർക്‌ലോഡുകളെ പിന്തുണയ്ക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ച് ആവശ്യാനുസരണം വിപുലീകരിക്കാവുന്ന കമ്പ്യൂട്ട് ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുക.
- **ഓപ്പൺ സോഴ്സും ഓപ്പൺ ഹാർഡ്‌വെയറും:** ഇന്നൊവേഷനെ പ്രോത്സാഹിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറും ഹാർഡ്‌വെയറും സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
- **ഡാറ്റാ സെന്ററുകളും റെൻഡർ ഫാമുകളും:** എവിജിസി-എക്സ്ആർ വ്യവസായത്തിന്റെ ഉയർന്ന കമ്പ്യൂട്ടിംഗ് ആവശ്യകതകളെ പിന്തുണയ്ക്കുന്നതിനായി ഡാറ്റാ സെന്ററുകളും റെൻഡർ ഫാമുകളും നിർമ്മിക്കുകയും ഈ സേവനങ്ങൾ പേ-പെർ-യൂസ് അടിസ്ഥാനത്തിൽ നൽകുകയും ചെയ്യുക.
- **പ്രൊപ്രൈറ്ററി ഹാർഡ്‌വെയർ:** കാലാകാലങ്ങളിൽ പ്രാബല്യത്തിൽ വരുന്ന വ്യവസായ നയത്തിന് അനുസരിച്ച് എവിജിസി-എക്സ്ആർ വ്യവസായത്തിനുള്ള പ്രൊപ്രൈറ്ററി ഹാർഡ്‌വെയറിന്റെ നിർമ്മാണത്തിന് പ്രോത്സാഹനം നൽകുക.

ക്ലൗഡ് സേവനങ്ങൾ, ഉയർന്ന കാര്യക്ഷമതയുള്ള കമ്പ്യൂട്ടിംഗ്, സോഫ്റ്റ്‌വെയർ സ്യൂട്ടുകൾ, ലൈസൻസുകൾ, വിപുലമായ ടെസ്റ്റിംഗ്, മൂല്യനിർണ്ണയ ഉപകരണങ്ങൾ എന്നിവയുൾപ്പെടെയുള്ള സാങ്കേതിക അടിസ്ഥാന സൗകര്യ

ങ്ങളുടെ താങ്ങാനാവുന്ന ലഭ്യത പ്രധാനമാണ്. ഈ ഇൻഫ്രാസ്ട്രക്ചർ നിലവിലെ ഡിജിറ്റൽ ആവശ്യങ്ങളെ പിന്തുണയ്ക്കുക മാത്രമല്ല, ഭാവിയിലെ പ്രവണതകൾക്ക് അനുയോജ്യമാക്കിക്കൊണ്ട് എവിജിസി-എക്സ്ആർ മേഖലയിലെ ഡിജിറ്റൽ നവീകരണത്തിന്റെ മുൻനിരയിൽ കേരളത്തെ എത്തിക്കുകയും ചെയ്യുന്നു.

**a) സാങ്കേതികവിദ്യ സ്വീകരിക്കുന്നതിനുള്ള ചെലവുകൾ തിരിച്ചുനൽകൽ**

കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന എവിജിസി-എക്സ്ആർ കമ്പനികൾക്ക്, പുതിയ സാങ്കേതിക ഉപകരണങ്ങളോ സോഫ്റ്റ്‌വെയറുകളോ വാങ്ങുമ്പോൾ ഉണ്ടാകുന്ന ചെലവിന്റെ 20% വരെ, ഒരു കമ്പനിക്ക് ഒരു വർഷം 10 ലക്ഷം രൂപ എന്ന പരിധിയിൽ വാഗ്ദാനം ചെയ്യുക; നയത്തിന്റെ കാലയളവിൽ ഒരു കമ്പനിക്ക് ഒരു വർഷം 3 അനുമതി മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.



റീഇംബേഴ്സ്മെന്റിന് യോഗ്യമായ സാങ്കേതികവിദ്യകളുടെയും ഉപകരണങ്ങളുടെയും വിശദമായ ലിസ്റ്റ് സിഇഒ-യുടെ നോഡൽ ഏജൻസിയായ സി-ഡിറ്റ് പ്രസിദ്ധീകരിക്കും.

**b) സാങ്കേതികവിദ്യയുടെ ലഭ്യത സുഗമമാക്കുന്നു**

ആഗോള ടെക്നോളജി വെണ്ടർമാരുമായി കേരള സർക്കാരും അംഗീകൃത വ്യവസായ അസോസിയേഷനുകളും കരാർ ഒപ്പിടും. ഈ കരാറുകൾ ഇനിപ്പറയുന്നവ ഉൾക്കൊള്ളേണ്ടതുണ്ട്:

- മികച്ച വിദ്യാർത്ഥികൾ, സ്റ്റാർട്ടപ്പുകൾ, സ്വതന്ത്ര ഡെവലപ്പർമാർ, കമ്പനികൾ തുടങ്ങിയവർക്കായി അവരുടെ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും സബ്സിഡി പതിപ്പുകൾ.
- അവരുടെ ഉൽപ്പന്നങ്ങളുടെ ഉപയോക്താക്കൾക്കായി ഡിസ്കൗണ്ടോടുകൂടിയ സമർപ്പിത പരിശീലന പരിപാടികൾ

# കഴിവും നൈപുണ്യ വികസനവും

കേരളം ഡിജിറ്റൽ ഭാവിയിലേക്ക് കുതിക്കുമ്പോൾ, എവിജിസി-എക്സ്ആർ മേഖല ഒരു മാറ്റത്തിന്റെ കുതിച്ചുചാട്ടത്തിലാണ്. കലയെ സാങ്കേതികവിദ്യയുമായി സംയോജിപ്പിക്കുന്നതിൽ പ്രഗത്ഭരായ, ഉയർന്ന വൈദഗ്ധ്യമുള്ള തൊഴിലാളികളെ വളർത്തിയെടുക്കുക എന്നതാണ് ഈ പുരോഗതിയുടെ ആണിക്കല്ല്. ഇത് തിരിച്ചറിഞ്ഞ്, വ്യവസായ ആവശ്യങ്ങളുമായി പൊരുത്തപ്പെടുക മാത്രമല്ല, മുൻകൂട്ടിക്കാണുകയും ചെയ്യുന്ന ഒരു വിദ്യാഭ്യാസ ആവാസ വ്യവസ്ഥയാണ് ഈ നയം വിഭാവനം ചെയ്യുന്നത്. ഈ മുന്നോട്ടുള്ള സമീപനം, ജോലിക്ക് തയ്യാറുള്ളവരെ മാത്രമല്ല, വ്യവസായത്തിന് നേതൃത്വം നൽകാനാകുന്ന പ്രതിഭകളെയും വാർത്തെടുക്കാൻ ലക്ഷ്യമിടുന്നു. ഏതെങ്കിലും വിടവുകളുണ്ടെങ്കിൽ അവ നൂതനമായ പഠനമാർഗങ്ങളിലൂടെ പരിഹരിക്കുകയും കേരളത്തിലെ എവിജിസി-എക്സ്ആർ മേഖല പ്രാദേശിക പ്രതിഭയിലും ആഗോള നിലവാരത്തിലും അഭിവൃദ്ധി പ്രാപിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.

ഉയർന്ന തൊഴിൽശേഷിയും കഴിവുമുള്ളവരെ ഉയർന്ന തൊഴിൽസാധ്യതയുള്ളതും സ്പെഷ്യലൈസ് ചെയ്തതുമായ എവിജിസി-എക്സ്ആർ വർക്ക്ഫോഴ്സിനു പറ്റുംവിധം ഗുണനിലവാരമുള്ള മനുഷ്യശേഷിയായി വികസിപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, സാങ്കേതികവിദ്യാഭ്യാസം, നൈപുണ്യവികസനം, സാംസ്കാരിക കാര്യം, തൊഴിൽ തുടങ്ങിയ വകുപ്പുകളും മറ്റുള്ളവരുമായി ചേർന്ന് കേരള സർക്കാരിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ആൻഡ് ടെക്നോളജി വകുപ്പ് പ്രവർത്തിക്കും. ഈ മേഖല പ്രദാനംചെയ്യുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്താനാകുംവിധം സ്കില്ലിംഗ്, റീ-സ്കില്ലിംഗ്, അപ്പ് സ്കില്ലിംഗ് എന്നിവയ്ക്കുള്ള നടപടികൾ ഇതിൽ ഉൾപ്പെടും. പ്രതീക്ഷിക്കുന്ന ഫലസാധ്യതകൾ വർദ്ധിപ്പിക്കാൻ ഒരു സമഗ്ര ചട്ടക്കൂടിന് സാധിക്കും.

ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയ്ക്കൊപ്പം നിർദിഷ്ട ഡിജിറ്റൽ സയൻസ് പാർക്കും കേരളത്തിൽ നിന്നുള്ള ഐപി അധിഷ്ഠിത സാങ്കേതിക ഉൽപ്പന്ന കമ്പനികളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഐസിടി അക്കാദമി ഓഫ് കേരള, അസാപ് കേരള, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെഎഐഎസ്ഇ) മുതലായവയുടെ പിന്തുണയോടെ ഒരു സംസ്ഥാനതല പരിശീലന അടിസ്ഥാന സൗകര്യം- 100ലധികം സാങ്കേതിക സ്ഥാപനങ്ങളെ ഉൾക്കൊള്ളുന്ന സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (എസ്ഡിപികെ) - സാങ്കേതികവിദ്യയുടെ വളർന്നുവരുന്ന മേഖലകളിൽ കഴിവുള്ളവരെ വികസിപ്പിച്ചെടുക്കാൻ സഹായിക്കുന്നു.



## എവിജിസി-എക്സ്ആർ ജോലിസാധ്യതകളും യോഗ്യതകളും കേരളത്തിന് അനുയോജ്യമായി രൂപപ്പെടുത്തുക

തൊഴിൽ ചട്ടക്കൂടുകൾ സൃഷ്ടിക്കുന്നതിനും ഫാക്കൽറ്റി വികസന പരിപാടികൾ സുഗമമാക്കുന്നതിനും പ്രാദേശിക സാഹചര്യത്തിന് അനുയോജ്യമായ യോഗ്യതാ പാത്തുകൾ വികസിപ്പിക്കുന്നതിനും വ്യവസായ പങ്കാളികളുമായി കേരള സർക്കാർ സഹകരിക്കും. പ്രാദേശിക ക്ലസ്റ്ററുകൾക്കുള്ളിൽ എവിജിസി-എക്സ്ആർ ജോലികൾ നിർണയിക്കുന്നത് പ്രാദേശിക തലങ്ങളിൽ നൈപുണ്യ വികസന അവസരങ്ങൾ നിർവചിക്കുകയും ദേശീയ അന്തർദേശീയ നിലവാരങ്ങളുമായി അവയെ യോജിപ്പിക്കുകയും ചെയ്യും. എവിജിസി-എക്സ്ആർ നൈപുണ്യ സംരംഭങ്ങളെ ഏകമാനകമാക്കാൻ, തൊഴിലുകളും അനുബന്ധ നൈപുണ്യങ്ങളും നിർവചിക്കുന്നതിന് വ്യവസായത്തിലുള്ളവർ

## വിവിധ തലങ്ങളിൽ വൈദഗ്ധ്യം

തൊഴിൽക്ഷമത ഉറപ്പാക്കാൻ എവിജിസി-എക്സ്ആർ വ്യവസായം ആവശ്യപ്പെടുന്ന യഥാർത്ഥ നൈപുണ്യവുമായി വിദ്യാഭ്യാസ പാഠ്യപദ്ധതിയെ യോജിപ്പിക്കുന്നതിന് വിദ്യാഭ്യാസത്തിന്റെയും പാഠ്യമേഖലയുടേയും വിവിധ തലങ്ങളിൽ സമഗ്രമായ ഇടപെടലുകൾ നടത്തും. താഴെപ്പറയുന്ന നിർണായക മേഖലകൾ ഉൾക്കൊള്ളുന്നതും സമഗ്രമായി രൂപകല്പന ചെയ്തതുമായിരിക്കും ഈ കോഴ്സുകൾ:

- ആനിമേഷനും വിഷ്വൽ ഇഫക്ടുകളും
- ഡിജിറ്റൽ കലയും ചിത്രീകരണവും
- ഇ-സ്പോർട്സ് (സ്കിൽ ഗെയിം)
- ഗെയിം രൂപകൽപനയും വികസനവും
- പോസ്റ്റ്-പ്രൊഡക്ഷനും എഡിറ്റിംഗും
- ഗുണനിലവാരം ഉറപ്പാക്കലും പരിശോധനയും
- സൗണ്ട് ഡിസൈനും എഞ്ചിനീയറിംഗും
- വെർച്വൽ റിയാലിറ്റി (വിആർ)
- ഓഗ്മെന്റഡ് റിയാലിറ്റി (എആർ)
- വിപണനവും വളർച്ചയും
- ഉപയോക്തൃ അനുഭവവും വിശകലനവും

### 1. സ്കൂളുകൾ

- മീഡിയ ആൻഡ് എന്റർടൈൻമെന്റ് സ്കിൽസ് കൗൺസിലുമായി (എംഇഎസ്സി) കൂടിയാലോചിച്ചാണ് പാഠ്യപദ്ധതി രൂപകൽപന ചെയ്യുന്നത്. കൂടാതെ എവിജിസി-എക്സ്ആറിൽ പ്രത്യേക കോഴ്സുകൾക്കായി വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള ഒരു യോഗ്യതയായി മീഡിയ ആൻഡ് എന്റർടൈൻമെന്റ് ക്രിയേറ്റീവ് ആപ്റ്റിറ്റ്യൂഡ് ഉപയോഗിക്കുന്നു.
- എവിജിസി-എക്സ്ആറിന് പ്രസക്തമായ വിഷയങ്ങൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത വിദ്യാഭ്യാസ സാമഗ്രികളും പാഠപുസ്തകങ്ങളും വികസിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗുമായി (എസ്സിഇആർടി) ചേർന്ന് പ്രവർത്തിക്കും.
- സിബിഎസ്ഇ, സ്റ്റേറ്റ് സെക്കൻഡറി ബോർഡുകൾ/കൗൺസിലുകൾ എന്നിവയുൾപ്പെടെയുള്ള വിവിധ സ്കൂൾ ബോർഡുകളിലേക്ക് ഇൻക്രിമെന്റൽ ലേണിംഗ് അധിഷ്ഠിത, എൻഎസ്ക്യുഎഫ്-അലൈൻഡ് വൊക്കേഷണൽ കോഴ്സുകൾ പരിധികളില്ലാതെ സംയോജിപ്പിക്കും.
- തുടർപഠനം പ്രോത്സാഹിപ്പിക്കുന്നതിനായി ലോവർ സെക്കൻഡറി സ്കോളർഷിപ്പ് (എൽഎസ്എസ്), അപ്പർ സെക്കൻഡറി സ്കോളർഷിപ്പ് (യുഎസ്എസ്) എന്നിവയുടെ മാതൃകയിൽ ക്രിയേറ്റീവ് സെക്കൻഡറി സ്കോളർഷിപ്പുകൾ (സിഎസ്എസ്) അവതരിപ്പിക്കും.
- എവിജിസി-എക്സ്ആറിന് കീഴിൽ വരുന്ന അടിസ്ഥാന വിഷയങ്ങൾ പഠിപ്പിക്കാൻ ചിത്രകലാ അധ്യാപകർക്ക് ഉയർന്ന വൈദഗ്ധ്യം നൽകും.
- ഓരോ സ്കൂളിലും നല്ല പരിശീലനം ലഭിച്ച, കുറഞ്ഞത് രണ്ട് ഫാക്കൽറ്റി അംഗങ്ങളും ആവശ്യാനുസരണം അധിക വിഷയ-നിർദ്ദിഷ്ട ഫാക്കൽറ്റികളും ഉണ്ടായിരിക്കണം.

- എവിജിസി-എക്സ്ആർമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അനുഭവപരിചയം നൽകുന്നതിന്, സ്കൂളുകൾ മീഡിയ ആൻഡ് എന്റർടൈൻമെന്റ് സ്റ്റുഡിയോകൾ അല്ലെങ്കിൽ ലാബുകൾ സ്ഥാപിക്കണം.

- നവകേരള മിഷൻ, കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം), സമഗ്ര ശിക്ഷാ കേരള എന്നിവയ്ക്കാണ് മേൽപ്പറഞ്ഞവ നടപ്പാക്കാനുള്ള ചുമതല.

## 2. സാങ്കേതിക, കലാ, ശാസ്ത്ര വിദ്യാഭ്യാസം

- എ.വി.ജി.സി.-എക്സ്ആറിന് കീഴിലുള്ള വിഷയങ്ങൾ മൈനറും മേജറുമായി എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (കെ.ടി.യു.)  വാഗ്ദാനം ചെയ്യും.

- സംസ്ഥാനത്തെ വിവിധ സർവകലാശാലകൾ നിയന്ത്രിക്കുന്ന കല, സ്വതന്ത്ര കല, സയൻസ് കോഴ്സുകൾക്ക് കീഴിൽ എവിജിസി-എക്സ്ആർ അടിസ്ഥാനമാക്കിയുള്ള തിരഞ്ഞെടുപ്പുകൾ ഉറപ്പാക്കും.

- ബിരുദ, ബിരുദാനന്തര-ബിരുദങ്ങൾക്കായി യുജിസി അംഗീകൃത പാഠ്യപദ്ധതി സർവകലാശാലകൾ രൂപകൽപ്പന ചെയ്യും.

മേൽപ്പറഞ്ഞ എല്ലാ പാഠ്യപദ്ധതികളും മീഡിയ ആൻഡ് എന്റർടൈൻമെന്റ് സ്കിൽസ് കൗൺസിലിന്റെ (എംഇഎസ്സി) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി രൂപകൽപ്പന ചെയ്യുന്നതോടൊപ്പം, വ്യവസായവും അന്തർദ്ദേശീയ നിലവാരവും പാലിക്കുന്നതിനായി എൻഎസ്ക്യുഎഫ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് മാപ്പ് ചെയ്യുകയും നവീകരിക്കുകയും ചെയ്യും.

- എവിജിസി-എക്സ്ആർ വിദ്യാഭ്യാസത്തിൽ സ്ഥിരത നിലനിർത്തുന്നതിന് വിവിധ സർവകലാശാലകൾ നൽകുന്ന ബിരുദങ്ങൾക്കും കോഴ്സുകൾക്കും ഒരു പൊതുവായ നാമകരണം സ്വീകരിക്കും.

- ഈ മേഖലയിലെ ബിരുദ പ്രോഗ്രാമുകൾ എവിജിസി-എക്സ്ആർ വിഷയങ്ങളുടെ സമഗ്രമായ കവറേജ് ഉറപ്പാക്കിക്കൊണ്ട് നാലുവർഷം നീണ്ടുനിൽക്കുന്നതായിരിക്കും.

- ജോലി ചെയ്യുന്ന പ്രൊഫഷണലുകളെ അധ്യാപകരായി (പ്രൊഫസർ ഓഫ് പ്രാക്ടീസ്/പ്രൊഫഷണൽസ് ഓഫ് പ്രാക്ടീസ്) നിയമിക്കും.

- അംഗീകൃത സർട്ടിഫിക്കേഷൻ പ്രോഗ്രാമുകളിലൂടെയോ ഇൻഡസ്ട്രി ഇമ്മേർഷൻ പ്രോഗ്രാമുകളിലൂടെയോ നിലവിലുള്ള ഫാക്കൽറ്റിക്ക് വൈദഗ്ധ്യം നൽകും.

- കെകെഇഎം പ്ലാറ്റ്ഫോമിലെ ഇന്റേൺഷിപ്പ്, അപ്രന്റീസ്ഷിപ്പ് അവസരങ്ങൾ കോളജ് വിദ്യാഭ്യാസവുമായി സംയോജിപ്പിക്കും.

- കരിയർ ടു കാമ്പസ് കണക്റ്റ് പ്രോഗ്രാമുകളും കെകെഇഎമ്മിന്റെ സ്കിൽ എക്സ്പ്രസ് പ്രോഗ്രാമും പ്രയോജനപ്പെടുത്തും.

- എവിജിസി-എക്സ്ആർ ഇലക്റ്റീവുകളിൽ നേടിയ ക്രെഡിറ്റുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുടനീളം അംഗീകരിക്കപ്പെടുകയും കൈമാറുകയും ചെയ്യും.

- കോളേജുകളിലെ വ്യവസായ സംഗമങ്ങൾവഴി വിദ്യാർത്ഥികളും പ്രൊഫഷണലുകളും തമ്മിലുള്ള നേരിട്ടുള്ള ആശയവിനിമയം പ്രോത്സാഹിപ്പിക്കും.

- കോളേജ് കാമ്പസുകളിൽ മീഡിയയ്ക്കും വിനോദത്തിനും വേണ്ടിയുള്ള മിനി ലാബുകൾ സ്ഥാപിക്കും.

- ജില്ലാതലത്തിലുള്ള എവിജിസി-എക്സ്ആർ ലാബുകളിലേക്കും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകും.

- കെകെഇഎം പ്ലാറ്റ്ഫോമിലെ അപ്രന്റീസ്ഷിപ്പ് അവസരങ്ങൾ സർവകലാശാലാ വിദ്യാഭ്യാസവുമായി സംയോജിപ്പിക്കും.

## 3. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

- ഐടിഐ, പോളിടെക്നിക്കുകൾ തുടങ്ങിയ തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങളുടെ പാഠ്യപദ്ധതി പുനരുജ്ജീവിപ്പിക്കേണ്ടത് വളർന്നുവരുന്ന വ്യവസായങ്ങളുമായി സംയോജിപ്പിക്കാൻ അത്യാവശ്യമാണ്.



- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും (ഡിടിഇ) ഡിഇടിയും മീഡിയ ആൻഡ് എന്റർടൈൻമെന്റ് സ്കിൽസ് കൗൺസിലുമായി (എംഇഎസ്സി) ചേർന്ന് പ്രവർത്തിക്കും.

- അത്യാധുനിക പാഠ്യപദ്ധതി രൂപപ്പെടുത്തുന്നതിന് ആഗോള വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിക്കും.

- പരിശീലന ഉള്ളടക്കം എൻഎസ്ക്യുഎഫ്-അലൈൻഡ് ആക്കുകയും അന്താരാഷ്ട്ര ഇടപാടുകാരുമായി പ്രവർത്തിക്കുന്ന സ്റ്റുഡിയോകൾ ഉൾപ്പെടെയുള്ള വ്യവസായികളിൽ നിന്നുള്ള ഇൻപുട്ട് ഉപയോഗിച്ച് വികസിപ്പിക്കുകയും വേണം.

- കെകെഇഎം പ്ലാറ്റ്ഫോമിലെ അപ്രന്റീസ്ഷിപ്പ് അവസരങ്ങൾ തൊഴിലധിഷ്ഠിത വിദ്യാഭ്യാസവുമായി സംയോജിപ്പിക്കും.

- കരിയർ ടു കാമ്പസ് കണക്റ്റ് പ്രോഗ്രാമുകളും കെകെഇഎമ്മിന്റെ സ്കിൽ എക്സ്പ്രസ് പ്രോഗ്രാമും പ്രയോജനപ്പെടുത്തും.

- എല്ലാ ഔപചാരികവും തൊഴിലധിഷ്ഠിതവുമായ പരിശീലന സ്ഥാപനങ്ങൾക്ക് എൻസിവിഇടിക്ക് കീഴിൽ നിയന്ത്രിക്കപ്പെടുന്ന ഒരു അംഗീകൃത ബോഡിയുമായുള്ള അക്രഡിറ്റേഷനും അഫിലിയേഷനും നിർബന്ധമാണ്.

**സ്കോളർഷിപ്പുകൾ**

- ഇനിപ്പറയുന്ന സാമൂഹ്യവിഭാഗങ്ങളിൽനിന്നുള്ള വിദ്യാർത്ഥികൾക്ക് ഈ നയം വഴി സ്കോളർഷിപ്പുകൾ പ്രാപ്തമാക്കും:
    - എസ്.സി/എസ്.ടി
    - മത്സ്യത്തൊഴിലാളികൾ
    - കൈത്തൊഴിലുകാർ

- അംഗീകൃത പ്രോഗ്രാമുകൾക്ക് നൈപുണ്യ വായ്പ നൽകുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി ചേർന്ന് കേരള സർക്കാർ പ്രവർത്തിക്കും.

- കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സിഎസ്ആർ) ഫണ്ടുകൾ നൈപുണ്യ സംരംഭങ്ങൾക്കായി നീക്കിവെക്കാൻ കോർപ്പറേറ്റുകളെ പ്രോത്സാഹിപ്പിക്കും.

കേരള മീഡിയ ആൻഡ് എന്റർടൈൻമെന്റ് ക്രിയേറ്റീവ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (K-MECAT) അല്ലെങ്കിൽ സമാന മൂല്യനിർണ്ണയ ഉപാധികൾ ആണ് വിവിധ പ്രോഗ്രാം തലങ്ങളിൽ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി നിർദ്ദേശിക്കപ്പെടുന്ന നടപടി.

## 4. സ്വകാര്യ സ്ഥാപനങ്ങൾ

എംഇഎസ്സി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എവിജിസി-എക്സ്ആറിൽ പ്രത്യേക കോഴ്സുകൾ വാഗ്ദാനം ചെയ്യുന്ന സ്വകാര്യ പരിശീലന സ്ഥാപനങ്ങൾക്ക് കോഴ്സ് ഫീസിന്റെ 30% വരെ റീഇംബേഴ്സ്മെന്റിന് അർഹതയുണ്ട്. അത് വിദ്യാർത്ഥികളുടെ ഫീസിൽ ഇളവു ചെയ്യേണ്ടതാണ്. ഈ സ്ഥാപനങ്ങളിൽനിന്ന് യോഗ്യതയോടെ പുറത്തുവരുന്നവരെ നിയമിക്കുന്ന കമ്പനികൾക്ക്, ആദ്യ വർഷത്തേക്ക് ശമ്പളത്തിന്റെ റീഇംബേഴ്സ്മെന്റോ, ആകെ വാർഷിക പേ-ഔട്ടിന്റെ 25% വരെ സ്റ്റൈപ്പന്റോ, അല്ലെങ്കിൽ ഒരാൾക്ക് 60,000 രൂപയോ, ഏതാണോ കുറവ്,  കുറഞ്ഞ വാർഷിക പേ-ഔട് 2,40,000 രൂപയെന്നതിന് വിധേയമായി ഒരു കമ്പനിക്ക് ഒരു വർഷം 10 നിയമനങ്ങൾക്കുവരെ ലഭിക്കും. കൂടാതെ, ഈ സ്ഥാപനങ്ങളിൽനിന്ന് യോഗ്യതയോടെ പുറത്തുവരുന്നവരെ നിയമിക്കുന്ന കമ്പനികൾക്ക് പ്രൊവിഡന്റ് ഫണ്ട് (പിഎഫ്)/എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസിൽ (ഇഎസ്ഐ) ഒരു ജീവനക്കാരന് പ്രതിമാസം 2,000 രൂപ വീതം ഒരു വർഷത്തേക്ക് റീഇംബേഴ്സ്മെന്റ് ലഭിക്കും. തൊഴിലുടമയുടെ സംഭാവന 2,000 രൂപയിൽ കുറവാണെങ്കിൽ, തൊഴിലുടമ നൽകുന്ന ശരിക്കുള്ള തുക തിരികെനൽകും.

## 5. പ്രൊഫഷണലുകളും പ്രാക്ടീഷണർമാരും – ആർപിഎൽ

എവിജിസി-എക്സ്ആർ മേഖലയിലെ മുൻകൂർ പഠനത്തെ (ആർപിഎൽ) ഈ നയം പ്രോത്സാഹിപ്പിക്കും. പ്രധാനമന്ത്രി കൗശൽ വികാസ് യോജന (പിഎംകെവിവൈ) പോലുള്ള പദ്ധതികളുമായി അതിനെ സംയോജിപ്പിക്കും. എല്ലാ കലാകാരന്മാരും വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളും മീഡിയ ആൻഡ് എന്റർടൈൻമെന്റ് സ്കിൽ കൗൺ

സിലിന്റെ (എംഇഎസ്‌സി) ആർപിഎൽ സർട്ടിഫിക്കേഷൻ പ്രോഗ്രാമിന് വിധേയരാകണമെന്ന് നിർദ്ദേശിക്കപ്പെടുന്നത് കരിയർ മെച്ചപ്പെടുത്തൽ സാധ്യമാക്കും.

## 6. മറ്റ് വിഭാഗങ്ങൾ

എവിജിസി-എക്സ്ആർ വ്യവസായം കേരളത്തിനു നൽകുന്ന വലിയ സാധ്യതകളെപ്പറ്റി സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ ബോധവൽക്കരിക്കേണ്ടതും വിദ്യാഭ്യാസ അവസരങ്ങൾ നൽകേണ്ടതും ആവശ്യമാണ്.

- വിജയകഥകൾ അവതരിപ്പിക്കുന്നതും വിവിധതലങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുന്നതും വിശാലമായ സമൂഹത്തെ വ്യവസായവുമായി പരിചയപ്പെടാൻ സഹായിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സിഇഇയിലെ ഫിനിഷിംഗ് സ്കൂൾ, സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആൻഡ് ലൈഫ് ലോംഗ് എഡ്യൂക്കേഷൻ- കേരള (സ്കോൾ) പോലുള്ള ഏജൻസികൾ എന്നിവയിലൂടെ ഇത്തരം സംരംഭങ്ങൾ ഏറ്റെടുക്കാവുന്നതാണ്. എവിജിസി, എക്സ്ആർ മേഖലകളിലെ അവസരങ്ങൾ ഗ്രാമീണ മേഖലകളിലേക്കും പിന്നാക്ക പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിൽ ഇതിന് കാര്യമായ പ്രാധാന്യമുണ്ട്.
- എവിജിസി-എക്സ്ആർ പ്രോത്സാഹിപ്പിക്കുന്നതിന് ഉത്തരവാദികളായ കേരളത്തിലെ പ്രധാന സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എവിജിസി-എക്സ്ആർ സെന്റർ ഓഫ് എക്സലൻസ് (സിഇഇ), എംഇഎസ്‌സി എന്നിവ നൽകുന്ന ക്യൂറേറ്റഡ് പരിശീലന പരിപാടികൾക്ക് വിധേയരാകണം.

## 7. വിപുലമാക്കിയ പാഠ്യ ആവാസവ്യവസ്ഥ

### a) വ്യാവസായിക ബന്ധം പ്രയോജനപ്പെടുത്തി പഠന സമൂഹങ്ങളെ സൃഷ്ടിക്കുക

എആർ-വിആർ-എക്സ്ആർ ലിവറേജിംഗ് ഇൻഡസ്ട്രിയൽ കണക്റ്റിൽ പഠന സമൂഹങ്ങളെ സൃഷ്ടിക്കാൻ MuLearn പോലുള്ള പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കാം. പഠിതാക്കളുടെ കൂട്ടായ പ്രയത്നത്തെ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പങ്കാളികളെ ഉൾപ്പെടുത്തി സമപ്രായക്കാരുടെ പഠനവും ഗൈഡഡ് ലേണിംഗും പ്രാപ്തമാക്കുന്നതിന് വിനിയോഗിക്കാവുന്ന പഠനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും അനുഭവപരമായ പഠനവും കഴിവുകളുടെയും പഠനത്തിന്റെയും 'പ്രൂഫ്-ഓഫ്-വർക്ക്' അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലും നിർണായകമാണ്. വ്യവസായ വിദഗ്ധരുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന ടെക് മീറ്റ് അപ്പുകൾ, ഹാക്കത്തോണുകൾ, സ്റ്റാർട്ടപ്പ് ചലഞ്ചുകൾ എന്നിവ യഥാർത്ഥ ജീവിതത്തെ തുറന്നുകാട്ടുകയും കഴിവുകൾ പ്രകടിപ്പിക്കുകയും ചെയ്യും.

### b) മെച്ചപ്പെടുത്തിയ വ്യവസായ പങ്കാളിത്തം

കേരളത്തിലെ നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയത്തിന്റെ വിജയകരമായ പദ്ധതികളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് വ്യവസായ പങ്കാളിത്തത്തോടെയുള്ള പരിശീലന, മാർഗനിർദേശക പരിപാടികൾ നടപ്പിലാക്കുകയും അതുവഴി പഠന അനുഭവവും നൈപുണ്യ വികസനവും സമ്പന്നമാക്കുകയും ചെയ്യും. പരിശീലന ഉള്ളടക്കം ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിന്റെ (എൻഎസ്ക്യുഎഫ്) മാനദണ്ഡങ്ങൾ പാലിക്കുകയും വ്യവസായ രംഗത്തെ പ്രമുഖരിൽനിന്ന്, പ്രത്യേകിച്ച് അന്താരാഷ്ട്ര പ്രോജക്റ്റുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റുഡിയോകളിൽ നിന്നുള്ള ഇൻപുട്ട് ഉപയോഗിച്ച് സൂക്ഷ്മമായി രൂപകല്പന ചെയ്യുകയും വേണം.

കൂടാതെ, എവിജിസി-എക്സ്ആർ വ്യവസായ അസോസിയേഷനുകളും കൺസോർഷ്യങ്ങളും മീഡിയ ആൻഡ് എന്റർടൈൻമെന്റ് സ്കിൽ കൗൺസിലുമായും (എംഇഎസ്‌സി) സഹകരിച്ച്, കെകെഇഎം നിർമ്മിച്ച ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് (ഡിഡബ്ല്യുഎംഎസ്) പ്ലാറ്റ്ഫോം പോലുള്ളവയുടെ സാധ്യത ഉപയോഗിക്കുന്നതും നിർണായകമാണ്. ഈ പ്ലാറ്റ്ഫോം കരാർ, സ്ഥിരം ജോലികളുടെ ഒരു സ്പെക്ട്രം സൃഷ്ടിക്കുക മാത്രമല്ല, കാര്യക്ഷമമായ തൊഴിൽ ആവാസവ്യവസ്ഥയ്ക്ക് സംഭാവന നൽകുകയും ചെയ്യും. കൂടാതെ, കെകെഇഎം-ഉം വ്യവസായ പങ്കാളികളും സംയുക്തമായി വികസിപ്പിച്ചെടുത്ത ഒരു റിക്രൂട്ട്, ട്രെയിൻ, ഡിപ്ലോയ് സ്കില്ലിംഗ് മോഡൽ നടപ്പിലാക്കുന്നത്, പരിശീലനത്തിൽനിന്ന് എവിജിസി-എക്സ്ആർ ഡൊമെയ്നിലെ തൊഴിലവസരങ്ങളിലേക്കുള്ള സഞ്ചാരം സുഗമമാക്കും.





### c) തുടർച്ചയായ പഠനം

തുടർച്ചയായ പഠനത്തിന്റെ ഒരു സംസ്കാരം വളർത്തിയെടുക്കുന്നതിന് തന്ത്രപരമായ നിരവധി സംരംഭങ്ങൾ നിർദ്ദേശിക്കപ്പെടുന്നു. ഒന്നിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുമായി ഒരേസമയം ഇടപഴകാൻ പരിശീലകർക്ക് സൗകര്യമൊരുക്കിക്കൊണ്ടും മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സുകളിലേക്ക് (എംഒഒസി) മെന്റർഷിപ്പ് ഘടകങ്ങൾ സമന്വയിപ്പിച്ചുകൊണ്ടും ആജീവനാന്ത പഠനത്തിന് പ്രോത്സാഹനം നൽകാനാകും. ഈ സഹകരണ സമീപനം കെകെഇഎം-ന്റെ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തെ പ്രയോജനപ്പെടുത്താൻ ശ്രമിക്കുകയും തടസ്സമില്ലാത്ത ഏകീകരണവും കാര്യക്ഷമമായ പഠന മാനേജ്മെന്റും ഉറപ്പാക്കുകയും ചെയ്യുന്നു.

മാത്രമല്ല, ഈ മേഖലയുടെ ആഗോള മത്സരശേഷി വർധിപ്പിക്കുന്നതിന്, കേരളത്തിലെ എഡ്-ടെക് കമ്പനികളെ പ്രത്യേക എവിജിസി-എക്സ്ആർ കോഴ്സുകൾക്കായി അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി പങ്കാളിത്തം സ്ഥാപിക്കാൻ പ്രോത്സാഹിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

### d) പരിശീലകരുടെ പൂൾ സൃഷ്ടിക്കൽ

സബ്സിഡി നിരക്കിൽ അത്യാധുനിക പഠന സാമഗ്രികൾ ലഭ്യമാക്കുന്ന ഒരു പ്രത്യേക ടെക്സ്റ്റേഴ്സ് പോർട്ടൽ സ്ഥാപിക്കാൻ വ്യവസായത്തിന് മുന്നോട്ട് വരാം. ഈ പോർട്ടൽ ക്രോസ്-സെക്ടറൽ പരിശീലന കോഴ്സുകൾ വാഗ്ദാനം ചെയ്യുക മാത്രമല്ല അഡോബ്, ഓട്ടോഡെസ്ക് പോലെ ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളുടെ സംയുക്ത സർട്ടിഫിക്കേഷനും സുഗമമാക്കും.

കൂടാതെ, വൈദഗ്ധ്യത്തിന്റെ ചലനാത്മകമായ കൈമാറ്റം വിഭാവനം ചെയ്തുകൊണ്ട്, സാങ്കേതിക കൈമാറ്റം, കോ-പ്രൊഡക്ഷൻ ഡൈനാമിക്സ്, ഇന്ത്യൻ, വിദേശ കമ്പനികൾ തമ്മിലുള്ള ഔട്ട്സോഴ്സിംഗ് സങ്കീർണതകൾ എന്നിവ പരിശോധിക്കുന്ന വിജ്ഞാന-പങ്കിടൽ സെഷനുകൾ പ്രോത്സാഹിപ്പിക്കുന്ന ഒരു പരിശീലക കൈമാറ്റ പരിപാടി ശുപാർശ ചെയ്യുന്നു. പരിശീലകർ ഇൻഡസ്ട്രി ട്രെൻഡുകൾക്കൊപ്പം നിൽക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും തത്സമയ ആവശ്യങ്ങളോടും അന്തർദേശീയ നിലവാരങ്ങളോടും ഒപ്പം തുടർച്ചയായ പ്രൊഫഷണൽ വികസനം ഉറപ്പാക്കാനും ട്രെയിൻ-ദി-ട്രെയിനർ കോഴ്സുകളുടെ സമഗ്രമായ ഒരു സ്യൂട്ട് നിർദ്ദേശിക്കപ്പെടുന്നു.

# ഇന്നൊവേഷനും ഗവേഷണ വികസനങ്ങളും

## 1. സാങ്കേതികവിദ്യാധിഷ്ഠിത ഇന്നൊവേഷനും ഗവേഷണ വികസനങ്ങളും (ആർ ആൻഡ് ഡി)

നൂതനമായ പ്ലാറ്റ്ഫോമുകളും സേവനങ്ങളും സൃഷ്ടിച്ചുകൊണ്ട് ഊർജ്ജസ്വലമായ എവിജിസി-എക്സ്ആർ ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കാൻ കേരളം ഒരുങ്ങുകയാണ്. അത്യാധുനിക സിമുലേഷനുകൾ, വെബ് 3.0 സാങ്കേതികവിദ്യകൾ സ്വീകരിക്കൽ, വൈവിധ്യമാർന്ന ആനിമേഷൻ ശൈലികൾ എന്നിവയെല്ലാം ഇന്നൊവേഷൻ ഡ്രൈവിന്റെ ഭാഗമാണ്. എഐ, ഓട്ടോമേഷൻ എന്നിവയുടെ സംയോജനം മാധ്യമ അനുഭവങ്ങളിലും ഉൽപ്പാദന പ്രക്രിയകളിലും വിപ്ലവം സൃഷ്ടിക്കുകയും വൈവിധ്യമാർന്ന ഉള്ളടക്ക നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ സാങ്കേതിക നിഷ്പക്ഷതയുടെ സന്തുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുന്നു. എവിജിസി-എക്സ്ആർ ആപ്ലിക്കേഷനുകളിൽ ഉപയോക്തൃ അനുഭവത്തിന് മുൻഗണന നൽകുമ്പോൾതന്നെ, ഗെയിമിംഗ് വ്യവസായത്തെ-പ്രത്യേകിച്ച് മൾട്ടിപ്ലെയർ, നൈപുണ്യ അധിഷ്ഠിത മേഖലകളിൽ- ഉയർത്തിക്കൊണ്ടുവരികയെന്നത് ഉയർന്ന പരിഗണനയുള്ള കാര്യമാണ്.

ശ്രദ്ധകേന്ദ്രീകരിക്കേണ്ട ചില മേഖലകൾ:

- **ആനിമേഷന്റെ വ്യത്യസ്ത ശൈലികൾ:** കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം പ്രതിഫലിപ്പിക്കുന്നതിന് വൈവിധ്യമാർന്ന ആനിമേഷൻ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുക.
- **ടൂളുകൾ/സാങ്കേതികവിദ്യ:** എവിജിസി-എക്സ്ആർ ഉള്ളടക്കത്തിന്റെ നിർമ്മാണവും വിതരണവും മെച്ചപ്പെടുത്തുന്നതിന് അത്യാധുനിക ഉപകരണങ്ങളും സാങ്കേതികവിദ്യകളും വികസിപ്പിക്കുക.

- **അൽഗോരിതങ്ങൾ/സിമുലേഷനുകൾ:** ജീവിതസമാനവും ആഴത്തിലുള്ളതുമായ ഡിജിറ്റൽ അനുഭവങ്ങൾ സൃഷ്ടിക്കുന്നതിന് അനുകരണ സാങ്കേതികവിദ്യകളിൽ നിക്ഷേപം നടത്തുക.
- **വെബ് 3.0:** ഉള്ളടക്ക ഇടപെടലിലും ഉടമസ്ഥതയിലും വിപ്ലവം സൃഷ്ടിക്കാൻ വെബ് 3.0 സ്വീകരിക്കലിൽ മുൻനിരക്കാരാകുക.
- **എഐ മീഡിയ:** മികച്ചതും കൂടുതൽ അഡാപ്റ്റീവുമായ മീഡിയാ അനുഭവങ്ങൾ സൃഷ്ടിക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ സമന്വയിപ്പിക്കുക.
- **ഓട്ടോമേഷൻ:** ഉൽപ്പാദനം കാര്യക്ഷമമാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഓട്ടോമേഷൻ നടപ്പിലാക്കുക.
- ഉപയോക്തൃ അനുഭവം: എവിജിസി-എക്സ്ആർ ആപ്ലിക്കേഷനുകൾക്കുള്ളിലെ ഇടപെടലിലൂടെയും അവബോധജന്യമായ രൂപകൽപ്പനയിലെ ഗവേഷണത്തിലൂടെയും ഉപയോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നു.
- **ഗെയിമിംഗ്:** മൾട്ടിപ്ലെയർ അനുഭവങ്ങൾക്കും വൈദഗ്ധ്യം അടിസ്ഥാനമാക്കിയുള്ള ഗെയിംപ്ലേയ്ക്കും ഊന്നൽ നൽകി ഗെയിമിംഗിൽ നവീകരണം.
- **നിഷ്പക്ഷത:** ഉള്ളടക്കം സൃഷ്ടിക്കുന്നതിന്റെ വിശാലമായ സ്പെക്ട്രം വളർത്തുന്നതിൽ സാങ്കേതിക നിഷ്പക്ഷത ഉറപ്പാക്കുന്നു.
- **പ്ലാറ്റ്ഫോമുകൾ:** വികസനത്തിനും സഹകരണത്തിനുമുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് പ്രാദേശിക എവിജിസി-എക്സ്ആർ വ്യവസായങ്ങളെ ശക്തിപ്പെടുത്തുന്നതിന് പ്ലാറ്റ്ഫോമുകൾ സൃഷ്ടിക്കുന്നു.
- **ഒടിടി:** കേരളത്തിന്റെ തനതായ മീഡിയ ഉള്ളടക്കം ആഗോളതലത്തിൽ വിതരണം ചെയ്യാൻ ഒടിടി പ്ലാറ്റ്ഫോമുകൾ ഉപയോഗപ്പെടുത്തുന്നു.

## 2. മേഖലാധിഷ്ഠിത ഇന്നൊവേഷനും ഗവേഷണ-വികസനങ്ങളും

എവിജിസി-എക്സ്ആർ മേഖലയിൽ, നവീകരണത്തിനായി, തനതായ സാധ്യതകളുള്ള ഇനിപ്പറയുന്ന മേഖലകൾ തിരിച്ചറിഞ്ഞിട്ടുണ്ട്:



- **ഡിജിറ്റൽ പ്രതിരൂപങ്ങൾ:** മെച്ചപ്പെടുത്തിയ സിമുലേഷനും വിശകലനത്തിനും വേണ്ടി ഭൗതിക സംവിധാനങ്ങളെ വെർച്വൽ പ്രതിരൂപങ്ങളാക്കി മാറ്റുന്നു.
- **സ്മാർട്ട് സിറ്റികൾ:** കൂടുതൽ സംവേദനാത്മകവും പ്രതികരണസ്വഭാവമുള്ളതുമായ നഗര പരിതസ്ഥിതികൾ സൃഷ്ടിക്കുന്നതിന് എക്സ്ആർ സമന്വയിപ്പിക്കുന്നു.
- **ആരോഗ്യ സംരക്ഷണം:** നൂതന മെഡിക്കൽ പരിശീലനം, രോഗികളുടെ ചികിത്സാ പദ്ധതികൾ, ശസ്ത്രക്രിയാ സിമുലേഷനുകൾ എന്നിവയ്ക്കായി എക്സ്ആർ പ്രയോഗിക്കുന്നു.
- **സ്പേസ്:** അന്യഗ്രഹ ചുറ്റുപാടുകളും ദൗത്യങ്ങളും സിമുലേറ്റ് ചെയ്യാനും തയ്യാറാക്കാനും വേണ്ടി എക്സ്ആർ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നു.
- **വിദ്യാഭ്യാസം:** ഇമ്മേഴ്സീവ്, ഇന്ററാക്ടീവ് എക്സ്ആർ ആപ്ലിക്കേഷനുകളിലൂടെ പഠനാനുഭവങ്ങൾ മെച്ചപ്പെടുത്തുന്നു.
- **ബിഐഎം/കൺസ്ട്രക്ഷൻ:** പ്രോജക്ടുകൾ ദൃശ്യവൽക്കരിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുമായി ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിംഗിൽ എക്സ്ആർ ഉൾപ്പെടുത്തുന്നു.
- **പ്രതിരോധം:** തന്ത്രപരമായ പ്രതിരോധ പരിശീലനം, ദൗത്യ ആസൂത്രണം, ഉപകരണങ്ങളുടെ പരിപാലനം എന്നിവയ്ക്കായി എക്സ്ആർ പ്രയോജനപ്പെടുത്തുന്നു.





- **കാലാവസ്ഥാ പ്രതിരോധവും ദുരന്തനിവാരണവും:** കാലാവസ്ഥയുമായി ബന്ധപ്പെട്ട വെല്ലുവിളികളേയും ദുരന്തങ്ങളേയും അനുകരിക്കാനും തന്ത്രം മെനയാനും എക്സ്ആർ ഉപയോഗിക്കുന്നത്, തയ്യാറെടുപ്പിനേയും പ്രതിരോധശേഷിയേയും വർദ്ധിപ്പിക്കുന്നു.
- **ഹരിതോർജ്ജം:** ഹരിതോർജ്ജ സംവിധാനങ്ങൾ ഒപ്റ്റിമൈസ് ചെയ്യുന്നതിനും അനുകരിക്കുന്നതിനുമായി എക്സ്ആർ സാങ്കേതികവിദ്യകൾ സമന്വയിപ്പിക്കുന്നത് സുസ്ഥിര ഊർജ്ജ പരിഹാരങ്ങൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സഹായിക്കുന്നു.
- **വിനോദസഞ്ചാരവും വാണിജ്യവും:** കേരളത്തിന്റെ ടൂറിസം മേഖലയെയും അനുബന്ധ വാണിജ്യ പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും കെട്ടിപ്പടുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ക്രോസ് പ്ലാറ്റ്ഫോം എവിജിസി-എക്സ്ആർ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുക.

### സർക്കാർ പിന്തുണ

താഴെപ്പറയുന്ന വിവിധ ഇടപെടലുകളിലൂടെ എവിജിസി-എക്സ്ആർ മേഖലയിലെ വളർച്ചയിലെ നവീകരണങ്ങളെയും ഗവേഷണ-വികസനത്തെയും കേരള സർക്കാർ പിന്തുണയ്ക്കും:

### a) ഇന്നൊവേഷനിലും ഗവേഷണ-വികസനത്തിലും സർക്കാർ പങ്കാളിത്തം

തന്ത്രപ്രധാനമായ ഗവൺമെന്റ് പ്രോജക്ടുകൾ ഗവേഷണ-വികസനങ്ങളിൽ ഉത്തേജകമായി വർത്തിക്കുന്നതിലൂടെ പയനിയറിംഗ് ജോലികൾ പ്രോത്സാഹിപ്പിക്കപ്പെടുക മാത്രമല്ല, പൊതുസംരംഭങ്ങളാൽ മാതൃകയാക്കപ്പെടുകയും ചെയ്യുന്ന ഒരു അന്തരീക്ഷം വളർത്തിയെടുക്കുന്നു. ഈ സജീവമായ നിലപാട് സാങ്കേതിക പുരോഗതിക്ക് ഇന്ധനം പകരുക മാത്രമല്ല, പൊതു-സ്വകാര്യ സഹകരണങ്ങൾക്ക് ഫലഭൂയിഷ്ഠമായ ഒരു മണ്ണ് ഒരുക്കുകയും ചെയ്യുന്നതിലൂടെ എവിജിസി-എക്സ്ആർ ഡൊമെയ്നിൽ നേതൃസ്ഥാനത്തിനുള്ള സംസ്ഥാനത്തിന്റെ യാത്രയെ നയിക്കുകയും ചെയ്യുന്നു. കെഎസ്‌യുഎം നിയന്ത്രിക്കുന്ന ഒരു മാർക്കറ്റ് പ്ലേസ് (GAAM) എന്ന നിലയിൽ സർക്കാർ മാതൃകയായി പ്രവർത്തിക്കും.

- **ആദ്യകാല ദത്തെടുക്കൽ:** പൊതു സേവനങ്ങളിൽ ഉയർന്നുവരുന്ന സാങ്കേതിക വിദ്യകൾ ആദ്യമായി ഉപയോഗപ്പെടുത്തുകയും വ്യവസായ ദത്തെടുക്കലിന് ഒരു മാനദണ്ഡം സ്ഥാപിക്കുകയും ചെയ്തുകൊണ്ട് എവിജിസി-എക്സ്ആറിലെ ഇന്നൊവേഷന് സർക്കാർ നേതൃത്വം നൽകും.
- **സർക്കാർ പദ്ധതികൾ:** തന്ത്രപ്രധാനമായ ഗവൺമെന്റ് പ്രോജക്ടുകളിലൂടെ, സംസ്ഥാനം എവിജിസി-എക്സ്ആർ മേഖലയിലേക്ക് ഗവേഷണ-വികസന മൂലധനം കടത്തിവിടുകയും പുരോഗതിയെ മുന്നോട്ട് നയിക്കുകയും പ്രായോഗിക പ്രയോഗങ്ങളെ പ്രദർശിപ്പിക്കുകയും ചെയ്യും.

### b) ആർ ആൻഡ് ഡി ഫണ്ട് സ്ഥാപിക്കൽ

എവിജിസി-എക്സ്ആർ മേഖലയിൽ നടത്തുന്ന ഗവേഷണ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സമർപ്പിത ഫണ്ട് രൂപീകരിക്കുന്നതിന് 5 വർഷത്തേക്ക് സർക്കാർ 50 കോടി രൂപ അനുവദിക്കും. കെഎസ്‌യുഎം ഫണ്ട് കൈകാര്യം ചെയ്യും. കോർ ടെക്നോളജി, ഉള്ളടക്ക നവീകരണം, ഉപയോക്തൃ അനുഭവം എന്നിവയിൽ ആയിരിക്കണം ഗവേഷണ മേഖലകൾ. കാര്യമായ സാങ്കേതിക കണ്ടുപിടുത്തത്തിനും വ്യവസായ സ്വാധീനത്തിനും സാധ്യതയുള്ള പദ്ധതികൾക്ക് ഊന്നൽ നൽകും. അനുവദിച്ച ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കാൻ കെഎസ്‌യുഎം മാനദണ്ഡങ്ങൾ നിർദ്ദേശിക്കും.

### c) പേറ്റന്റ് രജിസ്ട്രേഷൻ റീഇംബേഴ്സ്മെന്റ്

കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എവിജിസി-എക്സ്ആർ കമ്പനികൾ നയ കാലയളവിനുള്ളിൽ പേറ്റന്റ് ഫയൽ ചെയ്യുകയോ നേടുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ഒരു ആഭ്യന്തര പേറ്റന്റ് ഫയൽ ചെയ്യുന്നതിനായി പരമാവധി 5,00,000 രൂപ വരെയും അന്താരാഷ്ട്ര പേറ്റന്റ് ഫയൽ ചെയ്യുന്നതിന് പരമാവധി 10,00,000 രൂപ വരെയും യഥാർത്ഥ ചെലവുകൾ തിരിച്ച് ലഭിക്കാൻ അർഹതയുണ്ട്.

പേറ്റന്റ് ഫയൽ ചെയ്യുന്നതിനുള്ള യോഗ്യമായ ചെലവുകളിൽ ഡ്രാഫ്റ്റിംഗ്, ക്ലെയിമുകൾ, സ്പെസിഫിക്കേഷനുകൾ, പരിശോധനകൾ മുതലായവ പോലുള്ള പേറ്റന്റ് കൺസൾട്ടിംഗ് ഫീസും പേറ്റന്റ് ഓഫീസിലേക്ക് അടയ്ക്കുന്ന ഫീസുകളും അറ്റോർണി ഫീസും സെർച്ച് ഫീസും മെയിന്റനൻസ് ഫീസും ഉൾപ്പെടുന്നു.

ഒരു കമ്പനിക്ക് ഒരു വർഷത്തിനുള്ളിൽ ഒരു റീഇംബേഴ്സ്മെന്റിനും പോളിസി കാലയളവിൽ ആഭ്യന്തര അല്ലെങ്കിൽ അന്തർദേശീയ പേറ്റന്റുകൾ ഉൾപ്പെടെ പരമാവധി 5 റീഇംബേഴ്സ്മെന്റുകൾക്കും അർഹതയുണ്ട്. കേന്ദ്രഗവൺമെന്റിന്റെ നിലവിലുള്ള ഏതെങ്കിലും സ്കീമിന് പുറമെയായിരിക്കും കേരള സർക്കാർ നൽകുന്ന ഈ പേറ്റന്റ് ഫയലിംഗ് ഇൻസെന്റീവുകൾ.

### d) എവിജിസി–എക്സ്ആർ വഴി കലയെ പിന്തുണയ്ക്കുന്നു

എവിജിസി-എക്സ്ആറിന്റെ സംയോജനത്തിന് കലാരൂപങ്ങളെ സംരക്ഷിക്കാൻ മാത്രമല്ല, ആഴത്തിലുള്ള അനുഭവങ്ങൾ സൃഷ്ടിക്കാനും കഴിയുന്നത് ആകർഷണവും വാണിജ്യപരമായ ഫലങ്ങളും ഉണ്ടാക്കും. സാംസ്കാരിക വൈവിധ്യത്തിന്റെയും പൈതൃകത്തിന്റെയും വിശാലമായ ആഖ്യാനത്തിന് സംഭാവന നൽകിക്കൊണ്ട്, ആഗോള പ്രേക്ഷകർക്കുമുന്നിൽ കേരളത്തിന്റെ വ്യതിരിക്തമായ സ്വത്വം പ്രദർശിപ്പിക്കുന്നതിനുള്ള ശക്തമായ ഒരു മാർഗമായും ഇത് പ്രവർത്തിക്കും. ഇത്തരം പദ്ധതികളിൽ ഏർപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഗ്രാന്റുകൾ അനുവദിക്കും.

### e) സഹകരണം സുഗമമാക്കുക



ആനിമേഷൻ ശൈലികളുടെ കേന്ദ്രീകൃത ലൈബ്രറി, ചിട്ടയായ വ്യവസായ ഇടപെടലുകൾ, അക്കാദമിക് സഹകരണങ്ങൾ, ആപ്ലിക്കേഷൻ-കേന്ദ്രീകൃത ഗവേഷണം, ബഹുതല സമീപനം എന്നിവ ഇന്നൊവേഷനോടുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധതയ്ക്ക് അടിവരയിടുന്നു. ഈ ബഹുമുഖതന്ത്രം വൈവിധ്യമാർന്ന വൈദഗ്ധ്യം സമന്വയിപ്പിക്കാൻ ലക്ഷ്യമിടുന്നതും ആഗോള മത്സരക്ഷമതയിലേക്കും സാങ്കേതിക നേതൃത്വത്തിലേക്കും ഈ മേഖലയെ മുന്നോട്ട് നയിക്കുന്നതുമായിരിക്കും.

- **സ്റ്റൈൽസ് ലൈബ്രറി:** ക്രിയേറ്റർമാർക്ക് ഒരു വിഭവമായി വർത്തിക്കും വിധം, വൈവിധ്യമാർന്ന ആനിമേഷൻ ടെക്നിക്കുകൾ രേഖപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു ശേഖരം ഉണ്ടാക്കുക.
- **വ്യവസായ ഇടപെടലുകൾ:** സഹകരണവും വിജ്ഞാനം പങ്കിടലും പ്രോത്സാഹിപ്പിക്കുന്നതിന് എവിജിസി-എക്സ്ആർ വ്യവസായവും ഓഹരി ഉടമകളും തമ്മിലുള്ള പതിവായ ഇടപെടലുകൾ സുഗമമാക്കുക.
- **ഇൻസ്റ്റിറ്റ്യൂട്ട് പങ്കാളിത്തം:** സൈദ്ധാന്തിക ഗവേഷണവും വ്യവസായ പ്രയോഗവും തമ്മിലുള്ള വിടവ് നികത്താൻ അക്കാദമിക് സ്ഥാപനങ്ങളുമായി പങ്കാളിത്തം സ്ഥാപിക്കുക.
- **പരിവർത്തന ഗവേഷണവും ആശയവിനിമയവും:** സങ്കീർണ്ണമായ ഇന്നൊവേഷനുകളെ പ്രായോഗിക പരിഹാരങ്ങളിലേക്കും ഫലപ്രദമായ ആശയവിനിമയ തന്ത്രങ്ങളിലേക്കും പരിവർത്തനം ചെയ്യുന്ന ഗവേഷണം പ്രോത്സാഹിപ്പിക്കുക.
- **ബഹുതല സമിതി:** ഇന്നൊവേഷന്റെ ദിശയിലേക്ക് നയിക്കാനും എവിജിസി-എക്സ്ആർ സ്പെക്ട്രത്തിലുടനീളം സമഗ്രമായ വികസനം ഉറപ്പാക്കാനും വിവിധ വിഷയങ്ങളിൽ നിന്നുള്ള വിദഗ്ധരുടെ ഒരു കമ്മിറ്റി വിളിച്ചുകൂട്ടുക.

### f) സർഗ്ഗാത്മക ആർട്ടിസ്റ്റുകളുടെ ഇന്നൊവേഷൻ കളക്ടീവുകൾ

എവിജിസി-എക്സ്ആർ മേഖലയിലെ ഫ്രീലാൻസ് അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കെ-ഡിസ്ക്, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ആൻഡ് ഇന്നൊവേഷൻ ടെക്നോളജി, ഐസിടിഎകെ എന്നിവയുമായി സഹകരിച്ച് ക്രിയേറ്റീവ് ആർട്ടിസ്റ്റുകളുടെ പ്ലാറ്റ്ഫോം കളക്ടീവുകൾ രൂപീകരിക്കുക.



# ഉള്ളടക്ക സൃഷ്ടിയും ഐപി വികസനവും

എവിജിസി-എക്സ്ആർ മേഖലയിലെ പ്രാദേശിക കമ്പനികൾക്ക് ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിന് അത്യന്തം അനുകൂലമായ അന്തരീക്ഷം വളർത്തിയെടുക്കാനാകുംവിധമാണ് ഉള്ളടക്ക സൃഷ്ടിക്കും ഐപി വികസനത്തിനുമുള്ള കേരളത്തിന്റെ സമഗ്ര തന്ത്രം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഈ തന്ത്രത്തിന്റെ ഒരു പ്രധാന ഘടകമെന്ന നിലയിൽ, എവിജിസി-എക്സ്ആർ മേഖലയിലെ ബൗദ്ധിക സ്വത്തിന്റെ വികസനവും സംരക്ഷണവും സുഗമമാക്കുന്നതിന് ഗ്രാന്റുകളിലൂടെ കേരള സർക്കാർ സാമ്പത്തിക സഹായം നൽകും. ഇന്നൊവേഷന്റെയും മൗലികതയുടെയും ശക്തമായ ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനും സർഗ്ഗാത്മകവും വഴിതെളിക്കുന്നതുമായ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് പ്രാദേശിക കമ്പനികളെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് ഈ ഗ്രാന്റുകൾ അനുവദിക്കുന്നത്.

## 1. ഉൽപന്ന വികസന ഗ്രാന്റ്

ബൗദ്ധിക സ്വത്തവകാശ വികസനത്തിന്റെ വിവിധ ഘട്ടങ്ങൾ, ആശയ രൂപീകരണം, ഗവേഷണം, വികസനം, പ്രോട്ടോടൈപ്പിംഗ്, വാണിജ്യവൽക്കരണം എന്നീ വിവിധ ഘട്ടങ്ങളെ ഉൾക്കൊള്ളുംവിധമാണ് ഗ്രാന്റ് ഘടന സൂക്ഷ്മമായി വികസിപ്പിച്ചെടുത്തിട്ടുള്ളത്. ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കാൻ മാത്രമല്ല, സുസ്ഥിരമായ വളർച്ചയ്ക്കും മത്സരക്ഷമതയ്ക്കും വേണ്ടി അതിനെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും കമ്പനികളെ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സമഗ്ര പിന്തുണാ ചട്ടക്കൂട് ലക്ഷ്യമിടുന്നു. രണ്ട് ഘട്ടങ്ങളിലായി ഫണ്ട് വിതരണം ചെയ്യും:

a) ആശയരൂപീകരണം മുതൽ പ്രായോഗികമാക്കൽ വരെ – 15 ലക്ഷം രൂപ

b) പിച്ചിംഗ് – 5 ലക്ഷം രൂപ

ഒരു കമ്പനിക്ക് ഒരു വർഷം ഒരു ഗ്രാന്റിനും നയകാലയളവിൽ പരമാവധി 5 ഗ്രാന്റുകൾക്കും അർഹതയുണ്ട്. കേന്ദ്രഗവൺമെന്റിന്റെ നിലവിലുള്ള ഏതൊരു പദ്ധതിക്കും പുറമെയായിരിക്കും കേരള സർക്കാർ നൽകുന്ന ഈ ഗ്രാന്റുകൾ.

## 2. കേരളത്തിൽ വാണിജ്യ ഉള്ളടക്കം സൃഷ്ടിക്കൽ

എവിജിസി-എക്സ്ആർ മേഖലയിൽ ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിനുള്ള ഒരു കേന്ദ്രമായി സംസ്ഥാനത്തെ മാറ്റാൻ കേരള സർക്കാർ ശ്രമിക്കുന്നു. സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകുന്നതിലൂടെ ഇന്നൊവേഷൻ, സർഗ്ഗാത്മകത, യഥാർത്ഥ ഉള്ളടക്ക ഉൽപ്പാദനം എന്നിവയിൽ കുതിച്ചുചാട്ടം നടത്താനും എവിജിസി-എക്സ്ആർ കമ്പനികൾക്ക് തഴച്ചുവളരാനും ഡിജിറ്റൽ വിനോദത്തിന്റെയും സാങ്കേതികവിദ്യയുടെയും ആഗോള ഭൂമികയിലേക്ക് അർഥവത്തായ സംഭാവന നൽകാനും കഴിയുന്ന ഒരു അന്തരീക്ഷം പരിപോഷിപ്പിക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്.

### a) ആനിമേറ്റഡ് പരമ്പരയ്ക്കുള്ള നിർമാണ ധനസഹായം

ടിവി/വിഒഡി/എസ്‌വിഒഡി പ്ലാറ്റ്ഫോമുകൾക്കായി 13 എപ്പിസോഡുകളും അതിനുമുകളിലും ഉള്ള ആനിമേറ്റഡ് പരമ്പര നിർമ്മിക്കുന്ന, സിഐഇ-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾക്ക്, യോഗ്യമായ ചെലവുകളുടെ **20%** റീഇംബേഴ്സ്മെന്റിന് അപേക്ഷിക്കാൻ അർഹതയുണ്ട്. ഒരു കമ്പനിക്ക് ഒരു വർഷത്തിൽ പരമാവധി **30 ലക്ഷം** രൂപ വരെ റീഇംബേഴ്സ്മെന്റ് ലഭിക്കും. ഒരു കമ്പനിക്ക് ഒരു വർഷം 2 അനുമതികൾ എന്ന പരിധിയുമുണ്ട്. ഒരൊറ്റ അനുമതിക്ക് പരമാവധി **20 ലക്ഷം** രൂപ എന്ന പരിധിക്കും ഇത് വിധേയമാണ്.

#### b) ആനിമേറ്റഡ് ഫീച്ചർ ഫിലിമുകൾക്കുള്ള നിർമാണ ധനസഹായം

**ഇന്ത്യൻ പ്രമേയം ഉള്ളടക്കമായ സിനിമകൾക്ക്**

90 മിനിറ്റും അതിൽ കൂടുതലുമുള്ള ആനിമേഷൻ ഫിലിമുകൾ നിർമ്മിക്കുന്ന, സിഇഒ-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾക്ക് യോഗ്യമായ ചെലവിന്റെ 20% റീഇംബേഴ്സ്മെന്റിന് അപേക്ഷിക്കാൻ അർഹതയുണ്ട്. കമ്പനി നിർമ്മിക്കുകയും അവരുടെ ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യുകയും ചെയ്യുന്ന ഉള്ളടക്കത്തിനോ നിർവചിക്കപ്പെട്ട സേവന കരാറിന് കീഴിൽ മറ്റൊരു പ്രൊഡക്ഷൻ ഹൗസിനായി നിർമ്മിക്കുന്ന ഉള്ളടക്കത്തിനോ ഈ പ്രോത്സാഹനം ബാധകമാണ്. ഒരു കമ്പനിക്ക് ഒരു വർഷം ഒരു അനുമതി എന്ന പരിധിയിൽ ഒരു സിനിമയ്ക്ക് പരമാവധി ഒരു കോടി രൂപ വരെ മൊത്തം റീഇംബേഴ്സ്മെന്റ് ലഭിക്കും.

#### c) എക്സ്ആർ, വിഎഫ്എക്സ് പ്രോജക്ടുകൾക്കുള്ള നിർമാണ ധനസഹായം

**ആഭ്യന്തര ഉൽപാദനങ്ങൾക്കായി**

പ്രോജക്റ്റിന്റെ കരാർ മൂല്യം 15 ലക്ഷത്തിന് മുകളിലുള്ള ആഭ്യന്തര ഉൽപ്പാദനങ്ങൾക്കായി എക്സ്ആർ, വിഎഫ്എക്സ് എന്നിവ ഉൾപ്പെടുന്ന പ്രോജക്ടുകളിൽ പ്രവർത്തിക്കുന്ന, സിഇഒ-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾക്ക് യോഗ്യമായ ചെലവിന്റെ 20% റീഇംബേഴ്സ്മെന്റിന് അപേക്ഷിക്കാൻ അർഹതയുണ്ട്. കമ്പനി നിർമ്മിച്ച് അവരുടെ ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യുന്ന ഉള്ളടക്കത്തിനോ അല്ലെങ്കിൽ മറ്റൊരു ഇന്ത്യൻ ക്ലയന്റ്/പ്രൊഡക്ഷൻ ഹൗസിന് വേണ്ടി നിർവചിക്കപ്പെട്ട സേവന കരാറിന് കീഴിൽ നിർമ്മിക്കുന്ന ഉള്ളടക്കത്തിനോ ഈ ഇൻസെന്റീവ് ബാധകമാണ്.

ഒരു കമ്പനിക്ക് ഒരു വർഷത്തിൽ പരമാവധി 20 ലക്ഷം രൂപവരെ റീഇംബേഴ്സ്മെന്റ് ലഭിക്കും, ഒരു കമ്പനിക്ക് ഒരു വർഷം 3 അനുമതികളാണ് പരമാവധി ലഭിക്കുക. ഒറ്റ അനുമതിയുടെ പരിധി പരമാവധി 10 ലക്ഷം രൂപയായിരിക്കും.

#### d) ഗെയിം വികസനത്തിനുള്ള നിർമാണ ധനസഹായം

**i) ഇന്ത്യൻ ഗെയിം ഡെവലപ്പർമാർ നിർമ്മിക്കുന്ന ഗെയിമുകൾക്കായി**

ഓൺലൈൻ/മൊബൈൽ ഗെയിമുകൾ വികസിപ്പിക്കുന്ന, സിഇഒ-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾക്ക് യോഗ്യമായ ചെലവിന്റെ 20% റീഇംബേഴ്സ്മെന്റിന് അപേക്ഷിക്കാൻ അർഹതയുണ്ട്. കമ്പനികൾ iOS/Android/Windows എന്നിവയിലോ ഇൻസ്റ്റാളുകൾ ഗെയിംപ്ലേകൾ എന്നിവയിൽ ആധികാരിക ഡാറ്റയുള്ള പ്രശസ്തമായ ഗെയിം പ്രസാധകരിലൂടെയോ ആകെ 2 ലക്ഷം ഡൗൺലോഡുകൾ നേടുകയോ ഫിക്കി ഫ്രെയിംസ് (FICCI FRAMES) പോലുള്ള പ്രശസ്തമായ കോൺക്ലേവുകളിൽ അവാർഡ് നേടുകയോ നോമിനേറ്റ് ചെയ്യപ്പെടുകയോ ചെയ്യണം.

ഒരു കമ്പനി സ്വന്തമായി ഉൽപ്പാദിപ്പിച്ച് അവരുടെ ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്താൽ, ഓരോ അപേക്ഷകനും ഒരു വർഷം രണ്ട് അനുമതി എന്ന പരിധിയോടെ, ഒരു കമ്പനിക്ക് പരമാവധി 5 ലക്ഷം രൂപവരെ റീഇംബേഴ്സ്മെന്റ് ലഭിക്കും.

**ii) അന്താരാഷ്ട്ര ഗെയിം ഡെവലപ്പർമാർ നിർമ്മിക്കുന്ന ഗെയിമുകൾക്കായി**

വലിയ, ഉയർന്ന അന്തർദേശീയ എവിജിസി-എക്സ്ആർ പ്രൊഡക്ഷനുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സാമ്പത്തിക ആനുകൂല്യങ്ങളും ഇളവുകളും നൽകാൻ കേരള സർക്കാർ നിർദ്ദേശിക്കുന്നു. വിപുലീകൃത സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകുന്ന പ്രൊജക്ടുകൾ അല്ലെങ്കിൽ പ്രൊഡക്ഷനുകൾ കേരള എവിജിസി-എക്സ്ആർ വ്യവസായത്തിന്റെ പ്രൊഫൈൽ ഉയർത്താൻ സഹായിക്കും. അവർ ഗണ്യമായതോതിൽ അന്താരാഷ്ട്ര ബിസിനസ്സ് കേരളത്തിലേക്ക് കൊണ്ടുവരികയും കേരളത്തിലെ എവിജിസി-എക്സ്ആറിൽ തൊഴിൽ സൃഷ്ടിക്കുന്നതിനും നിലനിർത്തുന്നതിനും സഹായിക്കുകയും വേണം.





**iii) പ്രാദേശിക സ്റ്റുഡിയോകളുടെ ആഗോള ലൈസൻസുള്ള ഐപി ഗെയിം വികസനം**

ഒറിജിനൽ ഉടമകളുടെ ലൈസൻസും അംഗീകാരവും ഉള്ള, ജനപ്രിയ ഗ്ലോബൽ/നാഷണൽ ഒറിജിനൽ ഐപികളെ അടിസ്ഥാനമാക്കി ഗെയിമുകൾ വികസിപ്പിച്ചെടുക്കുന്ന, CoE-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾക്ക് യോഗ്യമായ ചെലവിന്റെ 20% റീഇംബേഴ്സ്മെന്റിന് അപേക്ഷിക്കാൻ അർഹതയുണ്ട്. ഒരു കമ്പനിക്ക് ഒരു അനുമതിയിൽ 5 ലക്ഷം രൂപയെന്നും ഓരോ അപേക്ഷകനും ഒരു വർഷം 2 (രണ്ട്) അനുമതിയെന്നും പരിധി ഉണ്ടാകും.

#### e) ഇന്റർനാഷണൽ പ്രൊഡക്ഷൻസ്

കേരളത്തിൽ ഏറ്റെടുക്കുന്ന മൾട്ടി-നാഷണൽ പ്രൊഡക്ഷൻ ഹൗസുകളുടെ അന്തർദേശീയ പ്രൊഡക്ഷനുകൾക്ക്, ഒരു കമ്പനിക്ക് ഒരു വർഷം 5 കോടി രൂപ എന്ന പരിധിയിൽ, യോഗ്യമായ ചെലവിന്റെ 20% വരെ റീഇംബേഴ്സ്മെന്റിന് അപേക്ഷിക്കാൻ അർഹതയുണ്ട്. ഒരു കമ്പനിക്ക് ഒരു വർഷം 3 അനുമതിയായി പരിമിതപ്പെടുത്തിയിരിക്കും. അന്താരാഷ്ട്ര പ്രേക്ഷകരെ ലക്ഷ്യമിട്ടുള്ള ആനിമേറ്റഡ് സിനിമകൾ (കുറഞ്ഞത് 60 മിനിറ്റ്) അല്ലെങ്കിൽ പരമ്പര (കുറഞ്ഞത് 25 മിനിറ്റ് വീതം ദൈർഘ്യമുള്ള 5 എപ്പിസോഡുകൾ), ഓഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി, വിഷ്വൽ ഇഫക്റ്റ് പ്രോജക്ടുകൾ എന്നിവയും അന്താരാഷ്ട്ര പ്രോജക്ടുകൾക്കായി വികസിപ്പിച്ച പ്രത്യേക ഗെയിം ആർട്ടിനും ഇതിന് യോഗ്യതയുണ്ടാകും.

#### f) പ്രാദേശിക ഉള്ളടക്കം പ്രോത്സാഹിപ്പിക്കുന്നു

ഈ നയം ഉള്ളടക്കത്തിന്റെ ജനാധിപത്യവൽക്കരണത്തെ പിന്തുണയ്ക്കുകയും സൃഷ്ടികൾ പ്രാദേശികവും ആഗോളവുമായ വിപണികൾക്ക് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തുകയും സംസ്ഥാനത്തിന്റെ ഊർജ്ജസ്വലമായ സാംസ്കാരിക ഘടനയിൽ തങ്ങളുടെ ഐപി നങ്കൂരമിടാൻ കമ്പനികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

പ്രാദേശികമായി സൃഷ്ടിച്ച ഉള്ളടക്കം പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ളടക്ക വികസനം, ആഭ്യന്തര കമ്പനികൾ, സംസ്ഥാനത്ത് അടിസ്ഥാനം സ്ഥാപിക്കുന്ന വിദേശ കമ്പനികൾ, സ്റ്റാർട്ടപ്പുകൾ എന്നിവ തമ്മിലുള്ള മത്സരം വളർത്തുന്നതിനുമായി ചാനലുകളിൽ (വിദേശീയവും ആഭ്യന്തരവും) എയർടൈമിന്റെ 1 % എങ്കിലും സംവരണം നടപ്പിലാക്കാൻ, കേന്ദ്ര ഗവൺമെന്റുമായി ഉചിതമായ തലത്തിൽ കേരള സർക്കാർ ചർച്ച നടത്തും. ഗുണനിലവാരമുള്ള ഉള്ളടക്കം സംപ്രേഷണം ചെയ്യുന്നുവെന്ന് ഇതിലൂടെ ഉറപ്പാക്കാനാകും.

#### g) എവിജിസി-എക്സ്ആർ സേവനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കെഎസ്എഫ്ഡിസിയുടെ എവിജിസി-എക്സ്ആർ ഫെസിലിറ്റേഷൻ ഓഫീസ്

കേരളത്തിലെ ക്രിയേറ്റീവ് ആർട്ടിസ്റ്റുകളെയും പ്രൊഫഷണലുകളെയും, കേരളത്തിൽ പ്രവർത്തിക്കുന്ന ആഭ്യന്തര, അന്തർദേശീയ എവിജിസി-എക്സ്ആർ കമ്പനികളെയും, കേരളത്തിലേക്ക് വരാൻ പദ്ധതിയിടുന്ന കമ്പനികളേയും സഹായിക്കാൻ എവിജിസി-എക്സ്ആർ സേവനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കെഎസ്എഫ്ഡിസി എവിജിസി-എക്സ്ആർ ഫെസിലിറ്റേഷൻ ഓഫീസ് സ്ഥാപിക്കും. എവിജിസി-എക്സ്ആർ സേവനങ്ങൾ നൽകുന്ന സ്റ്റുഡിയോകളുടെ സംസ്ഥാനം തിരിച്ചുള്ള ലിസ്റ്റ് കെഎസ്എഫ്ഡിസി വെബ്സൈറ്റിൽ സൂക്ഷിക്കുകയും ഇത് കേരളത്തിലും ഇന്ത്യയിലും വിദേശത്തും നിന്ന് വരാനിരിക്കുന്ന ചലച്ചിത്ര പ്രവർത്തകർക്ക് ഈ സേവനങ്ങൾ നിർദ്ദേശിക്കുകയും ചെയ്യും.

#### h) അന്താരാഷ്ട്ര സഹകരണങ്ങൾ

അന്താരാഷ്ട്ര സഹകരണവും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിന്, വ്യവസായത്തിലെ ആഗോള കമ്പനികളുമായി ഇടപഴകാൻ എവിജിസി-എക്സ്ആർ കമ്പനികളെ കേരളം പ്രോത്സാഹിപ്പിക്കും. ആഗോള എവിജിസി-എക്സ്ആർ വിപണിയിൽ കേരളത്തിന്റെ സാന്നിധ്യം വർധിപ്പിക്കുകയും പുതിയ അവസരങ്ങളിലേക്കുള്ള വാതിലുകൾ തുറക്കുകയും ചെയ്യുന്ന സഹ-നിർമ്മാണങ്ങൾ, സംയുക്ത സംരംഭങ്ങൾ അല്ലെങ്കിൽ അന്താരാഷ്ട്ര സ്റ്റുഡിയോകളുമായുള്ള സഹകരണം എന്നിവ ഇതിൽ ഉൾപ്പെട്ടേക്കാം.

### 3. പേറ്റന്റ്, കോപ്പിറൈറ്റ്, ട്രേഡ്മാർക്ക് രജിസ്ട്രേഷൻ റീഇംബേഴ്സ്മെന്റ്

പോളിസി കാലയളവിനുള്ളിൽ പേറ്റന്റ് ഫയൽ ചെയ്യുകയോ നേടുകയോ ചെയ്തിട്ടുണ്ടെങ്കിൽ, കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എവിജിസി-എക്സ്ആർ കമ്പനികൾക്ക് ഒരു ആഭ്യന്തര പേറ്റന്റ് ഫയൽ ചെയ്യുന്നതിനായി, പരമാവധി 5,00,000 രൂപ വരെയും, ഒരു അന്താരാഷ്ട്ര പേറ്റന്റ് ഫയൽ ചെയ്യുന്നതിന് പരമാവധി 10,00,000 രൂപ വരെയും

യഥാർത്ഥ ചെലവുകൾ തിരിച്ചുലഭിക്കാൻ അർഹതയുണ്ട്.

പേറ്റന്റ് ഫയൽ ചെയ്യുന്നതിനുള്ള യോഗ്യമായ ചെലവുകളിൽ ഡ്രാഫ്റ്റിംഗ്, ക്ലെയിമുകൾ, സ്പെസിഫിക്കേഷനുകൾ, പരിശോധനകൾ മുതലായവ പോലുള്ള പേറ്റന്റ് കൺസൾട്ടിംഗ് ഫീസും പേറ്റന്റ് ഓഫീസിലേക്ക് അടക്കുന്ന ഫീസുകളും അറ്റോർണി ഫീസും സെർച്ച് ഫീസും മെയിന്റനൻസ് ഫീസും ഉൾപ്പെടുന്നു.

ഒരു കമ്പനിക്ക് ഒരു വർഷത്തിനുള്ളിൽ ഒരു റീഇംബേഴ്സ്മെന്റിനും പോളിസി കാലയളവിൽ പരമാവധി 5 റീ ഇംബേഴ്സ്മെന്റുകൾക്കും (ആഭ്യന്തര അല്ലെങ്കിൽ അന്തർദേശീയ പേറ്റന്റുകൾ ഉൾപ്പെടെ) അർഹതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിലവിലുള്ള ഏതെങ്കിലും സ്കീമിന് പുറമെയായിരിക്കും കേരള സർക്കാർ നൽകുന്ന ഈ പേറ്റന്റ് ഫയലിംഗ് ഇൻസെന്റീവുകൾ.

പകർപ്പവകാശത്തിനും വ്യാപാരമുദ്ര രജിസ്ട്രേഷനുമുള്ള യോഗ്യമായ ചെലവുകൾ നയ കാലാവധിയിൽ ഒരു കമ്പനിക്ക് പരമാവധി 2,00,000 രൂപയ്ക്ക് വിധേയമായി തിരികെ നൽകും.

## 4. എവിജിസി-എക്സ്ആർ ഉള്ളടക്ക വിപണിയുടെ സൃഷ്ടി

ഇന്ത്യൻ, ആഗോള മേഖലകളിൽ കേരളത്തിന്റെ എവിജിസി-എക്സ്ആർ ഉള്ളടക്കം പ്രോത്സാഹിപ്പിക്കുന്നതിന്, ഫിക്കി ഫ്രെയിംസിന്റെയും മിപ്കോമിന്റെയും മാതൃകയിൽ കേരള സർക്കാർ എല്ലാ വർഷവും ഒരു സമർപ്പിത എവിജിസി-എക്സ്ആർ ഉള്ളടക്ക വിപണി സൃഷ്ടിക്കും.

ഈ വിപണിയിൽ ഉണ്ടാകുക ഇനിപ്പറയുന്നവയാണ്:

- കേരളത്തിലെ ഉള്ളടക്ക ഉടമകളും ഗ്ലോബൽ ബയർമാരും തമ്മിലുള്ള ബിടുബി മീറ്റിംഗുകൾ
- പുതിയ എവിജിസി-എക്സ്ആർ ഐപികൾക്കുള്ള സൂപ്പർ പിച്ച്
- കേരള എവിജിസി-എക്സ്ആർ സേവനങ്ങളുടെ പ്രദർശനം
- സ്വകാര്യ ഇക്വിറ്റി/പ്രോജക്റ്റ് ഫണ്ടിംഗിനുള്ള ഇടപെടലുകളും പിച്ചിംഗും
- ലൈസൻസിംഗും കച്ചവടവും

സുരക്ഷിതവും സുതാര്യവുമായ ഇടപാടിനുള്ള അന്തരീക്ഷം സുഗമമാക്കുന്നതിന് ബ്ലോക്ക്ചെയിൻ അധിഷ്ഠിത മാർക്കറ്റ് പ്ലേസ് ആയി ഇതിനെ കൂടുതൽ വികസിപ്പിക്കുന്ന കാര്യം നയം പരിഗണിക്കും.

## 5. വിപണി പ്രവേശനവും വികസനവും

### a) കമ്പനികൾക്കുള്ള പിന്തുണ

ദേശീയ, ആഗോള വിപണികളിൽ തങ്ങളുടെ സാന്നിധ്യം വികസിപ്പിക്കുന്നതിന് കേരളത്തിൽ രജിസ്റ്റർ ചെയ്ത എവിജിസി-എക്സ്ആർ കമ്പനികളെ കേരള സർക്കാർ പിന്തുണയ്ക്കും.

#### i) അന്താരാഷ്ട്ര പ്രചാരണങ്ങൾ

- എവിജിസി-എക്സ്ആർ കമ്പനികൾ, അസോസിയേഷനുകൾ, എസ്എംഇ-കൾ എന്നിവയ്ക്ക് മികച്ച ആഗോള എവിജിസി-എക്സ്ആർ ഇവന്റുകൾ, എക്സിബിഷനുകൾ, കോൺഫറൻസുകൾ, ഉത്സവങ്ങൾ എന്നിവയിൽ പങ്കെടുക്കാൻ ഈ നയം പിന്തുണ നൽകും.
- വിവിധ ആഗോള ഇവന്റുകളിൽ കേരളം ആസ്ഥാനമായുള്ള കമ്പനികളെ പങ്കെടുപ്പിക്കുന്നതിന് കേരള സർക്കാർ കേന്ദ്രഗവൺമെന്റുമായി സഹകരിക്കും, അതിന്റെ ഒരു ഉപവിഭാഗം ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു

1. കിഡ്സ് സ്ക്രീൻ
2. മിപ്കോം (MIPCOM)
3. ഒട്ടാവ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ
4. ഏഷ്യാ ടിവി ഫോറവും മാർക്കറ്റ് സിംഗപ്പൂരും
5. ഗെയിം ഡവലപ്പേഴ്സ് കോൺഫറൻസ്
6. കോമിക് കോൺ



#### ii) ദേശീയ പ്രചാരണങ്ങൾ

എവിജിസി-എക്സ്ആർ കമ്പനികൾ, അസോസിയേഷനുകൾ, എസ്എംഇ-കൾ എന്നിവയ്ക്ക് മികച്ച ദേശീയ എവിജിസി-എക്സ്ആർ ഇവന്റുകൾ, എക്സിബിഷനുകൾ, കോൺഫറൻസുകൾ, ഫെസ്റ്റിവലുകൾ എന്നിവയിൽ പങ്കെടുക്കുന്നതിന് ഈ നയം പിന്തുണ വാഗ്ദാനം ചെയ്യും.

1. ഫിക്കി ഫ്രെയിംസ്
2. ഇന്ത്യ ജോയ്, ഹൈദരാബാദ്
3. GAFX ബാംഗ്ലൂർ
4. ഗ്ലോബൽ സ്കിൽസ് അവാർഡുകൾ
5. ഇൻഡ്യ ഗെയിം ഡവലപ്പേഴ്സ് കോൺഫറൻസ്
6. കോമിക് കോൺ, ഇൻഡ്യ

#### iii) സ്വതന്ത്ര പങ്കാളിത്തം

കേരള സർക്കാർ പങ്കെടുക്കാത്ത ട്രേഡ് ഷോകളിലോ എക്സ്പോകളിലോ ഒരു കമ്പനി പങ്കെടുക്കുന്ന സാഹചര്യത്തിൽ, ഇവന്റിൽ പങ്കെടുക്കുന്നതിനുള്ള ചെലവിന്റെ 30% വരെ റീഇംബേഴ്സ്മെന്റ്, ഒരു കമ്പനിക്ക് ഒരു വർഷം 10 ലക്ഷം രൂപ എന്ന പരിധിയിൽ; കാലാകാലങ്ങളിൽ തയ്യാറാക്കിയേക്കാവുന്ന യോഗ്യതാ മാനദണ്ഡങ്ങൾക്ക് വിധേയമായി, ഒരു വർഷം ഒരു കമ്പനിക്ക് ഒരു അനുമതി എന്ന പരിധിയിൽ ലഭിക്കും.

### b) ബ്രാൻഡ് കേരളയെ പ്രോത്സാഹിപ്പിക്കുന്നു

എവിജിസി-എക്സ്ആറിന്റെ ഒരു തെരഞ്ഞെടുക്കപ്പെട്ട ലക്ഷ്യസ്ഥാനമായി കേരളത്തെ സ്ഥാപിക്കുന്നതിന് സർക്കാർ വിവിധ ബ്രാൻഡ് പ്രൊമോഷനുകളും മാർക്കറ്റിംഗ് സംരംഭങ്ങളും നടത്തും.

- എവിജിസി-എക്സ്ആർ മേഖലയിൽ ഇവന്റുകൾ, കോൺഫറൻസുകൾ, മത്സരങ്ങൾ എന്നിവ കേരള സർക്കാർ സംഘടിപ്പിക്കും
- ടൂൺസ് മീഡിയ പ്രൈവറ്റ് ലിമിറ്റഡും എസ്എഐകെയും സംഘടിപ്പിക്കുന്ന ആനിമേഷൻ മാസ്റ്റേഴ്സ് ഉച്ചകോടിയെ കേരള സർക്കാർ പിന്തുണയ്ക്കും.
- എവിജിസി-എക്സ്ആർ അവാർഡുകളുടെ ഒരു കൂട്ടം സൃഷ്ടിക്കാൻ ഫിക്കി, വ്യവസായ പങ്കാളികൾ എന്നിവരുമായി ചേർന്ന് കേരള സർക്കാർ പ്രവർത്തിക്കും.



## 6. ഡിജിറ്റൽ ഐപി ഈടുവൽക്കരണത്തിനുള്ള പിന്തുണ

ഈടായി ഉപയോഗിച്ച് വായ്പകളോ കടമോ സുരക്ഷിതമാക്കാൻ സ്രഷ്ടാക്കളെ പ്രാപ്തരാക്കുന്ന മൂർത്തമായ ആസ്തിയായി എവിജിസി-എക്സ്ആർ ബൗദ്ധിക സ്വത്തവകാശത്തെ അംഗീകരിക്കാനുള്ള നടപടികൾ ഈ നയം നിർദ്ദേശിക്കുന്നു. നിയമാനുസൃത ഈടായി എവിജിസി-എക്സ്ആർ ഐപിയെ അംഗീകരിക്കാൻ ഇന്ത്യയിലെ, പ്രത്യേകിച്ച് കേരളത്തിലെ ബാങ്കുകളെ പ്രോത്സാഹിപ്പിക്കും. അത്തരം ഐപികളുടെ മൂല്യനിർണ്ണയ പ്രക്രിയയിൽ ഉടമസ്ഥാവകാശം പരിശോധിക്കൽ, മുൻകാല വരുമാനം വിലയിരുത്തൽ, സ്ഥിരീകരിച്ച കരാറുകളിലൂടെ ഭാവിയിലെ വരുമാന സാധ്യതകൾ വിലയിരുത്തൽ, ഐപിയുടെ മൂല്യം സ്ഥാപിക്കുന്നതിനുള്ള സ്വതന്ത്രമായ ജാഗ്രത എന്നിവ ഉൾപ്പെടുന്നു. സിഡ്ബി (SIDBI) സ്വതന്ത്ര മൂല്യനിർണ്ണയം നടത്തുകയും ഉള്ളടക്ക ഐപിയെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് നൽകുകയും ചെയ്യും. എവിജിസി-എക്സ്ആർ വ്യവസായത്തിലെ ഉള്ളടക്ക സ്രഷ്ടാക്കൾക്ക് മികച്ച സാമ്പത്തിക സഹായം ലഭ്യമാക്കാൻ ഈ സംരംഭം ലക്ഷ്യമിടുന്നു.

## 7. കെഎസ്എഫ്ഡിസി ഗ്രാന്റുകൾ

കെഎസ്എഫ്ഡിസി ഓരോ വർഷവും വനിതാ സംവിധായകരുടെ രണ്ട് സിനിമകളും എസ്സി/എസ്ടി വിഭാഗത്തിൽപ്പെട്ട സംവിധായകരുടെ രണ്ട് സിനിമകളും നിർമ്മിക്കുന്നു. ഇതിന്റെ പ്രയോജനം യോഗ്യരായ എവിജിസി-എക്സ്ആർ കമ്പനികൾക്ക് ഉപയോഗിക്കാവുന്നതാണ്.

# സ്റ്റാർട്ടപ്പുകളും സംരംഭകത്വവും

എവിജിസി-എക്സ്ആർ വ്യവസായം സ്റ്റാർട്ടപ്പ് ബിസിനസുകൾക്ക് നിരവധി നേട്ടങ്ങൾ വാഗ്ദാനം ചെയ്യുന്നത് ബിസിനസ്സ് സംരംഭങ്ങളെ ആകർഷകമാക്കുന്നു. കേരള ടെക്നോളജി സ്റ്റാർട്ട്-അപ്പ് നയം 2017, സംസ്ഥാനത്തെ എല്ലാ മേഖലകളിലും സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പുകളിൽ ഒരു സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള വിശാലമായ ചട്ടക്കൂട് വിശദീകരിക്കുന്നു. നയത്തിന് അനുസൃതമായി, എവിജിസി-എക്സ്ആർ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) പിന്തുണ നൽകും. കെഎസ്‌യുഎം ചെയ്യുന്നത്:

- അടിസ്ഥാന സൗകര്യങ്ങൾ നൽകിക്കൊണ്ട്, ഇന്നൊവേഷനെ പിന്തുണച്ചും, സാങ്കേതികവിദ്യയിലേക്കു പ്രവേശനം പ്രാപ്തമാക്കിയും, വിപണി പ്രവേശനത്തിനു വഴികാട്ടിയും, സാമ്പത്തിക സഹായം നൽകുന്നതിലൂടെയും ശക്തമായ എവിജിസി-എക്സ്ആർ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ സ്ഥാപിക്കാൻ ശ്രമിക്കുക.
- വിദ്യാർത്ഥികൾ, സ്ത്രീകൾ, പ്രൊഫഷണലുകൾ, ഗവേഷകർ, ഫാക്കൽറ്റികൾ, പണ്ഡിതർ, മറ്റ് ഉൾപ്പെട്ടത്തേണ്ട വിഭാഗങ്ങൾ എന്നിവരെ ഈ മേഖലയിൽ അവരുടെ സംരംഭങ്ങൾ ആരംഭിക്കാൻ പ്രോത്സാഹിപ്പിക്കുക.
- എക്സ്ആർ സ്റ്റാർട്ടപ്പ് പ്രോഗ്രാം, പങ്കാളിത്തം, സഹകരണങ്ങൾ, സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ, മെന്റർഷിപ്പുകൾ, മറ്റ് ഇൻകുബേറ്ററുകളിലേക്കും ആക്സിലറേറ്ററുകളിലേക്കും പ്രവേശനം, തന്ത്രപരമായ നിക്ഷേപത്തിനുള്ള അവസരങ്ങൾ, ഐപി ഫെസിലിറ്റേഷൻ പിന്തുണ മുതലായവ പോലുള്ള പ്രത്യേക പ്രോഗ്രാമുകൾ നടപ്പിലാക്കുക.
- ഫ്യൂച്ചർ ടെക്നോളജീസ് ലാബുകൾ, ഫാബ്‌ലാബ് എന്നിവയിലൂടെ പ്രോട്ടോടൈപ്പിംഗിനുള്ള പിന്തുണ വിപുലീകരിക്കുക.
- ജിപിയു, സിമുലേഷൻ, ഡെവലപ്മെന്റ് ടൂളുകൾ, ടെക്നോളജി പ്ലാറ്റ്‌ഫോമുകൾ, സാൻഡ്ബോക്സിംഗ് മുതലായ സേവനങ്ങൾ നൽകുന്ന എവിജിസി-എക്സ്ആർ സ്റ്റാർട്ടപ്പുകൾക്കുള്ള പിന്തുണയുടെ ഒരു പ്രധാന കേന്ദ്രമായി ഫ്യൂച്ചർ ടെക്നോളജീസ് ലാബിനെ മാറ്റാൻ ലക്ഷ്യമിടുക.
- കെഎസ്‌യുഎം ലീപ് കേന്ദ്രങ്ങൾ (കോ-വർക്കിംഗ് സ്പെയ്സുകൾ), ആർ & ഡി സെന്ററുകൾ എന്നിവ വഴി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സ്റ്റാർട്ടപ്പുകളെ ഇടപെടീക്കുക.
- എഫ്ഡിഐകൾ, നികുതി ആനുകൂല്യങ്ങൾ, ഗവേഷണത്തിനും വികസനത്തിനുമായി ലാബുകൾ സ്ഥാപിക്കുന്നതിനുള്ള മറ്റ് സ്ഥാപന പിന്തുണ തുടങ്ങിയ സംവിധാനങ്ങളിലൂടെ ഈ ഇൻകുബേറ്ററുകൾക്കും ആക്സിലറേറ്ററുകൾക്കും പ്രോത്സാഹനം നൽകാനുള്ള ഇന്ത്യാ ഗവൺമെന്റിന്റെ ശ്രമത്തെ ശക്തിപ്പെടുത്താൻ ശ്രമിക്കുക.
- ദേശീയ അന്തർദേശീയ യോഗ്യതയുള്ള വിപണികൾ, ഡൊമെയ്ൻ വിദഗ്ധർ, കോർപ്പറേറ്റുകൾ, തന്ത്രപ്രധാന നിക്ഷേപകർ, സർവ്വകലാശാലകൾ തുടങ്ങിയവയിലേക്കുള്ള പ്രവേശനം പ്രാപ്തമാക്കുക.
- ഗ്രാന്റുകൾ, സീഡ് വായ്പകൾ, ഇക്വിറ്റി, ഇക്വിറ്റി പോലുള്ള ഫണ്ടിംഗ് മുതലായ നിലവിലുള്ള സാമ്പത്തിക സഹായങ്ങൾ (കേരള സ്റ്റാർട്ടപ്പ് പോളിസി പ്രകാരം) എവിജിസി-എക്സ്ആർ സ്റ്റാർട്ടപ്പുകളിലേക്ക് നീട്ടുക.
- ഒരു എവിജിസി-എക്സ്ആർ വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് സൃഷ്ടിക്കാൻ ശ്രമിക്കുക.
- കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കേരളത്തിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളിലെ നിക്ഷേപത്തിനായി 50 കോടി രൂപ അനുവദിക്കുക.
- എക്സ്ആർ സ്റ്റാർട്ടപ്പ് പ്രോഗ്രാമുകൾ പോലെയുള്ള പ്രത്യേക പ്രോഗ്രാമുകൾ ഓഫർ ചെയ്യുക.
- വിനോദസഞ്ചാരം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, പുനരധിവാസം, ഹാർഡ്‌വെയർ നിർമ്മാണം തുടങ്ങിയ മേഖലകളിൽ എവിജിസി-എക്സ്ആർ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുക.



### കാറ്റലിസ്റ്റ് ഫണ്ട് സജ്ജീകരിക്കൽ

എവിജിസി-എക്സ്ആർ ആവാസവ്യവസ്ഥ പ്രോത്സാഹിപ്പിക്കുന്നതിന്, അഞ്ചു വർഷത്തേക്ക് 200 കോടിയുടെ എവിജിസി-എക്സ്ആർ കാറ്റലിസ്റ്റ് ഫണ്ട് സജ്ജീകരിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യാ ഗവൺമെന്റ്, കേരള ഗവൺമെന്റ്, ബാങ്കുകൾ, പിഇ ഫണ്ടുകൾ, എച്ച്എൻഐകൾ മുതലായവ ഫണ്ടിന്റെ പങ്കാളികളായിരിക്കും. ഫണ്ടിന്റെ 30 ശതമാനം സീഡ് ഫണ്ടായും 70 ശതമാനം സ്കെയിൽ-അപ്പ് ഫണ്ടായും ഉപയോഗിക്കും.

### നഷ്ടപരിഹാരത്തിന്റെയും ആനുകൂല്യങ്ങളുടെയും തിരിച്ചടവ്

സ്റ്റാർട്ടപ്പുകൾക്ക്, ആദ്യ വർഷത്തേക്ക്, ശമ്പളത്തിന്റെ റീഇംബേഴ്സ്മെന്റോ, ആകെ വാർഷിക പേ-ഔട്ടിന്റെ 25% വരെ സ്റ്റൈപ്പന്റോ, അല്ലെങ്കിൽ ഒരാൾക്ക് 60,000 രൂപയോ, ഏതാണോ കുറവ്,  കുറഞ്ഞ വാർഷിക പേ-ഔട് 2,40,000 രൂപയെന്നതിന് വിധേയമായി ഒരു കമ്പനിക്ക് ഒരു വർഷം 10 നിയമനങ്ങൾക്കുവരെ ലഭിക്കും. കൂടാതെ, സ്റ്റാർട്ടപ്പുകൾക്ക് പ്രൊവിഡന്റ് ഫണ്ട് (പിഎഫ്)/എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസിൽ (ഇഎസ്ഐ) ഒരു ജീവനക്കാരന് പ്രതിമാസം 2,000 രൂപ വീതം ഒരു വർഷത്തേക്ക് റീഇംബേഴ്സ്മെന്റ് ലഭിക്കും. തൊഴിലുടമയുടെ സംഭാവന 2,000 രൂപയിൽ കുറവാണെങ്കിൽ, തൊഴിലുടമ നൽകുന്ന ശരിക്കുള്ള തുക തിരികെനൽകും.

# മറ്റ് ഫെസിലിറ്റേഷൻ സംരംഭങ്ങൾ

### 1. എവിജിസി-എക്സ്ആർ ജംപ്സ്റ്റാർട്ട് ഫെസിലിറ്റേഷൻ സെന്ററുകൾ

എവിജിസി-എക്സ്ആർ കമ്പനികൾക്ക് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും കേരളത്തിൽ ഒരു ബിസിനസ്സ് സ്ഥാപിക്കുന്നതിന് സഹായിക്കുന്നതിനും, ഇനിപ്പറയുന്ന സേവനങ്ങൾ നൽകാൻ ഫെസിലിറ്റേഷൻ സെന്ററുകൾ നിർദ്ദേശിക്കുന്നു:

- വിവിധ നയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനുമായി ഒരു സമർപ്പിത എവിജിസി-എക്സ്ആർ സെൽ രൂപീകരിക്കും.
- സ്റ്റാർട്ടപ്പ് ഇൻഫ്രാസ്ട്രക്ചറിന്റെ കാര്യത്തിൽ ആറ് മാസത്തേക്ക് കേരള എവിജിസി-എക്സ്ആർ കമ്പനികൾക്ക് സഹായം നൽകും.
- കേരളത്തിൽ തങ്ങളുടെ ബിസിനസ്സ് ആരംഭിക്കുന്നതിന് കമ്പനികൾക്ക് കമ്പനികളുടെ രജിസ്ട്രേഷൻ, ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ ക്രെഡിറ്റുകൾ, പേയ്മെന്റ് ഗേറ്റ്‌വേകൾ, സമാനമായ മൂല്യവർധിത സേവനങ്ങൾ എന്നിവ ഉൾപ്പെടെ ഒരു ടൂൾകിറ്റ് നൽകും.

കെഎസ്‌യുഎം ഇതിന് പിന്തുണ നൽകും.

### 2. എവിജിസി-എക്സ്ആറിലെ നിക്ഷേപം സുഗമമാക്കുന്നു

- ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിനും ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും, വിവിധ നയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനുമായി ഒരു സമർപ്പിത എവിജിസി-എക്സ്ആർ സെൽ സ്ഥാപിക്കും.
- കൂടാതെ, നയത്തിന്റെ കാലാവധിക്കുള്ളിൽ, സംസ്ഥാനത്തെ എല്ലാ എവിജിസി-എക്സ്ആർ കമ്പനികൾക്കും ഇൻസെന്റീവ്/സബ്സിഡി/ഗ്രാന്റ് അപേക്ഷകൾക്കായി ഒരൊറ്റ പോയിന്റായി പ്രവർത്തിക്കാൻ ഒരു പോർട്ടൽ കമ്മീഷൻ ചെയ്യും. നിർവചിക്കപ്പെട്ട സമയപരിധിക്കുള്ളിൽ രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനും അപേക്ഷാ പ്രക്രിയ ട്രാക്കുചെയ്യുന്നതിനുമുള്ള വ്യവസ്ഥകൾ ഇതിൽ ഉണ്ടായിരിക്കും.
- നിക്ഷേപം ആകർഷിക്കുന്നതിനും ബിസിനസ് വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി, വ്യാപാര മേളകളിലും എക്സ്പോകളിലും കേരളം പങ്കെടുക്കുകയും തെരഞ്ഞെടുത്ത പ്രദേശങ്ങളിലേക്ക്/രാജ്യങ്ങളിലേക്ക് പ്രതിനിധികളെ അയയ്ക്കുകയും ചെയ്യും.

# വൈവിധ്യവും ഉൾപ്പെടുത്തലും

എവിജിസി-എക്സ്ആർ വ്യവസായത്തിൽ വൈവിധ്യവും ഉൾപ്പെടുത്തലും പ്രോത്സാഹിപ്പിക്കുന്നതിന്, ഇനിപ്പറയുന്ന പ്രോത്സാഹനങ്ങൾ നിർദ്ദേശിക്കപ്പെടുന്നു:

### SC/ST സംരംഭകർ

SC/ST സംരംഭകർക്ക് 50% നമേൽ ഓഹരി പങ്കാളിത്തമുള്ള എവിജിസി-എക്സ്ആർ കമ്പനി/യൂണിറ്റ്.

### വനിതാ സംരംഭകർ

വനിതാ സംരംഭകർക്ക് 50% നമേൽ ഓഹരി പങ്കാളിത്തമുള്ള എവിജിസി-എക്സ്ആർ കമ്പനി/യൂണിറ്റ്.

### എസ്‌സി/എസ്ടി, വനിതാ സംരംഭകർക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ

- മൂലധന നിക്ഷേപ സബ്‌സിഡി
- ആനിമേഷൻ തിയേറ്ററിൽ റിലീസ് ചെയ്യ സിനിമയുടെ നിർമ്മാണച്ചെലവിന്റെ റീഇംബേഴ്‌സ്മെന്റ്
- ആനിമേഷൻ സീരീസിനുള്ള ഉൽപ്പാദനച്ചെലവിന്റെ റീഇംബേഴ്‌സ്മെന്റ്
- ഗെയിം ഉൽപ്പാദനച്ചെലവിന്റെ റീഇംബേഴ്‌സ്മെന്റ്
- പാട്ട വാടകയ്ക്ക് സബ്‌സിഡി
- ഡ്യൂട്ടികളുടെ റീഇംബേഴ്‌സ്മെന്റ്
- ലെവികളുടെ റീഇംബേഴ്‌സ്മെന്റ്
- റിക്രൂട്ട്മെന്റ് സഹായം
- ഗുണനിലവാര സർട്ടിഫിക്കേഷൻ ചെലവ്
- എക്സിബിഷൻ വാടക
- ഇന്റർനെറ്റ് നിരക്കുകൾ



### ഭിന്നശേഷിക്കാരെ നിയമിക്കൽ

ഭിന്നശേഷിക്കാരെ നിയമിക്കുന്ന കമ്പനികൾക്ക്, ആദ്യ വർഷത്തേക്ക് ശമ്പളത്തിന്റെ റീഇംബേഴ്‌സ്മെന്റോ, ആകെ വാർഷിക പേ-ഔട്ടിന്റെ 50% വരെ സ്റ്റൈപ്പന്റോ, അല്ലെങ്കിൽ ഒരാൾക്ക് 1,20,000 രൂപയോ, ഏതാണോ കുറവ്, കുറഞ്ഞ വാർഷിക പേ-ഔട്ട് 2,40,000 രൂപയെന്നതിന് വിധേയമായി ഒരു കമ്പനിക്ക് ഒരു വർഷം 2 നിയമനങ്ങൾക്കുവരെ ലഭിക്കും. കൂടാതെ, ഭിന്നശേഷിക്കാരെ നിയമിക്കുന്ന കമ്പനികൾക്ക് പ്രൊവിഡന്റ് ഫണ്ട് (പിഎഫ്)/ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസിൽ (ഇഎസ്ഐ) ഒരു ജീവനക്കാരന് പ്രതിമാസം 2,000 രൂപ വീതം ഒരു വർഷത്തേക്ക് റീഇംബേഴ്‌സ്മെന്റ് ലഭിക്കും. തൊഴിലുടമയുടെ സംഭാവന 2,000 രൂപയിൽ കുറവാണെങ്കിൽ, തൊഴിലുടമ നൽകുന്ന ശരിക്കുള്ള തുക തിരികെനൽകും.

### മറ്റ് ഇടപെടലുകൾ

കേരളത്തിലെ എവിജിസി-എക്സ്ആർ വ്യവസായത്തിന്റെ വളർച്ചയുടെയും നൂതനത്വത്തിന്റെയും കേന്ദ്രബിന്ദുവാണ് എല്ലാവരേയും ഉൾക്കൊള്ളലും ലിംഗ വൈവിധ്യവും. എല്ലാ കമ്മ്യൂണിറ്റികളെയും ശാക്തീകരിക്കുന്നതിനുള്ള തന്ത്രങ്ങൾ സംസ്ഥാനം സ്വീകരിക്കുകയും എല്ലാവരേയും ഉൾക്കൊള്ളുന്നതും തുല്യഅവസരങ്ങളുള്ളതുമായ ഒരു ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

1. **പ്രത്യേക നൈപുണ്യ പരിപാടികൾ:** വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നുള്ള സ്ത്രീകളും വ്യക്തികളും ഉൾപ്പെടെ, പ്രാതിനിധ്യമില്ലാത്ത ഗ്രൂപ്പുകളെ ലക്ഷ്യമിട്ടുള്ള പ്രത്യേക നൈപുണ്യപരിശീലന പരിപാടികൾ നടപ്പിലാക്കുക. ഈ പ്രോഗ്രാമുകൾ എവിജിസി-എക്സ്ആർ മേഖലകളിൽ ലക്ഷ്യംവച്ച് പരിശീലനം നൽകണം, ടാലന്റ് പൈപ്പ്‌ലൈനുകൾ കൂടുതൽ ഉൾക്കൊള്ളുന്നവെന്ന് ഉറപ്പാക്കണം.
2. **ബാക്ക്-ടു-വർക്ക് സംരംഭങ്ങൾ:** കരിയർ ബ്രേക്കുകൾ എടുത്ത വ്യക്തികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്യ ബാക്ക്-ടു-വർക്ക് പ്രോഗ്രാമുകൾ അവതരിപ്പിക്കുക. എവിജിസി-എക്സ്ആർ വർക്ക്ഫോഴ്‌സിലേക്ക് തിരികെ പ്രവേശിക്കുന്ന സ്ത്രീകളെ സ്‌കിൽ റിഫ്രഷറുകൾ, മെന്റർഷിപ്പ്, ഫ്ലെക്‌സിബിൾ വർക്ക് ക്രമീകരണങ്ങൾ എന്നിവ വാഗ്ദാനം ചെയ്യുകൊണ്ട് ഈ സംരംഭങ്ങൾ പിന്തുണയ്ക്കും.
3. **മെന്റർഷിപ്പ് പ്രോഗ്രാമുകൾ:** പരിചയസമ്പന്നരായ പ്രൊഫഷണലുകളെ പുതുമുഖങ്ങളുമായി യോജിപ്പിക്കാൻ എവിജിസി-എക്സ്ആർ കമ്പനികൾക്കുള്ളിൽ മെന്റർഷിപ്പ് പ്രോഗ്രാമുകൾ സൃഷ്ടിക്കുക. ഈ മെന്റർഷിപ്പ് ബന്ധങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും തൊഴിൽ വികസന അവസരങ്ങളും നൽകാൻ കഴിയും.
4. **ഉൾക്കൊള്ളുന്ന ഉള്ളടക്ക സൃഷ്ടി:** വൈവിധ്യമാർന്ന വീക്ഷണങ്ങളെയും കഥകളെയും പ്രതിഫലിപ്പിക്കുന്ന എവിജിസി-എക്സ്ആർ ഉള്ളടക്കം സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുക. ഇൻക്ലൂസീവ് ആഖ്യാനങ്ങൾക്കും കഥാപാത്രങ്ങൾക്കും മുൻഗണന നൽകുന്ന പ്രോജക്റ്റുകൾക്ക് ഗ്രാന്റുകളോ ഫണ്ടിംഗോ നൽകുക, ഇത് വ്യവസായത്തിലും സമൂഹത്തിലും നല്ല മാറ്റങ്ങൾ വരുത്താൻ സഹായിക്കും.

# സുസ്ഥിരത

നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച്, ഹരിതഗൃഹവാതകങ്ങളുടെ നിർഗമനം കുറയ്ക്കുന്നതിനായി എവിജിസി-എക്‌സ്ആർ മേഖലയിൽ പുനരുപയോഗിക്കാവുന്ന ഊർജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി കേരളം വികസിപ്പിക്കും. അതേസമയത്ത് നിലനിൽക്കുന്ന വ്യവസായ നയത്തെ ഇത് മാതൃകയാകും.

# പങ്കാളിത്ത ചട്ടക്കൂട്

### സർക്കാർ പങ്കാളികൾ

- **ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റ്:** പ്രാഥമിക നയനിർമ്മാതാവ്, ഫണ്ടിംഗ്, ഇൻഫ്രാസ്ട്രക്ചർ പിന്തുണ, നിയന്ത്രണം.
- **വ്യവസായ വകുപ്പ്:** അടിസ്ഥാനസൗകര്യ പിന്തുണ നൽകുന്നു, വ്യവസായ നയത്തിന്റെ നേട്ടങ്ങൾ എവിജിസി-എക്സ്ആർ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നു, അനുബന്ധ വ്യവസായങ്ങളുടെ വളർച്ചയ്ക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നു.
- **പൊതുവിദ്യാഭ്യാസ വകുപ്പ്:** എവിജിസി-എക്സ്ആർ-അനുബന്ധ കോഴ്സുകളും പ്രോഗ്രാമുകളും സ്കൂൾ പാഠ്യപദ്ധതിയിൽ സംയോജിപ്പിക്കുന്നു.
- **ഉന്നത വിദ്യാഭ്യാസ വകുപ്പ്:** എവിജിസി-എക്സ്ആർ-അനുബന്ധ കോഴ്സുകളും പ്രോഗ്രാമുകളും കോളേജ് പാഠ്യപദ്ധതിയിൽ സംയോജിപ്പിക്കുന്നു.
- **സാംസ്കാരിക വകുപ്പ്:** സംസ്കാരം, സിനിമ മുതലായവയിലെ എവിജിസി-എക്സ്ആർ-മായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളെയും പിന്തുണയ്ക്കുന്നു.
- **തദ്ദേശ സ്വയംഭരണ വകുപ്പ്:** എവിജിസി-എക്‌സ്ആർ സംരംഭങ്ങളുടെ പ്രാദേശികതല സംയോജനവും നടപ്പാക്കലും, കമ്മ്യൂണിറ്റി ഇടപെടലും വികസനവും പ്രോത്സാഹിപ്പിക്കുന്നു.
- **പട്ടികജാതി/പട്ടികവർഗ (എസ്‌സി/എസ്ടി) വികസന വകുപ്പ്:** എസ്‌സി, എസ്ടി വിഭാഗങ്ങളിൽ നിന്നുള്ള വ്യക്തികൾക്ക് അവസരങ്ങളും ആനുകൂല്യങ്ങളും ലഭ്യമാണെന്ന് ഉറപ്പാക്കിക്കൊണ്ട് എവിജിസി-എക്‌സ്ആർ മേഖലയ്ക്കുള്ളിൽ ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നു.

- **കേരള സംസ്ഥാന ആസൂത്രണ ബോർഡ്:** തന്ത്രപരമായ നയങ്ങളും ചട്ടക്കൂടുകളും രൂപപ്പെടുത്തുകയും സംസ്ഥാനത്തെ എവിജിസി-എക്സ്ആർ മേഖലകളുടെ ചിട്ടയായ വളർച്ചയ്ക്കും സംയോജനത്തിനും ഒരു റോഡ്മാപ്പ് നൽകുകയും ചെയ്യുന്നു.
- **കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB):** എവിജിസി-എക്സ്ആർ വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ശക്തമായ വികസനം ഉറപ്പാക്കിക്കൊണ്ട് സാമ്പത്തിക പിന്തുണയും നിക്ഷേപവും നടത്തുന്നു.
- **കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്):** എവിസിജി- എക്സ്ആർ മേഖലയുടെ വികസനത്തിന് പ്രേരിപ്പിക്കുന്ന ഇന്നൊവേഷനുകളെ പ്രോൽസാഹിപ്പിക്കുകയും തന്ത്രപരമായ മാർഗനിർദേശവും പിന്തുണയും നൽകുകയും ചെയ്യുന്നു.
- **കേരള സ്റ്റാർട്ട്-അപ്പ് മിഷൻ (കെഎസ്യുഎം):** എവിജിസി-എക്സ്ആർ മേഖലയിലെ നൂതന സംരംഭങ്ങളെ പിന്തുണയ്ക്കുകയും അവയുടെ വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുന്ന, അഭിവൃദ്ധി പ്രാപിക്കുന്ന ഒരു സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ വളർത്തിയെടുക്കുന്നു.
- **സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്):** സിഐഇ യുടെ ക്രമീകരണത്തിൽ നോഡൽ ഏജൻസിയായി പ്രവർത്തിക്കുകയും ഗവേഷണത്തിനും സാങ്കേതിക വികസനത്തിനും തുടക്കമിടുകയും ചെയ്യുന്നു.
- **കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്എഫ്ഡിസി):** ചലച്ചിത്രനിർമ്മാണത്തിലെ വെർച്വൽ റിയാലിറ്റി അനുഭവങ്ങൾ പോലെയുള്ള എവിജിസി-എക്സ്ആർ-ന്റെ ഘടകങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു.
- **കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള പ്രസക്തമായ വകുപ്പുകൾ:** കേരളത്തിന്റെ എവിജിസി-എക്സ്ആർ നയം വിജയകരമായി നടപ്പിലാക്കുന്നതിന് അനുകൂലമായ അന്തരീക്ഷം പരിപോഷിപ്പിച്ചുകൊണ്ട് ദേശീയ നയങ്ങളുമായി തടസ്സമില്ലാത്ത ഏകോപനവും വിന്യാസവും ഉറപ്പാക്കുന്നു.

## വ്യവസായ സംഘടനകൾ

- **മീഡിയ & എന്റർടൈൻമെന്റ് സ്കിൽസ് കൗൺസിൽ (എംഇഎസ്സി):** നൈപുണ്യ വികസന സംരംഭങ്ങൾക്ക് നേതൃത്വം നൽകുകയും ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ട മാനദണ്ഡങ്ങളും സർട്ടിഫിക്കേഷനുകളും വഴി എവിജിസി-എക്സ്ആർ മേഖലയിൽ യോഗ്യരായ തൊഴിലാളികളെ ഉറപ്പാക്കുകയും ചെയ്യുന്നു.
- **ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി):** വ്യവസായ സഹകരണവും മാർഗനിർദ്ദേശവും സുഗമമാക്കുകയും എവിജിസി-എക്സ്ആർ ബിസിനസുകൾക്ക് പ്രാപ്തമാക്കുന്ന അന്തരീക്ഷം പരിപോഷിപ്പിക്കുകയും ദേശീയ തലത്തിൽ വളർച്ച പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.
- **സൊസൈറ്റി ഓഫ് എവിജിസി ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (സൈക്):** എവിജിസി-എക്സ്ആർ കമ്പനികളുടെ ഒരു സഹകരണ പ്ലാറ്റ്ഫോമായി പ്രവർത്തിക്കുകയും വിജ്ഞാന കൈമാറ്റം, വിഭവങ്ങൾ പങ്കിടൽ, ഈ മേഖലയെ ഉയർത്താനുള്ള കൂട്ടായ ശ്രമങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

## വ്യവസായ മേഖലയിലെ പങ്കാളികൾ

- **എവിജിസി-എക്സ്ആർ കമ്പനികൾ:** പോളിസിയുടെ നേരിട്ടുള്ള ഗുണഭോക്താക്കൾ, തൊഴിൽ നൽകലിനു നേതൃത്വം നൽകുകയും ഇന്നൊവേഷനുകളെ നയിക്കുകയും ചെയ്യുന്നു.
- **സ്റ്റാർട്ടപ്പുകളും സംരംഭകരും:** എവിജിസി-എക്സ്ആർ സ്പെയ്സിലെ ഇന്നൊവേറ്റർമാരും ഏറെ സാധ്യതകളുള്ളവരും.
- **വ്യവസായ അസോസിയേഷനുകൾ:** വ്യവസായ ആവശ്യങ്ങൾക്കും സഹകരണത്തിനും വേണ്ടിയുള്ള കൂട്ടായ ശബ്ദമായി പ്രവർത്തിക്കുക.
- നിക്ഷേപകരും ധനകാര്യ സ്ഥാപനങ്ങളും: വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ മൂലധനം നൽകുക.



## അക്കാദമിക്, പരിശീലന സ്ഥാപനങ്ങൾ

- **കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി (ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള):** സാമൂഹിക നന്മയ്ക്കായി ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ വികസനത്തിനും പ്രയോഗത്തിനും ഊന്നൽ നൽകുന്ന പാഠ്യ- സംരംഭക ആവാസവ്യവസ്ഥയുടെ അക്കാദമിക് ചിന്തകൾക്ക് നേതൃത്വം നൽകുന്നു.
- **എപിജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (കെടിയു):** അക്കാദമിക് പാഠ്യപദ്ധതികളിലേക്ക് അത്യാധുനിക സാങ്കേതികവിദ്യകളെ സംയോജിപ്പിക്കുന്നു. എവിജിസി-എക്സ്ആർ മേഖലയിൽ വിദഗ്ധരായ തൊഴിലാളികളെ വളർത്തിയെടുക്കുന്നു.
- **മറ്റ് സർവകലാശാലകളും കോളേജുകളും:** എവിജിസി-എക്സ്ആറിൽ ഡിഗ്രി പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്യുകയും ഗവേഷണം നടത്തുകയും ചെയ്യുക.
- **തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ:** എവിജിസി-എക്സ്ആർ സാങ്കേതികവിദ്യകളിൽ പ്രത്യേക വൈദഗ്ധ്യ പരിശീലനം നൽകുക.
- **ഗവേഷണ സ്ഥാപനങ്ങൾ:** ഈ മേഖലയിലെ ഗവേഷണ-വികസനങ്ങൾക്കും ഇന്നൊവേഷനും സംഭാവന ചെയ്യുക.
- **അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP):** നൈപുണ്യവർധന പ്രോഗ്രാമുകൾ, വിദ്യാഭ്യാസ പാഠ്യപദ്ധതിയെ വ്യവസായ ആവശ്യങ്ങളുമായി യോജിപ്പിക്കൽ, എവിജിസി-എക്സ്ആറിലെ തൊഴിൽസാധ്യത മെച്ചപ്പെടുത്തൽ.
- **കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെഎഎസ്ഇ):** നൈപുണ്യ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരളത്തിലെ എവിജിസി-എക്സ്ആർ വ്യസായങ്ങൾക്കു വേണ്ടി ഉയർന്ന പരിശീലനം ലഭിച്ചതും പൊരുത്തപ്പെടാൻ കഴിയുന്നതുമായ തൊഴിലാളികളെ ഉറപ്പാക്കുന്നു
- **ഐസിടി അക്കാദമി ഓഫ് കേരള (ഐസിടിഎകെ):** എവിജിസി-എക്സ്ആർ മേഖലയിൽ നൈപുണ്യ വികസനവും ശേഷി വികസനവും കെട്ടിപ്പടുക്കുക. യോഗ്യരായ തൊഴിലാളികളെ ഉറപ്പാക്കുക. വ്യവസായ-അക്കാദമിയ സഹകരണം പ്രോത്സാഹിപ്പിക്കുക.

## സാമൂഹിക, സാംസ്കാരിക പങ്കാളികൾ

- **ആർട്ടിസ്റ്റുകളും ഉള്ളടക്ക സ്രഷ്ടാക്കളും:** സർഗ്ഗാത്മകമായ ഉള്ളടക്കം നിർമ്മിക്കുകയും സാംസ്കാരിക സമന്വയം വർദ്ധിപ്പിക്കുകയും ചെയ്യാം.
- **സാംസ്കാരിക സംഘടനകൾ:** എവിജിസി-എക്സ്ആർ സാധ്യതകൾ വഴി പ്രാദേശിക സംസ്കാരം സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കുക.

## അന്താരാഷ്ട്ര, ദേശീയ പങ്കാളികൾ

- **വിദേശ എവിജിസി-എക്സ്ആർ സ്ഥാപനങ്ങൾ:** പ്രോജക്ടുകൾ, സാങ്കേതിക കൈമാറ്റം, വിപണി പ്രവേശനം എന്നിവയിൽ സഹകരിക്കുക.
- **ദേശീയ എവിജിസി-എക്സ്ആർ സ്ഥാപനങ്ങൾ:** വലിയ പദ്ധതികൾ, വിഭവ കൈമാറ്റം, വൈദഗ്ധ്യം കൈമാറ്റം എന്നിവയ്ക്കുള്ള പങ്കാളി.

# നിർവ്വഹണ ചട്ടക്കൂട്

- **പോളിസി ഇംപ്ലിമെന്റേഷൻ കമ്മിറ്റി:** പോളിസിയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ ഓരോ സ്റ്റേക്ക്ഹോൾഡർ ഗ്രൂപ്പിലെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സമർപ്പിത സമിതി.
- **ഉപദേശക സമിതി:** ട്രെൻഡുകൾ, വെല്ലുവിളികൾ, തന്ത്രപരമായ തീരുമാനങ്ങൾ എന്നിവയെക്കുറിച്ച് ഉപദേശിക്കാൻ വിദഗ്ധരും വ്യവസായ വിദഗ്ധരും.
- **വർക്കിംഗ് ഗ്രൂപ്പുകൾ:** അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം, അന്തർദേശീയ സഹകരണം തുടങ്ങി, നയം നടപ്പിലാക്കുന്നതിന്റെ പ്രത്യേക വശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നിർദ്ദിഷ്ട ദൗത്യ സംഘങ്ങൾ.
- **മോണിറ്ററിംഗ് ആൻഡ് ഇവാലുവേഷൻ യൂണിറ്റ്:** പുരോഗതി ട്രാക്കുചെയ്യുന്നതിനും ഫലം വിലയിരുത്തുന്നതിനും നയ ക്രമീകരണങ്ങൾ നിർദ്ദേശിക്കുന്നതിനും ഉത്തരവാദിത്തമുള്ള സംഘം.

## ആശയവിനിമയവും ഇടപഴകലും

- **റെഗുലർ സ്റ്റേക്ക്ഹോൾഡർ മീറ്റിംഗുകൾ:** സുതാര്യത ഉറപ്പുവരുത്തുന്നതിനും ഫീഡ്ബാക്ക് ശേഖരിക്കുന്നതിനും.
- **വാർഷിക എവിജിസി-എക്സ്ആർ ഉച്ചകോടി:** പുരോഗതി കാണിക്കുന്നതിനും വ്യവസായ പ്രവണതകൾ ചർച്ച ചെയ്യുന്നതിനും നെറ്റ്‌വർക്കുകൾ ശക്തിപ്പെടുത്തുന്നതിനും.
- **പൊതു കൺസൾട്ടേഷൻ പ്ലാറ്റ്ഫോമുകൾ:** കമ്മ്യൂണിറ്റി ഫീഡ്ബാക്ക് ഉൾപ്പെടുത്താനും പൊതു താൽപ്പര്യങ്ങൾ പരിഗണിക്കുന്നുവെന്ന് ഉറപ്പാക്കാനും.

## നിരീക്ഷണവും വിലയിരുത്തലും

കേരളത്തിലെ എവിജിസി-എക്സ്ആർ നയത്തിന്റെ ഫലപ്രാപ്തി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള രീതിശാസ്ത്രം ഈ വിഭാഗം വിശദമാക്കുന്നു.

## ഉദ്ദേശിച്ച ഫലങ്ങൾ

- **വർദ്ധിച്ച വ്യവസായ വളർച്ച:** എവിജിസി-എക്സ്ആർ മേഖലയിലെ വാർഷിക വരുമാന വർദ്ധനവ് കണക്കാക്കുന്നു
- **മെച്ചപ്പെടുത്തിയ നൈപുണ്യനിലകൾ:** ഈ മേഖലയിലെ പരിശീലനം ലഭിച്ച പ്രൊഫഷണലുകളുടെ എണ്ണം കണക്കാക്കൽ
- **അടിസ്ഥാന സൗകര്യ വികസനം:** പുതിയ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറിന്റെ അളവും ഉപയോഗവും അനുസരിച്ച് വിലയിരുത്തപ്പെടുന്നു.

## പ്രധാന പ്രകടന സൂചകങ്ങൾ (കെപിഐകൾ)

- വർഷംതോറും സ്ഥാപിതമായ പുതിയ എവിജിസി-എക്സ്ആർ സ്റ്റാർട്ടപ്പുകളുടെ എണ്ണം
- എവിജിസി-എക്സ്ആർ മേഖലയിലെ തൊഴിൽ കണക്കുകളിലെ വർദ്ധനവ്
- ഈ മേഖലയിൽ ഫയൽ ചെയ്ത പേറ്റന്റുകളുടെയും ഇന്നൊവേഷനുകളുടെയും എണ്ണം
- അന്താരാഷ്ട്ര സഹകരണത്തിന്റെയും പങ്കാളിത്ത രൂപീകരണത്തിന്റെയും അളവ്

## മൂല്യനിർണ്ണയ രീതി

- വ്യവസായ പങ്കാളികളിൽ നിന്നുള്ള വാർഷിക സർവേകളും വിവര ശേഖരണവും
- നയം നടപ്പാക്കൽ ടീമുകളുമായുള്ള ത്രൈമാസ അവലോകന യോഗങ്ങൾ
- ബാഹ്യ ഓഡിറ്റർമാർ ഉൾപ്പെടുന്ന ദ്വിവത്സര സമഗ്ര അവലോകനം

## എവിജിസി-എക്സ്ആർ സെക്ടറിനായി ഒരു സമർപ്പിത ഉദ്യോഗസ്ഥനെ നിയമിക്കൽ

എവിജിസി-എക്സ്ആർ മേഖലയുടെ വളർച്ചയെ നയിക്കാൻ, ഒരു സമർപ്പിത ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി സംസ്ഥാനം നിയമിക്കും. ഇലക്ട്രോണിക്സ് & ഐടി, സാംസ്കാരികകാര്യം, വ്യവസായം, വാണിജ്യം, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ധനകാര്യം, ടൂറിസം എന്നിവ ഉൾപ്പെടെ വിവിധ വകുപ്പുകളുമായും സംഘടനകളുമായും കേരള ഡവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്), സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (കെഎസ്എഫ്ഡിസി), സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്), കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) ഉൾപ്പെടെയുള്ള ഏജൻസികളുമായുമുള്ള ഏകോപനത്തിന് ഈ ഉദ്യോഗസ്ഥൻ മേൽനോട്ടം വഹിക്കും. കൂടാതെ, വ്യവസായ നേതൃത്വത്തിലുള്ള അപ്പെക്സ് ബോഡി - എവിജിസി-എക്സ്ആർ സ്റ്റേറ്റ് കൗൺസിൽ സ്ഥാപിക്കുന്നതിന് ഈ ഉദ്യോഗസ്ഥൻ സൗകര്യമൊരുക്കും.

വിവിധ ഇൻസെന്റീവുകൾക്ക് കീഴിൽ ഒരു കമ്പനിക്ക് തിരികെ നൽകുന്ന പരമാവധി തുക ഒരു വർഷത്തേക്ക് 1 കോടി രൂപയും പോളിസി കാലയളവിൽ 5 കോടി രൂപയും ആയിരിക്കും.

കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എവിജിസി-എക്സ്ആർ കമ്പനികൾക്ക് മാത്രമേ ഈ പോളിസിക്ക് കീഴിൽ ലഭ്യമായ സബ്സിഡികൾ/ഇൻസെന്റീവുകൾ/ഗ്രാന്റുകൾ എന്നിവയ്ക്ക് അപേക്ഷിക്കാൻ കഴിയൂ, 2 e) ഉള്ളടക്കം സൃഷ്ടിക്കലിനും ഐപി വികസനത്തിനും കീഴിലുള്ളത് ഒഴികെ. വിവിധ പദ്ധതികൾക്കുകീഴിൽ ആനുകൂല്യങ്ങൾ ആഗ്രഹിക്കുന്ന കമ്പനി/സ്ഥാപനം 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരിക്കണം. കമ്പനി അതിന്റെ മൊത്തം തൊഴിലാളികളുടെ 50 ശതമാനത്തെയെങ്കിലും കേരളത്തിൽ ജോലി ചെയ്യിക്കണം, അതിൽ കരാർ ജീവനക്കാർ ഉൾപ്പെടില്ല.


KERALAM